# മാനന്തവാടി രൂപതാ ബുള്ളറ്റിൻ

**"ദൈവത്തോട് ചേർന്നു നിൽക്കുവിൻ;
അവിടുന്ന് നിങ്ങളോടും
ചേർന്നു നിൽക്കും" (യാക്കോബ് ൪:൮)**

Printed, Published and Edited by
Fr. Thankachan *alias* Joseph Paruvummel, Published from Bishop's House
Mananthavady, P.B. No. 1, Wayanad 670645.
Owned by the Roman Catholic Diocese of Mananthavady.
Printed at St. Joseph's Offset Press, Mananthavady 670645.
Printed on 29th of every month.

**വാല്യം 01 സെപ്റ്റംബർ–2010 ലക്കം 06**

ഒറ്റപ്രതി 10 രൂപ വാർഷിക വരിസംഖ്യ 120 രൂപ

# ഉള്ളടക്കം

KCBC Pastoral Instructions for Priests and Religious........ 03
രൂപതാകച്ചേരി വാർത്തകൾ ................................... 06
COLLECTIONS FOR THE YEAR 2009 - 2010 .......................... 12
വൈദിക സമ്മേളനം റിപ്പോർട്ട് ............................... 13
Living Together Programme - Report ............................ 18
മതബോധനരംഗം ..................................................... 19
ബൈബിൾ അപ്പോസ്തലേറ്റ് ........................................ 22
ചെറുപുഷ്പമിഷൻലീഗ് ............................................. 24
കെ. സി. വൈ. എം. .................................................. 30
കുടുംബപ്രേഷിതത്വം ................................................ 37
സിയോൻ വാർത്തകൾ ................................................ 40
വിൻസെന്റ് ഡി പോൾ സൊസൈറ്റി ........................ 44
ജയിൽ മിനിസ്ട്രി ..................................................... 48
കെ.സി.ബി.സി. മദ്യവിരുദ്ധസമിതി ........................ 49
സാമൂഹ്യ സേവനരംഗം ............................................ 51
റേഡിയോ മാറ്റൊലി ................................................. 57
പി.ആർ.ഒ. ഓഫീസ് വാർത്തകൾ ............................. 60
മീഡിയാ കമ്മീഷൻ .................................................... 62
അറിയിപ്പുകൾ .......................................................... 64
പാസ്റ്ററൽ സെന്റർ, പ്രോഗ്രാം .................................... 66
ബിഷപ്സ് പ്രോഗ്രാം .................................................. 67

# KCBC Pastoral Instructions for Priests and Religious

In order to improve the diocesan pastoral ministry and the collaboration with the religious and diocesan priests, the Kerala Catholic Bishops' Council's (KCBC) and Kerala Catholic Major Superiors' (KCMS) joint meeting held at the Pastoral Orientation Centre, Kochi on 8th June 2010 decided to publish a joint pastoral instructions.

1. **Role and Duty of Religious and Priests:** Like the Apostles, religious and priests too have left everything behind in order to be with Christ and to put themselves, as he did, at the service of God and their brothers and sisters (*Vita Consecrata 1*). Church in Kerala is grateful to the remarkable service rendered by diocesan priests and the religious for mankind and society. Consecrated persons are asked to be true experts of communion and to practise the spirituality of communion (VC 46). Priests and religious are called to build up the communion within the local Church. Religious and diocesan priests should be jointly able to show the fatherly face of God and the motherly face of the Church to the faithful so that others can have life and hope. "Religious communities should continue to maintain and fulfill the ministries proper to them. In addition, after considering the needs of the Universal Church and individual dioceses, they should adapt themselves to the requirements of time and place, employing appropriate and even new programs abandoning those works which today are less relevant to the spirit and the authentic nature of the community" ( *Perfectae Caritatis 20*).
2. **Reconciliation Forum:** The KCBC - KCMS joint meeting

decided to constitute a state level Reconciliation Forum to settle disputes between bishops and religious. This Reconciliation Forum consists of the KCBC and KCMS executive members. In the diocesan level there shall be a similar body comprising the diocesan curia and the diocesan CRI executive members. Disputes between bishops and the religious are to be discussed in the diocesan Reconciliation Forum and they shall never be divulged to the media.

3. **Prayer for Religious:** The meeting decided to include the religious in the prayer for priests recited after the Holy Mass.

4. **Right Wages:** it was also decided to provide reasonable allowance to the religious working in Catholic institutions as prescribed by the Catholic Bishops' Conference of India. There shall be agreements signed by both parties to this effect.

5. **Congregations by Ex Religious:** Bishops shall not give permission to begin new religious congregations by those who were sent away from one religious congregation.

6. **Land Disputes:** Land disputes between religious communities and parishes shall be settled amicably. Controversies and confusions regarding the ownership of land are to be settled harmoniously and as early as possible. The unresolved disputes are suggested to be referred to the diocesan level or state level reconciliation forum.

7. **Parish Activities of Religious:** Pastoral activities by the Religious in a parish shall be done as per common law and the diocesan norms under the direction of the parish priest. Parish priests cannot all of a sudden cease the pastoral activities of religious in a parish. Conflicts between parish priests and the religious are to be settled amicably.

8. **Dialogue with the Religious:** The meeting suggested to the bishops to have dialogues with the religious who work in their dioceses at least once in a year.

9. **Vocation Promotion:** Parish priests and dioceses need to respect the freewill of the candidates in discerning and promoting vocation. This is to be further clarified with the diocesan vocation promotion commission.

10. **Monthly Recollection of the Religious:** Parish priests need to organise programmes in such a way that the religious working in the parish pastoral ministry may get sufficient time for their monthly recollections and spiritual exercises. The Religious shall inform their spiritual programmes to parish priests in advance.

11. **Written Agreements:** Written agreements are to be signed whenever new projects are undertaken in collaboration with dioceses and religious congregations. This is also to be done when the religious are sent to work in diocesan institutes. CBCI terms and conditions are to be followed in these matters.

**Bishop Joshua Mar Ignathios**
President, KCBC

**Archbishop Mar Andrews Thazhath**
Secretary, General KCBC

**Rev. Fr. Francis Kodiyan MCBS**
President, KCMS

# രൂപതാകച്ചേരി വാർത്തകൾ

## ആദരാഞ്ജലികൾ



### ബഹു. മാത്യു കാട്ടടി അച്ചൻ

54 വർഷത്തെ പൗരോഹിത്യ ജീവിതത്തിനുശേഷം ബഹു. മാത്യു കാട്ടടിയച്ചൻ 2010 ഓഗസ്റ്റ് 11-ന് കർത്താവിൽ നിദ്രപ്രാപിച്ചു. വടക്കേവയനാടിന്റെ വിദ്യാഭ്യാസ, സാമൂഹിക, ആദ്ധ്യാത്മിക രംഗത്തെ മാതൃകാപുരുഷൻ, കറയറ്റ മനുഷ്യസ്നേഹി, ആലംബഹീനരുടെയും പാവപ്പെട്ടവരുടേയും അത്താണി... ഇതെല്ലാമായിരുന്നു ബഹു. മാത്യു കാട്ടടിയച്ചൻ.

1928 ജനുവരി 20 നു ചങ്ങനാശ്ശേരി തുരുത്തിയിൽ കാട്ടടി കെ. എം. തോമസിന്റേയും ത്രേസ്യാമ്മയുടേയും മകനായി മാത്യു കാട്ടടി ജനിച്ചു. 1956 മാർച്ച് 16-ന് ചങ്ങനാശ്ശേരി അതിരൂപതയ്ക്കുവേണ്ടി വൈദീകനായി. 22 വർഷം തിരുവനന്തപുരത്തും 10 വർഷം ചങ്ങനാശ്ശേരിയിലും വിവിധ ഇടവകകളിലായി അച്ചൻ സേവനമനുഷ്ഠിച്ചു. സഹപാഠിയും മാനന്തവാടി ബിഷപ്പുമായിരുന്ന മാർ ജേക്കബ് തൂങ്കുഴി പിതാവിന്റെ ക്ഷണപ്രകാരം കുടിയേറ്റഭൂമിയായ വയനാട്ടിലെത്തി. 1979 മാനന്തവാടി നോർബർട്ടൈൻ സഭയുടെ പ്രഥമ ഭവനമായ നോർബർട്ട് ഹൗസ് മാനന്തവാടിയിൽ സ്ഥാപിക്കുകയും പ്രഥമ റെക്ടറായി 4 വർഷക്കാലം സ്തുത്യർഹമായ സേവനം അനുഷ്ഠിക്കുകയും ചെയ്തു. വയനാട് ജില്ലയുടെ വിദ്യാഭ്യാസ രംഗത്തെ പിന്നോക്കാവസ്ഥ മനസ്സിലാക്കി 1983 ൽ ദ്വാരക സേക്രഡ് ഹാർട്ട് ഹയർ സെക്കണ്ടറി സ്കൂളും പുതിയിടം കുസുമഗിരി എൽ.പി. സ്കൂളും സ്ഥാപിക്കുകയും മാനേജരായി സേവനം അനുഷ്ഠിക്കുകയും ചെയ്തു.

മാനന്തവാടി രൂപതാ സെമിനാരിയായ മൗണ്ട് മേരി കോളേജിന്റെ പ്രഥമ റെക്ടർ, രൂപതയുടെ സാമൂഹിക പ്രവർത്തനരംഗമായ WSSS ന്റെ ഡയറക്ടർ, കൂടാതെ കണിയാരം കത്തീഡ്രൽ, കമ്മന, ചെറുകാട്ടൂർ, പുതിയിടം എന്നീ ഇടവകകളുടെ വികാരി എന്നീ നിലകളിൽ തന്റെ അജപാലന ശുശ്രൂഷ അദ്ദേഹം നിർവ്വഹിച്ചു.

ചങ്ങനാശ്ശേരിക്കു മടങ്ങിപ്പോയ കാട്ടടിയച്ചൻ 2003 ൽ വീണ്ടും നോർബർട്ട് ഹൗസിലേയ്ക്ക് തിരിച്ചു വരികയും 6 വർഷക്കാലം നോർബർട്ട് ഹൗസിൽ വിശ്രമ ജീവിതം നയിക്കുകയും ചെയ്തു.

അന്ത്യനാളുകളിൽ ചങ്ങനാശ്ശേരി രൂപതയുടെ കീഴിലുള്ള വൈദികരുടെ വിശ്രമ ഭവനമായ ഇത്തിത്താനം സെന്റ് ജോസഫ്സ് പ്രീസ്റ്റ് ഹോമിൽ വിശ്രമജീവിതം നയിക്കുകയായിരുന്നു.

ഓഗസ്റ്റ് 17–ാം തീയതി ചങ്ങനാശ്ശേരി ഇത്തിത്താനം സെന്റ് മേരീസ് പള്ളിയിൽ നടന്ന സംസ്കാര ശുശ്രൂഷയിൽ മാനന്തവാടി രൂപതയിൽ നിന്നും വയനാടിന്റെ വിവിധ പ്രദേശങ്ങളിൽ നിന്നുമുള്ളവരടക്കം ആയിരങ്ങൾ പങ്കെടുത്തു. ചങ്ങനാശ്ശേരി രൂപതാമെത്രാൻ മാർ ജോസഫ് പെരുന്തോട്ടം മുഖ്യ കാർമ്മികത്വം വഹിച്ചു. ആർച്ച് ബിഷപ്പ് മാർ ജോസഫ് പവ്വത്തിൽ, ആർച്ച് ബിഷപ്പ് മാർ ജേക്കബ് തൂങ്കുഴി, മാനന്തവാടി രൂപതാ മെത്രാൻ മാർ ജോസ് പൊരുന്നേടം, മാർ ജോർജ് ആലഞ്ചേരി എന്നിവരും നൂറുകണക്കിന് വൈദീകരും സന്യസ്തരും മരണാനന്തര ചടങ്ങുകളിൽ പങ്കെടുത്തു.

മാനന്തവാടി രൂപതയിലെ വിവിധ ശുശ്രൂഷാ മണ്ഡലങ്ങളിൽ നിസ്വാർത്ഥവും ത്യാഗപൂർണ്ണവുമായി സേവനമനുഷ്ഠിച്ച ബഹു. കാട്ടടിയച്ചന് മാനന്തവാടി രൂപതാ കുടുംബത്തിന്റെ മുഴുവൻ ആദരാഞ്ജലികൾ. ദൈവത്തിനും ദൈവജനത്തിനും വേണ്ടി ഈ ലോകത്തിൽ ദീർഘനാൾ ശുശ്രൂഷ ചെയ്ത് തന്നെ മഹത്വപ്പെടുത്തിയ ബഹു. കാട്ടടിയച്ചനെ ദൈവം നിത്യകിരീടമണിയിക്കട്ടെ. അതിനായി നമുക്ക് പ്രാർത്ഥിക്കാം.

## സ്നേഹസ്മരണ

സെപ്റ്റംബർ 19–ാം തീയതി ബഹു. ജോർജ്ജ് കഴിക്കച്ചാലിൽ, ബഹു. മാത്യു ഇല്ലിക്കൽ എന്നീ ബഹു. വൈദീകരുടെ ചരമദിനമാണ്. അന്നേദിവസം അവരെ നമ്മുടെ പ്രാർത്ഥനകളിലും വി.കുർബാനയിലും പ്രത്യേകം അനുസ്മരിക്കാം.

## പാസ്റ്ററൽ കൗൺസിൽ

മാനന്തവാടി രൂപതയിലെ പാസ്റ്ററൽ കൗൺസിലിന്റെ ഒരു യോഗം 2010 സെപ്റ്റംബർ 11-ാം തീയതി ശനിയാഴ്ച രാവിലെ 10 മണി മുതൽ 1.30 വരെ ദ്വാരക പാസ്റ്ററൽ സെന്ററിൽ ചേരുന്നതാണ്. അംഗങ്ങൾ എല്ലാവരും പങ്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു. വിശദ വിവരങ്ങൾ അംഗങ്ങളെ കത്ത് മുഖേന അറിയിച്ചിട്ടുണ്ട്.

## ബഹു. വൈദീകരുടെ വാർഷിക ധ്യാനം

നേരത്തെ അറിയിച്ചിരുന്നതുപോലെ നമ്മുടെ രൂപതയിലെ ബഹു. വൈദീകരുടെ വാർഷിക ധ്യാനം 2 ബാച്ചുകളിലായി സെപ്റ്റം ബർ 12 മുതൽ 17 വരെയും 19 മുതൽ 24 വരെയും ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തുന്നതാണ്. ബഹു. ഫെറർ സി.എം.ഐ. അച്ച നാണ് ധ്യാനം നയിക്കുന്നത്. തക്കതായ കാരണത്താൽ ധ്യാനത്തിൽ സംബന്ധിക്കാൻ സാധിക്കാത്തവർ എത്രയും വേഗം പാസ്റ്ററൽ സെന്റർ ഡയറക്ടർ ബഹു. ഡെന്നീസ് കഴുതാടിയച്ചനെ വിവരം അറിയിക്കണ മെന്ന് അഭ്യർത്ഥിക്കുന്നു. മറ്റു ചില കാര്യങ്ങൾ കൂടി ഓർമ്മിപ്പിക്കട്ടെ.

1. ധ്യാനവിവരം മുൻകൂട്ടി ഇടവകകളിൽ അറിയിക്കുക. ഇതുവഴി ജന ങ്ങൾക്ക് വൈദീകർക്കുവേണ്ടി പ്രാർത്ഥിക്കാനും അവരുടെ ആവ ശ്യങ്ങൾ ക്രമീകരിക്കാനും സാധിക്കും.
2. ധ്യാനത്തിനു വരുമ്പോൾ കുർബാന കണക്ക് നിർബന്ധമായും കൊണ്ടുവരേണ്ടതാണ്. തക്കതായ കാരണത്താൽ ധ്യാനത്തിൽ സംബന്ധിക്കാൻ സാധിക്കാത്തവർ 2009 സെപ്റ്റംബർ മുതൽ 2010 ഓഗസ്റ്റ് 31 വരെയുള്ള ബൈനേഷന്റെ കണക്കുകൾ കത്തു മുഖേ നയോ, ഫോൺ വഴിയോ സെപ്റ്റംബർ അവസാനത്തോടെയെങ്കിലും ബിഷപ്സ് ഹൗസിൽ അറിയിക്കേണ്ടതാണ്.
3. PPF ന്റെ വരിസംഖ്യ നൽകാത്തവർ ധ്യാനത്തിന് വരുമ്പോൾ കൊണ്ടുവരണമെന്ന് ഓർമ്മിപ്പിക്കുന്നു.
4. ധ്യാനദിവസങ്ങളിൽ രൂപതാ കൂരിയ അവധിയായിരിക്കും.

# New Address & Phone Number

1) **Rev. Fr. Mathew Malayil**
St. Joseph's Church Loretto House
Wood Cock Road,
St. Mary's Hill, Ooty - 643001
Tele: 09486903887 (TN), 09495075980 (KL)

2) **Rev. Fr. Sebastine Puthen** - Mob: 0063 - 9997124345

# ANNUAL RETREAT FOR PRIESTS

## I[st] Batch 2010 September 12 Sunday to 17 Friday

1 Aikkarathazhath Joseph
2 Alukka George
3 Ambalathinkal Sebastian
4 Chakiyath Xavier
5 Changanamthundathil George
6 Chelackapallil Thomas
7 Chembakkara James
8 Chempalayil Augustine
9 Elemkunnel Sebastian
10 Kakkattikalayil Sebastian
11 Kalappura Jose
12 Kallumgatharayil Agustine
13 Kaniamattam Joseph
14 Kappiarumalayil John
15 Kappiarumalayil Jose
16 Karukapally Joseph
17 Kassamkuttiyil Sebastian
18 Kattamkottil Joseph
19 Kattuthuruthiyil Thomas
20 Kavumkal Joseph
21 Kazhuthadiyil Mathew
22 Kizhakkanputhupally John
23 Korattiparambil Vincent
24 Kottackal Stephen
25 Kottaram Jose
26 Koyikattil Thomas
27 Kumbakeel Kuriakose
28 Kunnath Johny
29 Kunnathett James
30 Kuttikattukunnel Thomas
31 Kuttimakkal James
32 Kuzhikandathil Joseph
33 Madapallikunnel Mathew
34 Madathinakam Leopold
35 Mampallil Anto
36 Manchuvally Joseph
37 Mangalathil Thomas
38 Mankottil James
39 Maplassery Lukose
40 Mattam Gervasis
41 Memana George
42 Moothedath Thomas
43 Mukkattukavunkal Thomas
44 Mulakudiyankal Varghese
45 Mulavelikunnel Jacob
46 Mundackamattam Jose
47 Mundolickal Paul
48 Muthirakalayil Joseph
49 Muthukathaniyil Varghese
50 Muthukattil Shantidas
51 Myladoor George
52 Nadukunnel Abraham
53 Nanthikatt Joseph
54 Nellickal Abraham
55 Olickal Thomas
56 Ottaplackal Thomas
57 Ousepparampil Joseph
58 Padinjarayil Mathew
59 Paikkatt Mathew
60 Painumkal Kuriakose
61 Pakkanikuzhiyil Sebastian
62 Pariyappanal Thomas
63 Parunthanolil Thomas
64 Paruvummel Joseph
65 Peedikappara James
66 Periappuram Mathew
67 Perumattikunnel Thomas
68 Pinakkatt Joseph
69 Plassanal Thomas
70 Ponthottiyil Thomas

71 Pulinthanam Jose
72 Pullamkunnel Joy
73 Pulpayil Joseph
74 Punakkatt Chandy
75 Puthanapra Kurian
76 Puthenpura John
77 Puthenpurackal Mathew
78 Puthenpurayil Joseph
79 Puthenpurayil Manuel
80 Puthukulangara Thomas
81 Puthukulathil John
82 Thekkepera Mathew
83 Therakam George
84 Therakam Thomas Joseph
85 Thondiparambil Sebastian
86 Thumbiamkuzhy Joseph
87 Thuruthel Thomas
88 Unnippally Sebastian
89 Vadakkemulanjanal Michael
90 Vadayaparambil Jose
91 Vadayaparambil Sony
92 Valloppilly Joseph
93 Vathelil Abraham
94 Vazhakkala Chackochan
95 Vazhayil Kurian

**Religious Priests**

1 Ambathadam Antony VC
2 Chakkummootil Jojo TOR
3 Chandrankunnel Renin O.Praem
4 Ezhanikkatt George CMI
5 Illiparambil Chacko CMI
6 Karikandathil Dantees SAC
7 Mullasseril Joy CSs R
8 Njallampuzha Francis CMI
9 Ponnambel Joseph TOR
10 Purathayil James CST
11 Thadathil Siby O.Praem
12 Thanniyil Varkey CMF
13 Thottathil Mathew CMF

## II^nd Batch 2010 September 19 Sunday to 24 Friday

1 Athickal Mathew
2 Chakkittakudiyil James
3 Chakkittukudy Jose
4 Chettaniyil Thomas
5 Chettiyassery Joseph
6 Chittoor Joseph
7 Choorapuzhayil John
8 Chozhenparambil John
9 Elavanappara Sebastian
10 Kachirayil Thomas
11 Kakkonal Manoj
12 Kalappura Alex
13 Karuthedath Mathew
14 Kattarath Mathew
15 Keezheth Sebastian
16 Kizhakkumpuram George
17 Kocharackal Jose
18 Kochuparackal Kurian
19 Kochuparackal Mathew
20 Koipuram Sebastian
21 Kokkandathil John
22 Kollarthottam Mathew
23 Koottala Paul
24 Kottayil Joseph
25 Kulathinal James
26 Kulirany Jose
27 Kumbukal James
28 Kunnath Kuriakose
29 Kuthukallunkal Francis
30 Madathil Abraham
31 Malayil Mathew
32 Mampallil George

33 Manakkattumattam Paul
34 Manakkunnel Thomas
35 Manikuttiyil Kurian
36 Mannoor Thomas
37 Mavara Stanislaus
38 Mecheril Joseph
39 Memana Joseph
40 Meppurath Chacko
41 Moloparambil Jose
42 Moolayil George
43 Moonnanal Justin
44 Moothedath Mathew
45 Mundackal Jose
46 Munjanattu Mathew
47 Muthanikkattu Justin
48 Nechikatt Joseph
49 Nedumkallel Joseph
50 Nedumpallil Jacob
51 Nellikunnel Francis
52 Nilackappillil Augustine
53 Onampally Jerry
54 Padinjarayil George
55 Palackeel Sebastian
56 Palakatt Augustine
57 Palath Joseph
58 Pallichankudiyil Mathai
59 Parambil Kuriakose
60 Parayil Sebastian
61 Perumattikunnel John
62 Perumattikunnel Mathew
63 Poothakkuzhy Jacob
64 Poovathinkal Peter
65 Pudussery Martin
66 Pudussery Vincent
67 Pulinthanath John
68 Punchayil Lucka
69 Puthenpura Augustine
70 Thamarasseril Vincent
71 Thanniyil Augustine
72 Thayyil Jose
73 Thekkanady Jose
74 Thondiparambil Joseph
75 Thuruthel Joseph
76 Thuruthel Kuriakose
77 Thykunnumpuram Thomas
78 Urumbil Joseph
79 Vadakkancheril Mathew
80 Valakodiyil Dominic
81 Vattukunnel Issac
82 Vazhachalil Thomas
83 Vazhakatt Joseph
84 Vazhappilly Paul
85 Veliyath Joseph

**Religious Priests**

1 Chembukettickal Jose O.Praem
2 Chirackalpurayidom George CMF
3 Chirappurath Kurian OFM
4 Elikot Vipin CST
5 Kalappurayil Thomas CMI
6 Kanjiramparambil Johny MSFS
7 Kokkandathil Jose MSFS
8 Mangatt Anil OFM
9 Mundanthanath Chackochan SAC
10 Olickal Thomas MCBS
11 Paradiyil John MI
12 Pulickal Sibi CMI
13 Thalachira Thomas Michael O'Carm
14 Valiyakandathil Jiju MS

**മോൺ. ജോർജ് മൂലയിൽ**

പ്രോട്ടോസിഞ്ചെല്ലൂസ്

## COLLECTIONS FOR THE YEAR 2009 - 2010

2010 ഓഗസ്റ്റ് മാസത്തെ ബുള്ളറ്റിനിൽ (പേജ് 18–26) 2009 മെയ് 21 മുതൽ 2010 മെയ് 31 വരെ രൂപതാ കേന്ദ്രത്തിൽ കിട്ടിയ Collections ന്റെ വിശദ വിവരങ്ങൾ ചേർത്തിരുന്നു. അതിൽ ചേർക്കാൻ വിട്ടുപോയവ താഴെ കൊടുത്തിരിക്കുന്നു.

| Sl No. | Parishes | Chitragiri Fund | Vianney Priests Fund | Anti Alcoholic Day | Syro.Mal. Mission Sunday | Bible Sunday | Jesus Fraternity | Justice Sunday |
|---|---|---|---|---|---|---|---|---|
| 1 | Bhoodanam | | | 254 | | | | |
| 2 | Chokkad | 10000 | | | | | | |
| 3 | Edivanna | | | 350 | | | | |
| 4 | Kenichira | | | | 172 | | | |
| 5 | Manimooly | | | 1180 | | | | |
| 6 | Marutha | | | 100 | | | | |
| 7 | Moolepadam | | | 150 | | | | |
| 8 | Mundery | | | 390 | | | | |
| 9 | Muttiyel | | 5000 | 300 | | | | |
| 10 | Nilambur | | | 1400 | | | | |
| 11 | Njarapadam | | | 200 | | | | |
| 12 | Palamkara | | | 1500 | | | | |
| 13 | Palemad | | | 300 | | | | |
| 14 | Pathiripadam | | | 500 | | | | |
| 15 | Pookkottumpadam | | | 250 | | | | |
| 16 | Ruby Nagar | | | 366 | | 374 | 150 | 183 |
| 17 | T.K. Colony | | | 100 | | | | |
| 18 | Thalanji | | | 700 | | | | |
| 19 | Thelpara | | | 300 | | | | |
| 20 | Vadapuram | | | 300 | | | | |
| 21 | Vallikett | | | 180 | | | | |
| 22 | Chulliode | | | 360 | | | | |

# വൈദിക സമ്മേളനം (Priests' Conference) റിപ്പോർട്ട്

മാനന്തവാടി രൂപതയിൽ സേവനം ചെയ്യുന്ന എല്ലാ വൈദികരുടെയും ഒരു സമ്മേളനം 2010 ഓഗസ്ററ് 11–ാം തീയതി ബുധനാഴ്ച ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് ചേരുകയുണ്ടായി. വിശ്രമജീവിതം നയിക്കുന്ന വൈദികരുടെ ഭവനമായ വിയാനിഭവനത്തോട് ചേർന്ന് നിർമ്മിക്കുന്ന പുതിയ ബ്ലോക്കിന്റെ ശിലാസ്ഥാപനം വൈദിക സമ്മേളനത്തിന് മുൻപ് അഭിവന്ദ്യ ജോസ് പൊരുന്നേടം പിതാവ് നിർവ്വഹിച്ചു. തുടർന്ന് വൈദിക സമ്മേളനം ബഹു. മനോജ് കറുത്തേടത്ത് അച്ചൻ നയിച്ച പ്രാർത്ഥനയോടെ ആരംഭിച്ചു. പ്രോട്ടോസിഞ്ചെല്ലൂസ് മോൺ. ജോർജ് മൂലയിൽ ആരോഗ്യപരമായ കാരണങ്ങളാൽ സന്നിഹിതനല്ലാതിരുന്നതിനാൽ സിഞ്ചെല്ലൂസ് ബഹു. ജോസ് തേക്കനാടിയച്ചൻ ഏവർക്കും സ്വാഗതം ആശംസിച്ചു. തുടർന്ന് അഭിവന്ദ്യ പിതാവ് ആമുഖ പ്രഭാഷണം നടത്തി.

ബഹു. മാത്യു കാട്ടടിയച്ചന്റെ ചരമവാർത്ത പിതാവ് അറിയിക്കുകയും സാധിക്കുന്നവരൊക്കെ ശവസംസ്കാര ശുശ്രൂഷയിൽ പങ്കെടുക്കണമെന്ന് അഭ്യർത്ഥിക്കുകയും ചെയ്തു. ബഹു. ജനറാളച്ചന്റെ രോഗത്തെക്കുറിച്ച് പിതാവ് സൂചിപ്പിക്കുകയും അച്ചനുവേണ്ടി എല്ലാവരും പ്രാർത്ഥിക്കണമെന്ന് ആഹ്വാനം ചെയ്യുകയും ചെയ്തു.

തുടർന്ന് മാനന്തവാടി രൂപതയും മീഡിയ കമ്മീഷനും മാമ്പ്ര മ്യൂസിക് അക്കാദമിയും ചേർന്നൊരുക്കിയ 'അത്യുന്നതൻ' എന്ന ആരാധനക്രമ ഗീതങ്ങളുടെ സി.ഡി. അഭിവന്ദ്യ പിതാവ് ബഹു. വിജയൻ ചോഴംപറമ്പിൽ അച്ചന് നൽകിക്കൊണ്ട് പ്രകാശനം ചെയ്യുകയും ഇതിന്റെ പിന്നിൽ പ്രവർത്തിച്ച എല്ലാവരെയും പ്രത്യേകിച്ച് മാമ്പ്ര മ്യൂസിക് അക്കാദമി ഡയറക്ടർ ശ്രീ. അൽഫോൻസിനെ അഭിനന്ദിക്കുകയും ചെയ്തു. ആരാധനക്രമത്തിൽ, പ്രത്യേകിച്ച് വി. കുർബാനയിലും മറ്റ് കൂദാശകളിലും ഉപയോഗിക്കാൻ വേണ്ടി മാത്രം ചിട്ടപ്പെടുത്തിയ ഗീതങ്ങളുടെ അഭാവം ഈ രംഗത്ത് കേവലം ഭക്തിഗാനങ്ങളുടെയും

ചിലപ്പോൾ ഭക്തിഗാനരൂപത്തിലുള്ള സിനിമാഗാനങ്ങളുടെപോലും കടന്നു കയറ്റത്തിനു കാരണമായിട്ടുണ്ടെന്നും ഈ സ്ഥിതിക്കൊരു മാറ്റം വരുത്താനുള്ള ശ്രമത്തിന്റെ ഭാഗമായാണ് അത്യുന്നതൻ എന്ന സി.ഡി. എന്നും പിതാവ് സൂചിപ്പിച്ചു.

സി.ഡി. പ്രകാശനകർമ്മത്തിനുശേഷം തൃതീയ മേജർ ആർക്കി എപ്പിസ്കോപ്പൽ അസംബ്ലിയുടെ വിചിന്തനവിഷയമായ "വിശ്വാസം ജീവന്റെ സംരക്ഷണത്തിനും സമ്പൂർണ്ണതയ്ക്കും" എന്നതിനെ ആസ്പദമാക്കി രൂപതാ പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി ശ്രീ. തോമസ് ഏറണാട്ട് ക്ലാസ് എടുത്തു.

രൂപതാ പി.ആർ.ഒ.യും കമ്മ്യൂണിറ്റി റേഡിയോ സ്റ്റേഷൻ ഡയറക്ടറുമായ ബഹു. തോമസ് ജോസഫ് തേരകം അച്ചൻ പഞ്ചായത്ത് തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് വൈദികരെയും സന്യസ്തരേയും വോട്ടേഴ്സ് ലിസ്റ്റിൽ നിന്നും നീക്കം ചെയ്യുന്ന പ്രവണതക്കെതിരെ സംസാരിച്ചു. തുടർന്ന് നടന്ന ചർച്ചയിൽ പഞ്ചായത്ത് രാജ് ആക്ടിലെ ചില വ്യവസ്ഥകളുടെ പഴുതുകൾ ദുരുപയോഗപ്പെടുത്തിയാണ് ഇത്തരം നീക്കങ്ങൾക്ക് ചില തല്പരകക്ഷികൾ ഗൂഢനീക്കങ്ങൾ നടത്തിയതെന്ന് വൈദിക സമ്മേളനം വിലയിരുത്തി. പാവനമായ ജനാധിപത്യ മൂല്യങ്ങളും, മതേതര തത്വങ്ങളും, രാഷ്ട്രീയ ധാർമ്മികതയുമാണ് ഇവിടെ ചോദ്യം ചെയ്യപ്പെടുന്നത് എന്ന് ചർച്ചയിൽ പങ്കെടുത്തു സംസാരിച്ചവർ ആവർത്തിച്ചു പറഞ്ഞു. ജനാധിപത്യ വ്യവസ്ഥിതിയ്ക്ക് ഇത് വലിയ ഭീഷണിയാണുയർത്തുന്നത്. വ്യാജപരാതികൾ നൽകുന്നവർക്കെതിരെ പഞ്ചായത്ത് നിയമത്തിൽ വ്യവസ്ഥകളുണ്ടെങ്കിലും നിയമനടപടികളുമായി ആരും തന്നെ രംഗത്തേയ്ക്ക് വരുന്നില്ല എന്നതാണ് പ്രധാന പ്രശ്നം. ഇത്തരം അവാസ്ഥവമായ പരാധികളുടെ പേരിൽ പീഢനമേൽക്കേണ്ടി വരുന്ന സമ്മതിദായകർക്ക് ന്യായമായ നഷ്ടപരിഹാരം വ്യാജപരാതിക്കാരിൽ നിന്നും വസൂലാക്കി നൽകാൻ വ്യവസ്ഥ ചെയ്യുന്ന നിയമഭേദഗതി കൊണ്ടുവരാൻ സർക്കാർ തയ്യാറാവണമെന്നും യോഗം ആവശ്യപ്പെട്ടു. രാഷ്ട്രീയം മതത്തിലിടപെടരുതെന്നാണ് ഇന്ത്യൻ ഭരണഘടന അനുശാസിക്കുന്നതെന്നും എന്നാൽ മതം രാഷ്ട്രീയത്തിൽ ഇടപെടരുതെന്ന് എവിടെയും പറയുന്നില്ലെന്നും ഇന്ത്യൻ പൗരന് മാത്രമല്ല ഇന്ത്യയിൽ താമസിക്കുന്ന ഏതു വ്യക്തിക്കും താൻ വിശ്വസിക്കുന്ന മതവിശ്വാസം ജീവിക്കുന്നതിനും അത് പ്രചരിപ്പിക്കുന്നതിനും ഭരണഘടന അനുവദിക്കുന്നുണ്ട് എന്നും ചൂണ്ടിക്കാട്ടി.

മീഡിയ കമ്മീഷന്റെ പ്രവർത്തനങ്ങളെക്കുറിച്ചും അച്ചൻ സംസാരിച്ചു. സമൂഹത്തിന്റെയും ഭരണാധികാരികളുടെയും ശ്രദ്ധയിൽപ്പെടുത്തേണ്ട കാര്യങ്ങൾ മീഡിയ ഓഫീസിൽ അറിയിക്കുകയാണെങ്കിൽ നിയമാനുസൃതമായി പ്രതികരിക്കാൻ സാധിക്കുമെന്നും മതവികാരത്തെ വ്രണപ്പെടുത്തുന്ന പത്രവാർത്തകൾ റ്റി.വി. വാർത്തകൾ, സിനിമകൾ തുടങ്ങിയവയ്ക്കെതിരെ പ്രതികരിക്കണമെന്നും ഒരു മാധ്യമത്തിനും ആരുടെയും മതവികാരത്തെ വ്രണപ്പെടുത്തുവാൻ അവകാശമില്ലെന്നും മതവികാരത്തെ വ്രണപ്പെടുത്തുന്നവർക്കെതിരെ നിയമപരമായ നടപടികൾ സ്വീകരിക്കുവാൻ നിയമത്തിൽ തന്നെ വകുപ്പുകളുണ്ടെന്നും അച്ചൻ ചൂണ്ടിക്കാട്ടി.

റേഡിയോ മാറ്റൊലിയെക്കുറിച്ചും അച്ചൻ സംസാരിച്ചു. വയനാട് ജില്ലയിൽ ഏതാണ്ട് 85% സ്ഥലത്തും റേഡിയോ മാറ്റൊലി കേൾക്കാവുന്നതാണെന്നും ഇപ്പോൾ രാവിലെ 6 മുതൽ 9 വരെയും ഉച്ചയ്ക്ക് 12 മുതൽ 3 മണിവരെയും വൈകുന്നേരം 7 മുതൽ 10 വരെയും പ്രക്ഷേപണം നടത്തുന്നുവെന്നും ജില്ലയിലെ മുഴുവൻ സ്കൂളുകളിലും മാറ്റൊലി ക്യാമ്പുകൾ രൂപീകരിക്കുവാനുള്ള ശ്രമങ്ങൾ നടത്തിവരുന്നുണ്ടെന്നും കോർപ്പറേറ്റ് സ്കൂളുകളിൽ വെറും 13 എണ്ണം മാത്രമേ ക്യാമ്പുകൾ രൂപീകരിച്ചിട്ടുള്ളുവെന്നും ഇത് ഗൗരവമായിതന്നെ കാണേണ്ട കാര്യമാണെന്നും അച്ചൻ പറഞ്ഞു. റേഡിയോ മാറ്റൊലിയിലെ ചില പരിപാടികളെകുറിച്ച് അച്ചൻ സൂചിപ്പിക്കുകയും റേഡിയോ മാറ്റൊലിയിൽ പ്രക്ഷേപണം ചെയ്യുന്ന ജനവാണി എന്ന പരിപാടിയിലൂടെ വയനാട് ജില്ലയിലെ വിവിധ പ്രദേശങ്ങളിൽ സമൂഹം നേരിടുന്ന പ്രശ്നങ്ങൾ പൊതുജനശ്രദ്ധയിൽ കൊണ്ടുവരുവാനും പല സർക്കാർ പദ്ധതികൾ നടപ്പിലാക്കുന്നതിനും സാധിക്കുന്നുവെന്നും ഉദാഹരണം സഹിതം അച്ചൻ ചൂണ്ടിക്കാട്ടി. മാറ്റൊലി പ്രക്ഷേപണം ചെയ്ത ആത്മഹത്യക്ക് എതിരെയുള്ള ഒരു ചിത്രീകരണം ശ്രവിച്ച ഒരു സ്ത്രീ ആത്മഹത്യാ തീരുമാനത്തിൽ നിന്ന് പിൻമാറിയെന്നറിയിച്ചുകൊണ്ട് റേഡിയോ മാറ്റൊലിയിലേയ്ക്ക് അയച്ച കത്ത് മൂല്യ പ്രക്ഷേപണരംഗത്ത് മാറ്റൊലിക്കുള്ള നിർണ്ണായകപങ്കിന്റെ ഒരു ഉദാഹരണം മാത്രമാണെന്ന് അച്ചൻ പറഞ്ഞു. റേഡിയോ മാറ്റൊലിയും ചെറുപുഷ്പ മിഷൻലീഗും ചേർന്ന് തവണ വ്യവസ്ഥയിൽ ഫിലിപ്സ് റേഡിയോ ആവശ്യക്കാർക്ക് ലഭ്യമാക്കുന്നതിനുള്ള ഒരു പദ്ധതി തയ്യാറാക്കി വരുന്നുണ്ടെന്ന് അച്ചൻ അറിയിച്ചു. നിരവധി സന്നദ്ധ പ്രവർത്തകരുടെ സഹായത്തോടെയാണ് റേഡിയോ മാറ്റൊലിയിലെ അനുദിന പരിപാടികൾ തയ്യാറാക്കുന്നതെന്നും

റേഡിയോ മാറ്റൊലിയുടെ വിജയത്തിന്റെ രഹസ്യം സമൂഹത്തിലെ വിവിധ തുറകളിലുള്ളവരുടെ നിസ്വാർത്ഥസേവനവും ഓഫീസ് സ്റ്റാഫിന്റെ കഠിനാദ്ധ്വാനവുമാണെന്നും അച്ചൻ എടുത്തുപറഞ്ഞു. സന്നദ്ധ പ്രവർത്തനത്തിന് താൽപര്യവും കഴിവും ഉള്ളവരെ ബഹു. വികാരിയച്ചൻമാർ ഇനിയും പ്രോത്സാഹിപ്പിക്കുകയും പറഞ്ഞുവിടുകയും ചെയ്യണമെന്ന് അച്ചൻ അഭ്യർത്ഥിച്ചു.

പി.പി.എഫ്. – ന്റെ കണക്കുകൾ പി.പി. എഫ് സെക്രട്ടറി ബഹു. വർഗ്ഗീസ് മുളകുടിയാങ്കൽ അച്ചൻ അവതരിപ്പിച്ചു. തുടർന്ന് കോർപ്പറേറ്റ് സ്കൂളുകളിൽ നടപ്പാക്കിവരുന്ന വിവിധ പദ്ധതികളെക്കുറിച്ച് കോർപ്പറേറ്റ് മാനേജർ ബഹു. റോബിൻ വടക്കുംചേരിയച്ചൻ സംസാരിച്ചു.

കെ.സി.വൈ.എം. ന്റെ സംസ്ഥാന കലോത്സവം ഈ വർഷം ദ്വാരകയിൽ വച്ച് ഡിസംബർ 3, 4, 5 തീയതികളിൽ നടത്തുന്നതാണെന്ന് കെ.സി.വൈ.എം. രൂപതാ ഡയറക്ടർ ബഹു. സണ്ണി കൊല്ലാർതോട്ടം അച്ചൻ അറിയിക്കുകയും ഏവരുടെയും സഹകരണം ആവശ്യപ്പെടുകയും ചെയ്തു.

മിഷൻലീഗ് രൂപതാ ഡയറക്ടർ ബഹു. ടോമി പുത്തൻപുരയച്ചൻ മിഷൻലീഗിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് സംസാരിച്ചു. മിഷൻലീഗിന്റെ സംസ്ഥാന വാർഷികം ഈ വർഷം നമ്മുടെ രൂപതയിൽ വച്ചാണെന്നും ഡിസംബർ 11–ാം തീയതി മാനന്തവാടി രൂപതയിൽ വച്ച് നടത്തുന്ന സംസ്ഥാന വാർഷികത്തിന്റെ ആഘോഷ കമ്മിറ്റി രൂപീകരിച്ചുവെന്നും അറിയിച്ചു. റാലിയുടെ കൺവീനർ ബഹു. ജോർജ് മമ്പള്ളിയച്ചൻ റാലിയെക്കുറിച്ച് സംസാരിക്കുകയും അത് വമ്പിച്ച വിജയമാക്കുവാൻ എല്ലാവരും സഹകരിക്കണമെന്ന് അഭ്യർത്ഥിക്കുകയും ചെയ്തു.

എ.കെ.സി.സി. യുടെ പ്രവർത്തനങ്ങൾ ഇനിയും തുടങ്ങാത്ത ഇടവകകളിലേയ്ക്ക് വ്യാപിപ്പിക്കണമെന്നും എ.കെ.സി.സി. രൂപതാ ഡയറക്ടർ ബഹു. ജോർജ് മമ്പള്ളിയച്ചൻ ആഹ്വാനം ചെയ്തു.

ബൈബിൾ അപ്പോസ്റ്റലേറ്റിനെക്കുറിച്ചും ഫാമിലി അപ്പോസ്റ്റലേറ്റിനെക്കുറിച്ചും ഡയറക്ടർ ബഹു. മാത്യു കഴുതാടിയച്ചൻ സംസാരിച്ചു. നമ്മുടെ രൂപതയിൽ ഒരു ബൈബിൾ പഠന കോഴ്സ് തുടങ്ങുന്നതിനെക്കുറിച്ച് ചിന്തിച്ചുകൊണ്ടിരിക്കുകയാണെന്നും മാതൃ സംഘത്തിന്റെ ഫൊറോന ഡയറക്ടർമാർ ഇനിമുതൽ ഫാമിലി അപ്പോസ്റ്റലേറ്റ് ഫൊറോന ഡയറക്ടർ എന്നും ആനിമേറ്റർ, ഫാമിലി അപ്പോസ്റ്റലേറ്റ്

മേഖല ആനിമേറ്റർ എന്നുമായിരിക്കും അറിയപ്പെടുക എന്നും അച്ചൻ സൂചിപ്പിച്ചു.

മദ്യവിരുദ്ധ സമിതിയെക്കുറിച്ച് രൂപതാ ഡയറക്ടർ ബഹു. തോമസ് കുറ്റിക്കാട്ടുകുന്നേലച്ചനും മതബോധനത്തെക്കുറിച്ചും വിൻസെന്റ് ഡി പോൾ സൊസൈറ്റിയെക്കുറിച്ചും ബഹു. ബെന്നി മുതിരക്കാലായിൽ അച്ചനും സംസാരിച്ചു. ജയിൽ മിനിസ്ട്രിയെക്കുറിച്ച് ഡയറക്ടർ ബഹു. ബിനു പൈനുങ്കൽ അച്ചൻ സംസാരിച്ചു. 15 പേരിൽ കൂടാത്ത ഒരു ഗ്രൂപ്പാണ് ഓരോ പ്രാവശ്യത്തെ ജയിൽ സന്ദർശനത്തിനും ഉദ്ദേശിക്കുന്നതെന്നും ജയിൽ സന്ദർശനത്തിനു താൽപര്യമുള്ളവർ മുൻപോട്ട് വരണമെന്നും അദ്ദേഹം അറിയിച്ചു.

തുടർന്ന് അഭിവന്ദ്യ പിതാവ് ബഹു. ജേക്കബ് നെടുമ്പള്ളിയച്ചന്റെ രോഗവിവരത്തെക്കുറിച്ച് സൂചിപ്പിക്കുകയും അച്ചന്റെ സ്നേഹാന്വേഷണങ്ങൾ എല്ലാവരെയും അറിയിക്കുകയും ചെയ്തു. അഭിവന്ദ്യ പിതാവ് എല്ലാവർക്കും ചില പൊതു നിർദ്ദേശങ്ങൾ നൽകി. സമൂഹത്തെ നയിക്കുവാൻ വൈദികർ കാലാനുസൃതമായ അറിവും അനുഭവവും സ്വായത്തമാക്കണമെന്നും അതിനായി നന്നായി വായിക്കുകയും പഠിക്കുകയും ഒരുങ്ങുകയും ചെയ്യണമെന്നും ഇടയലേഖനങ്ങളും രൂപതാ കേന്ദ്രത്തിൽ നിന്നുള്ള നിർദ്ദേശങ്ങളും വിട്ടുപോകാതെ ദൈവജനത്തെ അറിയിക്കണമെന്നും ആവശ്യപ്പെടുകയും ചെയ്തു. അഭിവന്ദ്യപിതാവിന്റെ നന്ദിപ്രകാശനത്തോടെ ഉച്ചകഴിഞ്ഞ് 2.15 ന് വൈദിക സമ്മേളനം അവസാനിച്ചു.

**ഫാ. ജോസഫ് പരുവുമ്മേൽ**
ചാൻസലർ

# Living Together Programme - Report

1-ാം ബാച്ചിന്റെ Living Together Programme 2010 ഓഗസ്റ്റ് 9 ന് വൈകുന്നേരം മുതൽ 10-ാം തീയതി 4 മണി വരെയും 2-ാം ബാച്ചിന്റേത് ഓഗസ്റ്റ് 11-ാം തീയതി വൈകുന്നേരം മുതൽ 12-ാം തീയതി വൈകുന്നേരം വരെയും ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ചു നടന്നു. 10-ാം തീയതിയും 12-ാം തീയതിയും രാവിലെ അഭിവന്ദ്യ ജോസ് പൊരുന്നേടം പിതാവ് വി. ബലിയർപ്പിച്ച് സന്ദേശം നൽകി. വിവിധങ്ങളായ സെക്ടുകളെക്കുറിച്ചും അവയുടെ പ്രത്യേകതകളെക്കുറിച്ചും പഠനങ്ങളെക്കുറിച്ചും പ്രശസ്ത ബൈബിൾ പണ്ഡിതനും തൃശൂർ മേരി മാതാ മേജർ സെമിനാരി പ്രൊഫസറുമായ ബഹു. മൈക്കിൾ കാരിമറ്റം അച്ചൻ ക്ലാസെടുത്തു. 1-ാം ഗ്രൂപ്പിന്റെ ക്ലാസിന്റെ അവസാനം ബഹു. ഉലഹന്നാൻ പുളിന്താനത്തച്ചനും 2-ാം ഗ്രൂപ്പിന്റെ ക്ലാസിന്റെ അവസാനം ബഹു. ബെന്നി വെളിയത്തച്ചനും ബഹു. മൈക്കിളച്ചന് നന്ദി അറിയിച്ചു. 2 ബാച്ചിലും ഉച്ചകഴിഞ്ഞുള്ള സെഷനിൽ ദീപികയുടെ കോഴിക്കോട് റസിഡന്റ് മാനേജർ ബഹു. ബെന്നി മുണ്ടനാട്ടച്ചൻ ദീപികയെക്കുറിച്ച് സംസാരിച്ചു. ബാക്കിയുള്ള സമയം അംഗങ്ങൾ പൊതുകാര്യങ്ങളെക്കുറിച്ച് അവരുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും നൽകി. 1-ാം ബാച്ചിൽ 64 വൈദികരും 2-ാം ബാച്ചിൽ 62 വൈദികരും പങ്കെടുത്തു.

**ഫാ. ജോസഫ് പരുവുമ്മേൽ**
ചാൻസലർ

# മതബോധനരംഗം

**മതാദ്ധ്യാപകദിനം - സെപ്റ്റംബർ 12**

നമ്മുടെ രൂപതയിലെ മുഴുവൻ മതാദ്ധ്യാപകരെയും പ്രത്യേക മായി അനുസ്മരിക്കുന്ന ദിനമാണ് സെപ്റ്റംബർ 12. രൂപതയിൽ പ്രവർത്തിക്കുന്ന 2251 അധ്യാപകർക്കും ഏറെ സ്നേഹത്തോടെ ദൈവാ നുഗ്രഹവും, പ്രാർത്ഥനാമംഗളങ്ങളും ആശംസിക്കുന്നു.

വിശ്വാസ പരിശീലനം സഭാമക്കളുടെ ഓരോരുത്തരുടെയും അവ കാശവും കടമയുമാണ്. വിശ്വാസത്തിന്റെയും കത്തോലിക്കാ പ്രബോ ധനത്തിന്റെയും സത്യസന്ധവും ക്രമീകൃതവുമായ ഈ അവതരണ ത്തിൽ നമ്മുടെ കാലഘട്ടത്തിലെ ക്രൈസ്തവസന്ദേശം മുഴുവനായോ ഭാഗികമായോ നവോൻമേഷത്തോടെ നൽകുന്നതിന് ഏറ്റവും സുര ക്ഷിതമായ ഒരു മാർഗ്ഗം കണ്ടെത്താൻ മതബോധന പ്രസ്ഥാനത്തിന് കഴിയും. (CCC) നമുക്ക് സുരക്ഷിതവും ക്രമീകൃതവുമായ വിശ്വാസപ രിശീലനവേദി ദൈവം ഒരുക്കിതന്നിട്ടുണ്ട്. നമ്മുടെ വിശ്വാസ പരിശീല നവേദിയെ ഏറ്റവും ഗൗരവമായിതന്നെ സമീപിക്കുകയും സത്യവി ശ്വാസം കുറവുകൂടാതെയും തെറ്റുകൂടാതെയും കൈമാറുകയും ചെയ്യണം. ഇന്നു നമ്മുടെ വിശ്വാസ പരിശീലന വേദിയിലൂടെ ലഭിക്കു ന്നവയാണ് ജീവിതത്തിൽ ഏതൊരു വ്യക്തിയും പ്രായോഗികമാക്കേ ണ്ടത്. അതിനാൽ കൃത്യതയോടും സൂക്ഷ്മതയോടും നമുക്ക് ലഭിച്ചി രിക്കുന്ന സമയം മുഴുവനും അതിനായി വിനിയോഗിക്കണം.

ഇത്തരുണത്തിൽ സന്മനസോടെ വിശ്വാസ പരിശീലനവേദിയിൽ ജീവിക്കുന്ന എല്ലാ അധ്യാപകർക്കും രൂപതാ മതബോധന കേന്ദ്രത്തിൽ നിന്നും ഹൃദയം നിറഞ്ഞ ആശംസകൾ അറിയിക്കുന്നു.

**പരീക്ഷാഫലം**

കുട്ടികളുടെ പാദവാർഷിക പരീക്ഷയുടെ റിസൾട്ട് പരിശോധിച്ച്,

സ്റ്റാഫിൽ ചർച്ച ചെയ്ത് ആവശ്യമായ നടപടികൾ സ്വീകരിക്കുമല്ലോ. വചനഡയറിയെ സംബന്ധിച്ചുള്ള കാര്യങ്ങളും കൃത്യമായി ചെയ്യുവാൻ അധ്യാപകർ ശ്രദ്ധിക്കണം.

**വിശ്വാസോത്സവം**

ആദ്യടേമിലെ വിശ്വാസോത്സവം രൂപതാ കേന്ദ്രത്തിൽ നിന്നും ലഭിച്ച ബുക്ക്ലെറ്റിന്റെ അടിസ്ഥാനത്തിൽ ചെയ്തിരിക്കുമല്ലോ. കുട്ടികളുടെ മാർക്ക് അധ്യാപകരുടെ ടീച്ചിംഗ് നോട്ടിൽ ചേർക്കണം. രൂപതാ ഓഫീസിൽ നിന്നും ലഭിച്ച റിപ്പോർട്ട് ഫോമിൽ വിശ്വാസോത്സവത്തെ സംബന്ധിച്ച കാര്യങ്ങൾ എഴുതി ഓഫീസിലേയ്ക്ക് അയയ്ക്കുവാൻ ഹെഡ്മാസ്റ്റർ മറക്കരുത്.

**അധ്യാപക സംഗമം - ഫൊറോന തലങ്ങളിൽ**

അധ്യാപകരുടെ ഫൊറോനതലത്തിലുള്ള പഠനസംഗമം സെപ്റ്റംബർ, ഒക്ടോബർ, നവംബർ മാസങ്ങളിലാണ് ക്രമീകരിച്ചിരിക്കുന്നത്. കൂടുതൽ വിവരങ്ങൾ ഫൊറോനാകേന്ദ്രംവഴി ലഭിക്കുന്നതാണ്. അധ്യാപകരെ എല്ലാവരെയും സംഗമത്തിലേക്ക് പ്രത്യേകം ക്ഷണിക്കുന്നു.

**XII-ാം ക്ലാസിലെ കുട്ടികളുടെ ഫൊറോനതല സംഗമം**

ഈ വർഷം 12-ാം ക്ലാസിൽ പഠിക്കുന്ന എല്ലാ കുട്ടികളും അതാത് ഫൊറോനകേന്ദ്രങ്ങളിൽ ഒരുമിച്ച് കൂടുന്നു. ഇത് ഒരു പഠനസംഗമമാണ്. സെപ്റ്റംബർ, ഒക്ടോബർ, നവംബർ മാസങ്ങളിലാണ് പ്രസ്തുത സംഗമം ക്രമീകരിച്ചിരിക്കുന്നത്. കൂടുതൽ വിവരങ്ങൾ ഫൊറോന കേന്ദ്രങ്ങളിൽ നിന്നും അറിയിക്കുന്നതാണ്. എല്ലാ കുട്ടികളും നിർബന്ധമായും ഇതിൽ പങ്കെടുക്കണം.

**HDC Contact Class**

HDC - രണ്ടാം വർഷക്കാരുടെ അടുത്ത Contact Class ഒക്ടോബർ 9, 23 തീയതികളിൽ മാനന്തവാടിയിലും, ഒക്ടോബർ - 16 ന് മണിമൂളിയിലും നടത്തുന്നതാണ്.

**രൂപതാ സന്ദർശനം**

ഈ വർഷത്തെ രൂപതാ സന്ദർശനം ആരംഭിച്ചു. വിശ്വാസപരിശീലനവേദിയിൽ അധ്യാപകർക്ക് ആവശ്യമായ സഹായങ്ങൾ നൽകുവാനും, മതബോധന രംഗത്തെ മറ്റ് കാര്യങ്ങൾ ക്രമീകരിക്കുവാനും ഈ സന്ദർശനം അധ്യാപകർക്കും, രൂപതാകേന്ദ്രത്തിനും ഏറെ സഹായകമാകുന്നു. സന്ദർശന തീയതി അറിയിക്കുന്നതാണ്.

**HDC പുതിയ ബാച്ച്**

ഈ വർഷം HDC - കോഴ്സിലേക്ക് 189 പേരാണ് രജിസ്റ്റർ ചെയ്തിരിക്കുന്നത്. അവരുടെ ആദ്യത്തെ Contact Class കഴിഞ്ഞു. HDC - യിൽ ചേർന്ന എല്ലാവരെയും അഭിനന്ദിക്കുന്നു. അധ്യാപകരെ പ്രോത്സാഹിപ്പിക്കുന്ന ബഹു. വികാരിയച്ചന്മാർക്കും നന്ദി.

**ഡിഡാകെയിൻ**

Didakein ന്റെ പതിപ്പ് അധ്യാപകർക്ക് ലഭിച്ചു എന്ന് കരുതുന്നു. തങ്ങളുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും പ്രതീക്ഷിക്കുന്നു. Didakein വേണ്ടവിധം പ്രയോജനപ്പെടുത്തുവാൻ അധ്യാപകർ ശ്രദ്ധിക്കുമല്ലോ.

**ഫാ. ബെന്നി മുതിരക്കാലായിൽ**
മതബോധന ഡയറക്ടർ

# ബൈബിൾ അപ്പോസ്തലേറ്റ്

ഈ വർഷത്തെ ലോഗോസ് ക്വിസിന് 17874 പേർ രജിസ്ട്രേഷൻ നടത്തിയിട്ടുണ്ട് ഇടവകാംഗങ്ങളെ ലോഗോസ് ക്വിസിന്റെ ഭാഗമാക്കാൻ വേണ്ടി പ്രോൽസാഹിപ്പിച്ച എല്ലാ വൈദീകരെയും, സമർപ്പിതരെയും, മാതൃസംഘാംഗങ്ങളെയും നന്ദിയോടെ ഓർക്കുന്നു. ലോഗോസ് ക്വിസിന്റെ രൂപതാതല പരീക്ഷ സെപ്റ്റംബർ 26-ാം തീയതി ഞായറാഴ്ച ഉച്ചകഴിഞ്ഞാണ്. രജിസ്ട്രേഷൻ ചെയ്ത എല്ലാവരും നന്നായി പഠിച്ച് ഒരുങ്ങാൻ ശ്രദ്ധിക്കുമല്ലോ.

**സാഹിത്യമത്സരങ്ങൾ 2010 - ലേഖന മത്സരവിഷയങ്ങൾ**

| | | |
|---|---|---|
| അല്മായർ | - | ബൈബിളും മലയാളസാഹിത്യവും |
| സെമിനാരി | - | ബൈബിളും വൈദികപരിശീലനവും |
| സന്യാസികൾ | - | ബൈബിളും സന്യാസപാരമ്പര്യവും |

മത്സരത്തിനയയ്ക്കുന്ന കൃതികളോടൊപ്പം 50 രൂപ വീതം രജിസ്ട്രേഷൻ ഫീസും (MO/DD), വികാരിയുടെയോ/സുപ്പീരിയറിന്റെയോ സാക്ഷ്യപത്രവും അയയ്ക്കേണ്ടതാണ്. ഇവ രണ്ടും ലഭിക്കാത്ത രചനകൾ സ്വീകരിക്കുന്നതല്ല. മത്സരത്തിനയയ്ക്കുന്ന കൃതികൾ തിരിച്ചു നൽകുന്നതല്ല. കോപ്പികൾ ആവശ്യമുള്ളവർ മത്സരത്തിനയയ്ക്കുന്നതിനുമുമ്പ് വേറെ കരുതേണ്ടതാണ്. സമ്മാനാർഹമാകുന്ന കൃതികൾ ആദ്യം പ്രസിദ്ധീകരിക്കുവാനുള്ള അവകാശം കെ.സി.ബി.സി. ബൈബിൾ കമ്മീഷനായിരിക്കും. കൃതികൾ ലഭിക്കേണ്ട അവസാന തീയതി 2010 ഒക്ടോബർ 30 ആണ്. വൈകിയെത്തുന്ന കൃതികൾ സ്വീകരിക്കുന്നതല്ല.

**ബൈബിൾ കലോത്സവം 2010**

**രചനാ മത്സരങ്ങൾ: പ്രത്യേക നിബന്ധനകൾ**

1. മത്സരത്തിന് അയയ്ക്കുന്ന കൃതികൾ സ്വന്തവും സ്വതന്ത്രവുമായിരിക്കണം. അനുകരണമോ വിവർത്തനമോ മുമ്പ് പ്രസിദ്ധീകരിച്ചിട്ടുള്ളതോ പ്രസിദ്ധീകരണത്തിന് എവിടെയെങ്കിലും ഏൽപ്പിച്ചിട്ടുള്ളതോ ആയിരിക്കരുത്.

2. രചനകളിൽ പേരോ വിലാസമോ എഴുതരുത്. പേരും വിലാസവും രൂപതയുടെ പേരും മറ്റൊരു കടലാസിലെഴുതി പിൻ ചെയ്തിരിക്കണം.
3. കടലാസിന്റെ ഒരു വശത്തു മാത്രമേ എഴുതാവൂ. ചെറുകഥ 6 പേജുകളിലും, ലേഖനം 10 പേജുകളിലും, കവിത 60 വരികളിലും കവിയരുത്. ഏകാങ്കനാടകം 30 മിനിറ്റുകൊണ്ട് അവതരിപ്പിക്കാവുന്നതായിരിക്കണം.
4. രചനകൾ അയയ്ക്കുന്ന കവറിൽ (ബൈബിൾ കലോത്സവം 2010) എന്ന് എഴുതിയിരിക്കണം.
5. മത്സരത്തിനയയ്ക്കുന്ന കൃതികൾ തിരിച്ചു നൽകുന്നതല്ല. കോപ്പികൾ ആവശ്യമുള്ളവർ മത്സരത്തിനയയ്ക്കുന്നതിനുമുമ്പ് വേറെ കരുതേണ്ടതാണ്. രജിസ്ട്രേഷൻ ഫീസ് - അല്മായർ 50, സെമിനാരിക്കാർ 50, സന്യാസിനികൾ 50, നവംബർ 30-ന് മുമ്പ് ലഭിക്കത്തക്ക വിധത്തിൽ അയക്കേണ്ടതാണ്. ഈ തീയതിക്കുശേഷം ലഭിക്കുന്ന കൃതികൾ സ്വീകരിക്കുന്നതല്ല.
6. സമ്മാനാർഹമാകുന്ന കൃതികൾ ആദ്യം പ്രസിദ്ധീകരിക്കുവാനുള്ള അവകാശം കെ.സി.ബി.സി. ബൈബിൾ കമ്മീഷനായിരിക്കും.
7. വിദഗ്ദരുടെ ഒരു സമിതിയായിരിക്കും രചനകൾ പരിശോധിക്കുന്നതും വിജയികളെ നിശ്ചയിക്കുന്നതും. സമിതിയുടെ തീരുമാനം അന്തിമമായിരിക്കും.

**ലേഖന മത്സര വിഷയങ്ങൾ**

അല്മായർ :- മനുഷ്യൻ സൃഷ്ടിയുടെ കാര്യസ്ഥൻ. ഒരു ജൈവ വൈവിധ്യവർഷ വചനവിചിന്തനം

സെമിനാരിക്കാർ:- സങ്കീർത്തനങ്ങളിലെ പ്രകൃതിസ്നേഹം

സന്യാസിനികൾ:- പ്രകൃതിയിലൂടെയുള്ള വചനോപാസന. ഒരു സന്യാസ പൈതൃകം.

| മത്സരഇനം | രജി.ഫീസ്. | സമ്മാനങ്ങൾ | | |
|---|---|---|---|---|
| | | First | Second | Third |
| 1. കവിത | 50 | 1500 | 1000 | 750 |
| 2. ചെറുകഥ | 50 | 1500 | 1000 | 750 |
| 3. ഏകാങ്കനാടകം | 50 | 1500 | 1000 | 750 |
| 4. ലേഖനം - 1 | 50 | 1500 | 1000 | 750 |
| 5. ലേഖനം - 2 | 50 | 1500 | 1000 | 750 |
| 6. ലേഖനം - 3 | 50 | 1500 | 1000 | 750 |

കൃതികൾ അയയ്ക്കേണ്ട വിലാസം:- സെക്രട്ടറി, ബൈബിൾ കമ്മീഷൻ, പി.ഒ.സി., പി.ബി.നമ്പർ 2251, പാലാരിവട്ടം, കൊച്ചി-682025

**ഫാ. ഡെന്നീസ് കഴുതാടിയിൽ**

ഡയറക്ടർ, ബൈബിൾ അപ്പോസ്റ്റലേറ്റ്

# ചെറുപുഷ്പ മിഷൻലീഗ്

**മേഖലാ ഡയറക്ടേഴ്സ് ജോ.ഡയറക്ടേഴ്സ് സംഗമം**

മേഖലയിൽ സംഘടനാപ്രവർത്തനത്തിന് നേതൃത്വം നൽകുന്ന മേഖലാ ഡയറക്ടേഴ്സിന്റെയും ജോ.ഡയറക്ടേഴ്സിന്റെയും സംഗമം ജൂലൈ 29–ാം തീയതി ദ്വാരക പാസ്റ്ററൽ സെന്ററിൽ നടന്നു. സംഗമം രൂപതാ ഡയറക്ടർ റവ.ഫാ. ടോമി പുത്തൻപുരയ്ക്കൽ ഉദ്ഘാടനം ചെയ്തു. പ്രസിഡന്റ് രഞ്ജിത്ത് മുതുപ്ലാക്കൽ അദ്ധ്യക്ഷം വഹിച്ചു. സംസ്ഥാന വാർഷികത്തിന്റെ വിജയത്തെക്കുറിച്ച് ചർച്ചചെയ്യുകയും നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു. കൂടാതെ പ്രവർത്തനവർഷ പ്രോഗ്രാമുകളെക്കുറിച്ച് ചർച്ച ചെയ്തു. സംഗമത്തിൽ പങ്കെടുത്ത ബഹു. വൈദീകർക്കും സിസ്റ്റേഴ്സിനും രൂപതാ കുടുംബത്തിന്റെ നന്ദി.

**ശാഖാസന്ദർശനം**

രൂപതയുടെ നേതൃത്വത്തിൽ നടക്കുന്ന ശാഖാസെമിനാറും സന്ദർശനവും ഗൂഡല്ലൂർ, മാനന്തവാടി മേഖലകളിൽ നടന്നു. റവ.ഫാ. ജെസ്റ്റിൻ മൂന്നാനാൽ, റവ.ഫാ. ബിജു തൊണ്ടിപ്പറമ്പിൽ, റവ.ഫാ. സെബിൻ ഐക്കരത്താഴത്ത്, സി. വിനീത എസ്.എച്ച്., സി. ജെസ്സി പോൾ എസ്.എച്ച്., സി. ഡാനി മരിയ എസ്.എ.ബി.എസ്., ബ്ര. ഡേവിസ് കുറുമ്പാലക്കാട്ട്, രഞ്ജിത്ത് മുതുപ്ലാക്കൽ, ബനഡിക്റ്റ് കുറുമ്പാലക്കാട്ട്, ജോസ് മുണ്ടിയാനി, റവ.ഫാ. ജെയ്സ് ചെട്ട്യാശ്ശേരി, സി. കാതറിൻ സി.എം.സി. എന്നിവർ വിവിധ ശാഖകൾ സന്ദർശിക്കുകയും സെമിനാറിന് നേതൃത്വം നൽകുകയും ചയ്തു.

**കുഞ്ഞേട്ടൻ അനുസ്മരണം**

ചെറുപുഷ്പ മിഷൻലീഗ് സ്ഥാപകനേതാവായ കുഞ്ഞേട്ടൻ നമ്മിൽ നിന്ന് വേർപിരിഞ്ഞിട്ട് ഓഗസ്റ്റ് 11–ന് ഒരു വർഷം തികയുന്ന ഈ അവസരത്തിൽ ചെറുപുഷ്പ മിഷൻലീഗ് രൂപതാ എക്സിക്യൂട്ടീവ്

വി. ബലിയർപ്പിക്കുകയും പ്രത്യേകം പ്രാർത്ഥനകൾ നടത്തുകയും ചെയ്തു.

### സംസ്ഥാന മാനേജിംഗ് കമ്മിറ്റി

ഓഗസ്റ്റ് 14 ശനിയാഴ്ച പാലാ ചെമ്മരമറ്റത്ത് നടന്ന കുഞ്ഞേട്ടൻ അനുസ്മരണത്തിലും സംസ്ഥാന മാനേജിംഗ് കമ്മിറ്റിയിലും രൂപതാ എക്സിക്യൂട്ടീവ് അംഗങ്ങൾ പങ്കെടുത്തു.

### സംസ്ഥാന വാർഷികം - സ്വാഗതസംഘം

ഡിസംബർ 11-ന് മാനന്തവാടിയിൽ നടക്കുന്ന സംസ്ഥാന വാർഷികത്തിന്റെ വിജയത്തിനായി ഓഗസ്റ്റ് 9-ാം തീയതി ദ്വാരക പാസ്റ്ററൽ സെന്ററിൽ സ്വാഗതസംഘം ചേർന്നു. സിഞ്ചെല്ലൂസ് പെരിയ ബഹു. ജോസ് തേക്കനാടിയച്ചൻ സ്വാഗതസംഘ യോഗം ഉദ്ഘാടനം ചെയ്തു. കത്തീഡ്രൽ വികാരി വെരി. റവ.ഫാ. ജോർജ് മൈലാടൂർ, റവ.ഫാ. ബെന്നി മുതിരക്കാലായിൽ, ശ്രീ.തോമസ് ഏറണാട്ട്, രഞ്ജിത്ത് മുതുപ്ലാക്കൽ എന്നിവർ ആശംസകളർപ്പിച്ചു. സംസ്ഥാന പ്രസിഡന്റ് ശ്രീ. ബിനോയി പള്ളിപ്പറമ്പിൽ അദ്ധ്യക്ഷം വഹിച്ച യോഗത്തിന് രൂപതാ ഡയറക്ടർ റവ.ഫാ. ടോമി പുത്തൻപുരയ്ക്കൽ സ്വാഗതവും സെക്രട്ടറി ബിനു മാങ്കൂട്ടം നന്ദിയും പറഞ്ഞു.

### സ്വാഗതസംഘ കമ്മിറ്റി

| | |
|---|---|
| രക്ഷാധികാരി | : മാർ ജോസ് പൊരുന്നേടം |
| സഹരക്ഷാധികാരികൾ | : മോൺ. ജോർജ് മൂലയിൽ (വികാരി ജനറാൾ) |
| | : വെരി റവ.ഫാ. ജോസ് തേക്കനാടി (സിഞ്ചെല്ലൂസ്) |
| | : റവ.ഫാ. ജോർജ് മൈലാടൂർ (കത്തീഡ്രൽ വികാരി) |
| ചെയർമാൻ | : റവ.ഫാ. ടോമി പുത്തൻപുരയ്ക്കൽ (ഡയറക്ടർ) |
| ജനറൽ കൺവീനർ | : രഞ്ജിത്ത് മുതുപ്ലാക്കൽ (പ്രസിഡന്റ്) |

### വിവിധ സബ്ബ് കമ്മിറ്റികൾ

#### റിസപ്ഷൻ

| | |
|---|---|
| ചെയർമാൻ | : റവ. ഫാ. തോമസ് ചേറ്റാനി |
| വൈ.ചെയർമാൻ | : റവ.ഫാ. ജെയ്സൻ കുഴികണ്ടത്തിൽ |
| ജനറൽ കൺവീനർ | : ഷൈജു മഠത്തിൽ |

**പ്രോഗ്രാം**

| | | |
|---|---|---|
| ചെയർമാൻ | : | റവ. ഫാ. ജോസഫ് പരുവുമ്മേൽ |
| വൈ.ചെയർമാൻ | : | റവ.ഫാ. ഷൈജു പള്ളിച്ചാംകുടി |
| | : | റവ.ഫാ. വിനോദ് പാക്കാനിക്കുഴി |
| | : | റവ.ഫാ. ജോമി പതിപ്പറമ്പിൽ |
| ജനറൽ കൺവീനർ | : | ശ്രീ. തോമസ് ഏറണാട്ട് |

**ഭക്ഷണം**

| | | |
|---|---|---|
| ചെയർമാൻ | : | റവ.ഫാ. ചാണ്ടി പുനക്കാട്ട് |
| വൈ.ചെയർമാൻ | : | റവ.ഫാ. ജെയിംസ് ചക്കിട്ടക്കുടി |
| | : | റവ.ഫാ. അനിൽ മുഞ്ഞനാട്ട് |
| | : | റവ.ഫാ. ബിനോയി കാശാംകുറ്റി |
| ജനറൽ കൺവീനർ | : | സജി വേങ്ങത്തടം |

**അലങ്കാരം**

| | | |
|---|---|---|
| ചെയർമാൻ | : | റവ.ഫാ. ജോസ് മുണ്ടയ്ക്കൽ |
| വൈ.ചെയർമാൻ | : | റവ.ഫാ. സണ്ണി മഠത്തിൽ |
| ജനറൽ കൺവീനർ | : | ഡോളി പാറേക്കുടിയിൽ |

**ലോ & ഓർഡർ**

| | | |
|---|---|---|
| ചെയർമാൻ | : | റവ.ഫാ. സ്റ്റീഫൻ കോട്ടയ്ക്കൽ |
| വൈ.ചെയർമാൻ | : | റവ.ഫാ. ജോസഫ് തേരകം |
| | : | റവ.ഫാ. മനോജ് കറുത്തേടം |
| | : | റവ.ഫാ. ജെസ്റ്റിൻ മൂന്നാനാൽ |
| ജനറൽ കൺവീനർ | : | തോമസ് കല്ലറയ്ക്കൽ |

**റാലി**

| | | |
|---|---|---|
| ചെയർമാൻ | : | റവ.ഫാ. ജോർജ് മമ്പള്ളിൽ |
| വൈ.ചെയർമാൻ | : | റവ.ഫാ. സജി കോട്ടായിൽ |
| | : | റവ. ഫാ. മനോജ് കാക്കോനാൽ |
| | : | റവ.ഫാ. സണ്ണി കൊല്ലാർതോട്ടം |
| | : | റവ.ഫാ. തോമസ് കുറ്റിക്കാട്ടുകുന്നേൽ |
| ജനറൽ കൺവീനർ | : | ജോൺസൺ ചിറായിൽ |

**ഫിനാൻസ്**

| | | |
|---|---|---|
| ചെയർമാൻ | : | റവ.ഫാ. ജോർജ് മൈലാടൂർ |
| | : | റവ.ഫാ. ഗർവ്വാസീസ് മറ്റം |
| | : | റവ.ഫാ. അഗസ്റ്റിൻ നിലയ്ക്കപ്പള്ളി |
| ജനറൽ കൺവീനർ | : | ജോയി മേപ്പാടത്ത് |

**സ്റ്റേജ് & ഓഡിറ്റോറിയം**

ചെയർമാൻ : റവ.ഫാ. ജോസ് കൊച്ചറയ്ക്കൽ

വൈ.ചെയർമാൻ : റവ.ഫാ. ജോസ് കപ്യാരുമല

ജനറൽ കൺവീനർ : ഷാജി ചന്ദനപ്പറമ്പിൽ

**ലൈറ്റ് & സൗണ്ട്സ്**

ചെയർമാൻ : റവ.ഫാ. മാത്യു പൈക്കാട്ട്

വൈ.ചെയർമാൻ : റവ.ഫാ. ബിജു തൊണ്ടിപ്പറമ്പിൽ

: റവ.ഫാ. സെബിൻ ഐക്കരത്താഴത്ത്

ജനറൽ കൺവീനർ : ബിനീഷ് തുമ്പിയാംകുഴി

**പബ്ലിസിറ്റി**

ചെയർമാൻ : റവ.ഫാ. ജെയിംസ് കുന്നത്തേട്ട്

വൈ.ചെയർമാൻ : റവ.ഫാ. ഡെന്നീസ് കഴുതാടിയിൽ

: റവ.ഫാ. ജോസഫ് തേരകം

: റവ.ഫാ. ജെയിംസ് ചമ്പക്കര

ജനറൽ കൺവീനർ : സജി തറപ്പുതൊട്ടിയിൽ

**വെൽഫെയർ**

ചെയർമാൻ : റവ.ഫാ. ജോസഫ് മേച്ചേരിൽ

ജനറൽ കൺവീനർ : ഡോ. സെബാസ്റ്റ്യൻ

**രൂപതാ സാഹിത്യ മത്സരവും മേഖലാസന്ദർശനവും**

ഓഗസ്റ്റ് 15–ാം തീയതി രൂപതയിലെ വിവിധ മേഖലാകേന്ദ്രത്തിൽ വെച്ച് രൂപതാ സാഹിത്യമത്സരവും മേഖലാ സന്ദർശനവും നടത്തപ്പെട്ടു. രൂപതാ എക്സിക്യൂട്ടീവ് അംഗങ്ങൾ മത്സരങ്ങൾക്ക് നേതൃത്വം നൽകി.

**മിഷൻമാസാചരണം**

ഒക്ടോബർമാസം മിഷൻ ലീഗിനെ സംബന്ധിച്ചിടത്തോളം പ്രാധാന്യമുള്ള മാസമാണ്. എല്ലാ ശാഖകളും വിപുലമായി ആഘോഷിക്കേണ്ടതാണ്. സംസ്ഥാനവാർഷികത്തിനുള്ള പ്രചരണപരിപാടികളും ഒക്ടോബറിൽ നടത്തേണ്ടതാണ്. മിഷൻ മാസാചരണത്തിന്റെ റിപ്പോർട്ട് നവംബർ 10 നു മുമ്പ് രൂപതാ ഓഫീസിൽ എത്തിക്കേണ്ടതാണ്.

**സംസ്ഥാന സാഹിത്യമത്സരം**

സെപ്റ്റംബർ 21– ന് ദ്വാരക പാസ്റ്ററൽ സെന്ററിൽ വെച്ച് സംസ്ഥാന സാഹിത്യമത്സരം നടക്കുന്നതാണ്. രൂപതാ സാഹിത്യമത്സരത്തിൽ വിജയികളായവരാണ് സംസ്ഥാന സാഹിത്യ മത്സരത്തിൽ പങ്കെടുക്കേണ്ടത്.

**സാഹിത്യ ശില്പശാല**

സെപ്റ്റംബർ 20 നു വൈകുന്നേരം സംസ്ഥാന മത്സരത്തിൽ പങ്കെടുക്കുന്നവർക്ക് വേണ്ടി രൂപതാതലത്തിൽ സാഹിത്യ ശില്പശാല സംഘടിപ്പിക്കുന്നു. സംസ്ഥാന സാഹിത്യമത്സരത്തിൽ പങ്കെടുക്കുന്ന വർ സാഹിത്യശില്പശാലയിൽ പങ്കെടുക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

**കടുകുമണി ബൈബിൾ ക്വിസ്**

കടുകുമണി ബൈബിൾ ക്വിസ് മത്സരത്തിൽ രജിസ്ട്രേഷൻ സെപ്റ്റംബർ 21 നു മുമ്പ് ദ്വാരകയിൽ എത്തിക്കേണ്ടതാണ്.

**സംഭാവന കൂപ്പൺ**

സംഭാവന കൂപ്പൺ വിറ്റ ശാഖകൾ സെപ്റ്റംബർ 27 നു മുമ്പ് രൂപതാ ഓഫീസിൽ ഏൽപ്പിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ശാഖാ ഭാരവാഹികൾ ശ്രദ്ധിക്കുമല്ലോ.

**ആദരാഞ്ജലികൾ**

ചെറുപുഷ്പ മിഷൻലീഗ് മാനന്തവാടി രൂപത മുൻ ഡയറക്ടർ ബഹു. അബ്രാഹം നാടുകുന്നേലച്ചന്റെ മാതാവിന്റെ വിയോഗത്തിലും, ബഹു. തോമസ് പൊൻതൊട്ടിയച്ചന്റെ പിതാവിന്റെ വിയോഗത്തിലും, ബഹു. സെബാസ്റ്റ്യൻ പുത്തേനച്ചന്റെ മാതാവിന്റെ വിയോഗത്തിലും CML മാനന്തവാടി രൂപതാ കുടുംബം അനുശോചിക്കുകയും ആദരാഞ്ജലികൾ അർപ്പിക്കുകയും ചെയ്യുന്നു.

**ചിത്രഗിരി**

ചെറുപുഷ്പ മിഷൻലീഗ് ചിത്രഗിരി ശാഖാ പ്രസിഡന്റ് ശ്രീ. ഷൈജു പച്ചിക്കലിന്റെ ആകസ്മിക നിര്യാണത്തിൽ CML മാനന്തവാടി രൂപത അനുശോചിക്കുകയും ആദരാഞ്ജലികൾ അർപ്പിക്കുകയും ചെയ്യുന്നു.

**ക്ഷമാപണം**

കഴിഞ്ഞ മാസത്തെ ബുള്ളറ്റിനിൽ ശാഖാസന്ദർശനം നടത്തിയ വരുടെ പേരിൽ റവ. ഫാ. ജെസ്റ്റിൻ മൂന്നാനാൽ എന്നതിന് പകരം ജെസ്റ്റിൻ മൂങ്ങനാനിയിൽ എന്നായിരുന്നു എഴുതിയിരുന്നത്. ബഹു. അച്ചന്റെ പേര് അങ്ങനെ തെറ്റി വന്നതിൽ ആത്മാർത്ഥമായ ക്ഷമാപണം.

**മേഖല വാർത്തകൾ - മണിമൂളി**

മേഖല മാനേജിംഗ് കമ്മിറ്റി, കൗൺസിൽ എന്നിവ നടത്തി. മേഖല മാർഗ്ഗരേഖ "മിഴിവിളക്ക്" മേഖല രക്ഷാധികാരി മോൺ. ഫാ. ജോസ് തേക്കനാടി പ്രകാശന കർമ്മം നിർവ്വഹിച്ചു.

**പയ്യമ്പള്ളി മേഖല**

ബഹു. മേഖല ഡയറക്ടറച്ചന്റെ നേതൃത്വത്തിൽ മേഖല സാഹിത്യ മത്സരം നടത്തി. മേഖലയിലെ എല്ലാ ശാഖകളിലെയും അംഗങ്ങൾ പങ്കെടുത്തു.

**ശാഖാ വാർത്തകൾ**

*പൂളപ്പാടം* – രോഗി സന്ദർശനം നടത്തി.

*നെല്ലിയോടി* – ജൂലൈ 16 ന് ഇടവക ജനത്തിന് ഉത്തരീയം നൽകി.

*കയ്യൂന്നി* – അഗതി മന്ദിരം സന്ദർശിച്ചു. വസ്ത്രം നിത്യോപയോഗസാധനങ്ങൾ എന്നിവ വിതരണം ചെയ്തു.

*മാർട്ടിൻ നഗർ* – 10 kg. അരി പാവപ്പെട്ടവർക്ക് വിതരണം ചെയ്തു. പാവപ്പെട്ട ഒരു കുട്ടിക്ക് ഒരു ജോഡി ഡ്രസ് നൽകി.

*കണിയാരം* – ഏകദിന സെമിനാർ, ജീസസ് കിഡ്സ് 2010 നടത്തി.

*അരിഞ്ചേർമല* – വൃദ്ധമന്ദിരം – ഓസ്സാനാംഭവൻ സന്ദർശനം നടത്തി.

*ചിത്രഗിരി* – പഠനോപകരണങ്ങൾ വിതരണം ചെയ്തു. രോഗി സഹായം 500 രൂപ നൽകി.

*ചുള്ളിയോട്* – സൺഡേ സ്റ്റാർ തെരഞ്ഞെടുത്തു.

*അമ്പായത്തോട്* – സ്കൂളിലെ 10, +2 ക്ലാസ്സുകളിൽ ഏറ്റവും കൂടുതൽ മാർക്ക് നേടിയവർക്ക് 500 രൂപ കാഷ് അവാർഡ് നൽകി.

*മരകാവ്* – ശാലോം ടിവിയുടെ എയ്ഞ്ചൽവോയ്സ് എന്ന പരിപാടിയിൽ ശാഖയിൽ നിന്നും 7 പേർ പങ്കെടുത്തു.

*മരക്കടവ്* – ഒരു വീടിന് ഒരു വാഴ നടീൽ കർമ്മത്തിന് തുടക്കം കുറിച്ചു.

*ഏലപ്പീടിക* – കുഞ്ഞേട്ടന്റെ ആൽബം നിർമ്മിച്ചു.

*യവനാർകുളം* – ക്രിസ്റ്റീൻ ധ്യാനം നടത്തി.

*അപ്പപ്പാറ* – കരുണാഭവൻ സന്ദർശനം നടത്തി.

*വാകേരി* – ഏകദിന സെമിനാർ നടത്തി.

**കാണിക്ക തന്നവർ**

കല്ലുവയൽ – 300, തെനേരി – 150, ചിത്രഗിരി – 150, ചുങ്കക്കുന്ന് – 500.

മിഷൻലീഗ് അഭിവാദനങ്ങളോടെ,

**ബിനു മാങ്കൂട്ടത്തിൽ**
സെക്രട്ടറി

# കെ. സി. വൈ. എം.

പ്രിയ യുവജനസുഹൃത്തുക്കളേ,

"പരിത്രാണായ സാധുനാം
വിനാശായചദുഷ്കൃതം
ധർമ്മസംസ്ഥാപനാർത്ഥായാം
സംഭവാമിയുഗേ യുഗേ..."

എവിടെ ധർമ്മത്തിന് മേൽ അധർമ്മം ഭരണം നടത്തുന്നുവോ, അവിടെ അധർമ്മത്തെ തകർത്ത് ധർമ്മം പുന:സ്ഥാപിക്കാൻ കാലത്തിന്റെ പൂർണ്ണതയിൽ ഈശ്വരൻ പിറവിയെടുക്കുന്നു - എന്ന ഗീതാസൂക്തം യുവമനസ്സുകളിൽ അഗ്നിയായി ജ്വലിച്ച് നിൽക്കേണ്ട സമയമായി.

'രാഷ്ട്രദർശൻ - 10' എന്ന ഏകദിന യുവജനസംഗമത്തിലൂടെ ഒരു പുത്തൻ സാമൂഹിക ദർശനം രൂപപ്പെടുത്തുകയാണ് യുവജനത. സമൂഹത്തിലെ യുവത്വം നിഷ്ക്രിയമായാൽ സമൂഹം അന്ധകാരത്തിലേക്ക് നീങ്ങുമെന്ന് തിരിച്ചറിയുമ്പോൾ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് യുവജനങ്ങൾ കടന്നുവരണം. സംഘർഷബഹുലമായ അന്തരീഷത്തിൽ മൂല്യങ്ങൾ നിഷ്കാസനം ചെയ്യപ്പെടുമ്പോൾ, അഴിമതി ആരോപണങ്ങളുടെ വേലിയേറ്റത്തിൽ അധികാരവർഗ്ഗങ്ങൾ ആടിയുലയുമ്പോൾ, തീവ്രവാദബന്ധങ്ങളിലെ അടിയൊഴുക്കുകൾ നിയമവ്യവസ്ഥകളെ ബന്ധനസ്ഥമാക്കുമ്പോൾ - യുവജനങ്ങൾ സമാധാനത്തിന്റെ വാഹകരും, മൂല്യങ്ങളുടെ സംരക്ഷകരുമായി സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് കടന്നുവരണം. മാഫിയാസംഘങ്ങൾ, ക്വൊട്ടേഷൻ സംഘങ്ങൾ, മതരാഷ്ട്രീയ പക്ഷപാതികൾ, തീവ്രവാദ വർഗ്ഗീയമായ ചിന്താധാരകൾ സാധാരണ ജനത്തെ ചൂഷണം ചെയ്യുമ്പോൾ - വികസനത്തിന്റെ രാഷ്ട്രദർശനവുമായി യുവജനങ്ങൾ കടന്ന് വരട്ടെ എന്ന് ആശംസിക്കുന്നു.

ഒപ്പം – മത്സരങ്ങളുടെ നാളുകളായി... കലാസാഹിത്യ അഭിരുചികളുടെ വർണ്ണവിസ്മയങ്ങൾ യുവമനസ്സുകളെ ഊർജ്ജസ്വലമാക്കുമ്പോൾ അത് കൂട്ടായ്മയുടെയും ആത്മ അവബോധത്തിന്റേയും അവസരങ്ങളാകട്ടെ... ഈ വർഷം ഡിസംബർ 3, 4, 5 തീയതികളിലായി മാനന്തവാടി രൂപതയിൽ വച്ച് നടക്കുന്ന സംസ്ഥാന കലാമത്സരമായ ഉത്സവ് – 10 ന് പ്രാർത്ഥനാപൂർവ്വം നമ്മുക്ക് ഒരുങ്ങാം... വിജയങ്ങൾ ആശംസിച്ചുകൊണ്ട്.

സ്നേഹപൂർവ്വം,

**സണ്ണിയച്ചൻ**

## ICYM ദേശീയ കൺവെൻഷൻ

2010 ഒക്ടോബർ 10 മുതൽ 18 വരെ ICYM ന്റെ നേതൃത്വത്തിൽ നോർത്ത് ഈസ്റ്റ് റീജിയന്റെ ആതിഥേയത്വത്തിൽ ഷില്ലോംഗിൽവച്ച് ദേശീയ കൺവെൻഷൻ നടക്കുന്നു. 'Youth for peace and harmony' എന്ന വിഷയത്തിലൂന്നിയ പഠനശിബിരവും, നോർത്ത് ഈസ്റ്റ് റീജിയനിലെ വിവിധ സംസ്കാരങ്ങളുമായുള്ള ഇടപെഴകലും ഒന്നിച്ച് ചേർത്തുള്ള ഈ ദേശീയ കൺവെൻഷനിൽ രൂപതാ സെക്രട്ടറിയേറ്റ് അംഗങ്ങൾ പങ്കെടുക്കുന്നു.

## MIJARC അസംബ്ലി – ചാലക്കുടി

അന്താരാഷ്ട്ര യുവജനസംഘടനയായ മിജാർക്കിന്റെ കൺവെൻഷനും, സെമിനാറും, റാലിയും ജൂലൈ 24–ാം തീയതി ചാലക്കുടിയിൽവച്ചു നടന്നു. മാനന്തവാടി രൂപത കെ.സി.വൈ.എം. നെ പ്രതിനിധീകരിച്ച് മിജാർക്ക് സൊളിഡാരിറ്റി ഏഷ്യൻ പ്രതിനിധി ജോസ് പള്ളത്ത്, രൂപതാ സെക്രട്ടറി വിപിൻ പനമട, സംസ്ഥാന സെനറ്റ് അംഗങ്ങളായ ബിനോയി പാനികുളം, ഷംജിത് ചേലയ്ക്കൽ, ജെസോയി മൂങ്ങനാനിയിൽ, രൂപതാ സിൻഡിക്കേറ്റംഗം ജോൺസൺ ചക്കാലയ്ക്കൽ എന്നിവർ പങ്കെടുത്തു.

## ഉത്സവ് 2010 – മാനന്തവാടി രൂപതയിൽ

2010 വർഷത്തെ സംസ്ഥാന കലാസാഹിത്യ മത്സരങ്ങൾ 'ഉത്സവ് 2010' മാനന്തവാടി രൂപതയിൽ വച്ച് നടത്തപ്പെടുന്ന വിവരം ഏറെ സന്തോഷത്തോടെ അറിയിക്കട്ടെ. ഉത്സവ് 2010 നായി നടത്തേണ്ട ഒരുക്കങ്ങളെപ്പറ്റി ചർച്ചചെയ്യുവാൻ 25–7–2010 ന് ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് രൂപതാ സിൻഡിക്കേറ്റംഗങ്ങളുടെയും മേഖല ഡയറക്ടർമാരുടെയും മേഖല ഭാരവാഹികളുടെയും ഒരു സംയുക്ത മീറ്റിംഗ് നടന്നു. ഭക്ഷണം സാമ്പത്തികം, കലാസന്ധ്യ എന്നിവയെക്കുറിച്ച് ചർച്ചകൾ നടന്നു. വിപുലമായ സംഘാടകസമിതി മറ്റൊരു ദിവസം സംസ്ഥാന നേതൃത്വത്തോ

ടൊപ്പം ചേരുവാൻ തീരുമാനിച്ചു. യോഗത്തിൽ സജിൻ ജോസ് ചാലിൽ അദ്ധ്യക്ഷനായിരുന്നു. ഫാ. സണ്ണി കൊല്ലാർതോട്ടം ആമുഖ പ്രഭാഷണം നടത്തി. ചർച്ചയിൽ പങ്കുചേർന്ന ഏവരെയും അനുമോദിക്കുന്നു. ഒപ്പം 'ഉത്സവ് 2010' ഒരു വൻവിജയമാക്കുവാൻ വേണ്ട പിന്തുണയും തേടുന്നു.

## റിസോഴ്സ് ടീം ട്രെയിനിംഗ്

യൂണിറ്റ് വിസിറ്റിംഗുകളും മേഖലാ കൺവെൻഷനുകളും നട ന്നുവരുന്ന സമയമാണല്ലോ ഇപ്പോൾ. ഇതിന്റെ വിജയത്തിനായി രൂപ തയിലെ തെരഞ്ഞെടുക്കപ്പെട്ട റിസോഴ്സ് അംഗങ്ങളെ ഉൾപ്പെടുത്തി ഒരു ട്രെയിനിംഗ് പ്രോഗ്രാം 25-7-2010 ന് ദ്വാരകയിൽ വച്ചുനടന്നു. മുൻ സംസ്ഥാന ട്രഷറർ ശ്രീ. അലക്സ് താളുംപാടം ക്ലാസെടുത്തു.

## സംസ്ഥാന അർദ്ധവാർഷിക സെനറ്റ്

തിരുവല്ലയിൽ വച്ച് നടന്ന സംസ്ഥാന അർദ്ധവാർഷിക സെനറ്റിൽ രൂപതയിൽ നിന്നും സെനറ്റംഗങ്ങളായ അനീഷ് ഓമക്കര, ലിജി കളരിക്കൽ, ഷംജിത് ചേലയ്ക്കൽ, ജെസോയി മൂങ്ങനാനിയിൽ, ബിനോയി പാനികുളം, സീന എടമറ്റത്തിൽ എന്നിവർ പങ്കെടുക്കുകയും മാനന്തവാടി രൂപത കെ.സി.വൈ.എം. ന്റെ അർദ്ധവാർഷിക റിപ്പോർട്ട് അവതരിപ്പിക്കുകയും ചെയ്തു.

## രാഷ്ട്രദർശൻ 2010 : മേഖല കൺവെൻഷൻ

ഒണ്ടയങ്ങാടി:- പയ്യംപള്ളി മേഖലാ കൺവെൻഷൻ 9-8-2010 ന് ഒണ്ടയങ്ങാടി യൂണിറ്റിൽ വച്ചു നടന്നു. രൂപതാ ഡയറക്ടർ റവ. ഫാ. സണ്ണി കൊല്ലാർതോട്ടം ഉദ്ഘാടനം ചെയ്തു. മേഖലാപ്രസിഡന്റ് ജോമറ്റ് തൂപ്പുംകര അദ്ധ്യക്ഷനായിരുന്നു. മേഖലാ ഡയറക്ടർ റവ. ഫാ. സിബിച്ചൻ ചേലയ്ക്കാപ്പള്ളി, സജിൻ ജോസ് ചാലിൽ, സി. ജെസ്‌ലിമ എസ്.ഡി., നീന വടക്കേൽ, മാർട്ടിൻ സ്രാത്താഴത്ത്, സജീഷ്, ട്രീസ പുളിക്കകണ്ടത്തിൽ എന്നിവർ സംസാരിച്ചു. ശ്രീ. ജോസ് പള്ളത്ത്, റവ. ഫാ. ബാബു മാപ്ലശേരി എന്നിവർ ക്ലാസെടുത്തു. പങ്കെടുത്ത് വിജയി പ്പിച്ച ഏവർക്കും അഭിനന്ദനങ്ങൾ.

## നടവയൽ മേഖല

നടവയൽ മേഖലകൺവെൻഷൻ 14-8-10 ന് നടവയൽ സ്കൂൾ ഓഡിറ്റോറിയത്തിൽ വച്ച് നടന്നു. 175 ഓളം യുവജനങ്ങൾ പങ്കെടുത്ത രാഷ്ട്രദർശൻ മേഖലാ കൺവെൻഷൻ രൂപതാപ്രസിഡന്റ് സജിൻ ജോസ് ചാലിൽ ഉദ്ഘാടനം ചെയ്തു. മേഖലാ പ്രസിഡന്റ് ബെനഡിക്ട് അധ്യക്ഷനായിരുന്നു. സംസ്ഥാന സിൻഡിക്കേറ്റംഗം അനീഷ് ഓമക്കര, മേഖലാ ഡയറക്ടർ റവ. ഫാ. ജോഷി പുൽപയിൽ, റവ. ഫാ. ജെയിംസ്

കുന്നത്തേട്ട്, രൂപതാ സെക്രട്ടറി വിപിൻ പനമട, വിപിൻ മുതുപ്ലാക്കൽ, റിയ, സി. ജെസ്‌ലിമ എസ്.ഡി. എന്നിവർ സംസാരിച്ചു. ശ്രീ. സെബാസ്റ്റ്യൻ പാലംപറമ്പിൽ, റവ.ഫാ. ബാബു മാപ്ലശേരി എന്നിവർ ക്ലാസ് എടുത്തു. അനീഷ് ഓമക്കര ചർച്ച നയിച്ചു.

**യൂണിറ്റ് സന്ദർശനം**

ഈ വർഷത്തെ യൂണിറ്റ് സന്ദർശനം കൽപ്പറ്റ മേഖലയിൽ ആരംഭിച്ചു. 1-8-10 ന് കൽപറ്റ മേഖലയിലെ വിവിധ യൂണിറ്റുകളിലായി ബിനോയി പാനികുളം, ബെന്നി വെട്ടിക്കൽ, സി. ജെസ്‌ലിമ എസ്.ഡി., സജിൻ ചാലിൽ, നീന വടക്കേൽ, ലിജി കളരിക്കൽ എന്നിവർ സന്ദർശനം നടത്തി.

**അനുശോചനങ്ങൾ**

കഴിഞ്ഞമാസം കെ.സി.വൈ.എം. മാനന്തവാടി രൂപതയിലെ ചില വ്യക്തികളുടെ വിയോഗങ്ങൾ ഏറെ നൊമ്പരപ്പെടുത്തുന്നതായി. കെ. സി.വൈ.എം. മാനന്തവാടി രൂപതയെയും സംസ്ഥാന ഘടകത്തെയും സമൂഹത്തിന്റെ മുഖ്യ ആകർഷണഘടകമാക്കി മാറ്റുവാൻ കൈപിടിച്ചു നയിച്ച ഏറെ ആദരണീയ ഡയറക്ടർ സെബാസ്റ്റ്യൻ പുത്തേനച്ചന്റെ പ്രിയ മാതാവിന്റെ നിര്യാണത്തിലും കെ.സി.വൈ.എം. നെ ഏറെ കരുതലോടെ നയിച്ച പൊൻതൊട്ടിയച്ചന്റെ പിതാവിന്റെ നിര്യാണത്തിലും കെ.സി.വൈ.എം. മാനന്തവാടി രൂപത അനുശോചനം രേഖപ്പെടുത്തി.

**പ്രിയ ഷൈജുവിന് യാത്രാമൊഴി**

കെ.സി.വൈ.എം. ബത്തേരി മേഖലയുടെ മുൻ പ്രസിഡന്റായി ഊർജ്ജസ്വലതയോടെ പ്രവർത്തിച്ച ഷൈജു പച്ചിക്കലിന്റെ നിര്യാണം രൂപതയിലെ ഏവരിലും സങ്കടക്കടൽ തീർക്കുകയുണ്ടായി. കഴിഞ്ഞ വർഷം ഉരുൾപൊട്ടൽ നടന്ന ചിത്രഗിരിയിലെ പലരെയും ജീവിതത്തിലേക്ക് കൈപിടിച്ചു നടത്തിയ ഷൈജുവിന്റെ വിരലിൽ പിടിച്ച് ഈ വർഷം മരണം കൂട്ടി കൊണ്ടുപോയി. അപകടം നടന്ന ദിവസം മുതൽ മരണദിനം വരെ ഷൈജുവിനുവേണ്ടി പ്രാർത്ഥിക്കുകയും മാതാപിതാക്കൾക്ക് സാന്ത്വനമേകുകയും ചെയ്ത ഏവർക്കും നന്ദി രേഖപ്പെടുത്തുന്നു.

**സെപ്റ്റംബർ 21 - രൂപതാ സാഹിത്യമത്സരം**

ഈ വർഷത്തെ രൂപതാ സാഹിത്യ മത്സരങ്ങൾ സെപ്റ്റംബർ 21-ാം തീയതി അതാത് മേഖലകളിൽ വച്ചു നടക്കുന്നതായിരിക്കും. മേഖലകളും യൂണിറ്റുകളും ഇതിനുവേണ്ട ഒരുക്കങ്ങൾ നടത്തണമെന്ന് അറിയിക്കുന്നു.

**ഒക്ടോബർ 2 – PEARL കലാമത്സരം**

ഈ വർഷത്തെ രൂപതാ കലാമത്സരങ്ങൾ ഒക്ടോബർ 2–ാം തീയതി ന്യൂമാൻസ് കോളേജിൽ വച്ചു നടത്തപ്പെടുന്ന വിവരം അറിഞ്ഞുകാണുമല്ലോ. മത്സരയിനവും, സമയക്രമവും, നിബന്ധനകളും അതാത് മേഖലകളെ അറിയിച്ചിട്ടുണ്ട്. ഭാരവാഹികൾ ഇക്കാര്യത്തിൽ ശ്രദ്ധിച്ച് നല്ലൊരു മത്സരത്തിനായി ഒരുങ്ങുമല്ലോ.

**യൂണിറ്റ് സന്ദർശനം**

കെ.സി.വൈ.എം. രൂപതാഘടകം വിവിധ യൂണിറ്റുകളിൽ നടത്തിവരുന്ന യൂണിറ്റു സന്ദർശനവും ക്ലാസും സെപ്റ്റംബർ മാസം മാനന്തവാടി, നടവയൽ, തരിയോട് മേഖലകളിലെ യൂണിറ്റുകളിൽ നടത്തുന്നു. യൂണിറ്റുകൾ ഈ കാര്യം പ്രത്യേകം ശ്രദ്ധിച്ച് വേണ്ട മുന്നൊരുക്കങ്ങൾ നടത്തുമല്ലോ.

**മാനന്തവാടി മേഖല :** സെപ്റ്റംബർ 5 – ആലാറ്റിൽ, കുറ്റിമൂല, കണിയാരം, മാനന്തവാടി ടൗൺ ചർച്ച്, പേര്യ, പോരൂർ, തവിഞ്ഞാൽ

**ബത്തേരി മേഖല :** സെപ്റ്റംബർ 5 – വാകേരി

**നടവയൽ മേഖല :** സെപ്റ്റംബർ 19 – അരിഞ്ചേർമല, ചെറുകാട്ടൂർ, ചുണ്ടക്കര, കല്ലുവയൽ, കേണിച്ചിറ, നടവയൽ, വാളവയൽ, വിളമ്പുകണ്ടം.

**തരിയോട് മേഖല :** സെപ്റ്റംബർ 26 – ചെന്നലോട്, കാവുംമന്ദം, കോട്ടത്തറ, കുറുമ്പാല, കുറുമണി, മംഗളം, മഞ്ഞൂറ, പുതിയിടംകുന്ന്, തരിയോട്

**മേഖലാവാർത്തകൾ – മാനന്തവാടി മേഖല**

മാനന്തവാടി മേഖലയിലെ വിവിധ യൂണിറ്റുകളിൽ 4–7–10 ന് യുവജനദിനം ആഘോഷിച്ചു. ദ്വാരകയിൽ നടന്ന രൂപതാ അർദ്ധവാർഷിക സെനറ്റിൽ മേഖലയിൽ നിന്നും 7 അംഗങ്ങൾ പങ്കെടുത്തു. 11–7–10 ന് കണിയാരത്ത് വച്ചുനടന്ന മേഖലാ സാഹിത്യമത്സരത്തിൽ വിവിധ യൂണിറ്റുകളിൽ നിന്നായി 70 പേര് പങ്കെടുത്തു. വർദ്ധിച്ചുവരുന്ന ലഹരി പദാർത്ഥ ഉപയോഗത്തിനെതിരെ മേഖലാ പ്രസിഡന്റ് ബിജു പുത്തൻകണ്ടത്തിന്റെ നേതൃത്വത്തിൽ മാനന്തവാടിയിൽ കത്തുകൾ വിതരണം ചെയ്യുകയും കച്ചവടക്കാരെ ബോധവത്ക്കരിക്കുകയും ചെയ്തു.

**തരിയോട് മേഖല**

തരിയോട് മേഖലയെ നയിക്കാൻ പുതിയതായി കടന്നുവന്ന

ഡയറക്ടർ റവ. ഫാ. റെജി മുതുകത്താനി, ആനിമേറ്റർ സി. ആൻസ് FCC എന്നിവർക്ക് മേഖലാസമിതി കാവുംമന്ദം പള്ളിയിൽ വച്ച് സ്വീകരണം നൽകി. തരിയോട് മേഖലയെ ഒരു വർഷം നയിച്ച റവ. ഫാ. ജോജോ ചങ്ങനാംതുണ്ടത്തിൽ, സി. ലിൻസ FCC എന്നിവർക്ക് യാത്രയയപ്പ് നൽകി. ലോകപരിസ്ഥിതി ദിനത്തോട് അനുബന്ധിച്ച് രൂപതയിൽ നിന്നും തന്ന 500 വൃക്ഷതൈകൾ മേഖലയിലെ എല്ലാ യൂണിറ്റുകളിലും നൽകി. 11-7-2010 ന് കാവുംമന്ദം പള്ളിയിൽവച്ച് മേഖലാ അർദ്ധവാർഷിക സെനറ്റ് നടത്തി. മേഖലയുടെ മാർഗ്ഗരേഖ "ചുവടുകൾ" മേഖലാ ഡയറക്ടർ റവ.ഫാ. റെജി മുതുകത്താനി പ്രകാശനം ചെയ്തു. ചാലക്കുടിയിൽ വച്ചു നടന്ന മിജാർക്ക് അന്താരാഷ്ട്ര സിമ്പോസിയത്തിൽ തരിയോട് മേഖലയിൽ നിന്നും ജോൺസൺ ചക്കാലക്കലും എബി മുട്ടാപ്പള്ളിയും പങ്കെടുത്തു.

## കൊട്ടിയൂർ മേഖല

ആഗസ്റ്റ് 1-ന് ചുങ്കക്കുന്ന് ഫൊറോന ചർച്ചിൽവച്ച് മേഖലാ സെനറ്റ് കൂടി. ഫൊറോനാവികാരി റവ.ഫാ. തോമസ് ചേറ്റാനി ഉത്ഘാടനം ചെയ്തു. റവ.ഫാ. ഷാജി മുളകുടിയാങ്കൽ വചനപ്രതിഷ്ഠ നടത്തി. മേഖലാഡയറക്ടർ റവ.ഫാ. ജോജോ ചങ്ങനാംതുണ്ടത്തിൽ സ്വാഗതം ആശംസിച്ചു. രൂപതാ ഡയറക്ടർ റവ.ഫാ. സണ്ണി കൊല്ലാർതോട്ടം മുഖ്യപ്രഭാഷണം നടത്തുകയും ക്ലാസ് നയിക്കുകയും ചെയ്തു. മേഖലാ ആനിമേറ്റർ സി. വിൻസി ജോൺ FCC മേഖലയുടെ മാർഗ്ഗരേഖ പ്രകാശനം നടത്തി. മേഖലാ പ്രസിഡന്റ് മുകേഷ് മുണ്ടുനടക്കൽ അദ്ധ്യക്ഷനായിരുന്നു. ഷിബു പുതിയവീട്ടിൽ ആശംസ അർപ്പിച്ചു. നീന വെട്ടിക്കൽ, അനൂപ് ഏറത്തേടത്ത്, അരുൺഘോഷ് മാളിയേക്കപറമ്പിൽ എന്നിവർ നേതൃത്വം നൽകി.

## ശാന്തിഗിരി യൂണിറ്റ്

യുവജനദിനത്തോടനുബന്ധിച്ച് സെമിനാർ നടത്തി. ഡോ. സി. ഡെയ്സി ജോസഫ് എഫ്.സി.സി. ക്ലാസ് എടുത്തു. യുവജനങ്ങളുടെ അംഗത്വ സ്വീകരണം നടത്തി.

## മരക്കടവ് യൂണിറ്റ്

ആഗസ്റ്റ് 6-ന് കെ.സി.വൈ.എം. മരക്കടവ് യൂണിറ്റിന്റെ നേതൃത്വത്തിൽ രണ്ടു കുടുംബങ്ങളിലെ ദമ്പതിമാരെ 'മുക്തി'ക്ക് പറഞ്ഞയച്ചു. മദ്യപാനത്തിന് അടിമകളായ പലരേയും യൂണിറ്റ് ഭാരവാഹികൾ സന്ദർശിക്കുകയും ഇതിന്റെ ദൂഷ്യവശങ്ങളെക്കുറിച്ച് ലഘുരേഖകൾ വിതരണം ചെയ്യുകയും ചെയ്തു.

## പടമല യൂണിറ്റ്

4-7-2010 ന് കെ.സി.വൈ.എം. അംഗങ്ങൾ ഒരുമിച്ച് കൂടുകയും പള്ളിയിലേക്ക് വരുന്ന റോഡ് ശ്രമദാനമായി നന്നാക്കുകയും ചെയ്തു. 11-7-2010 ന് ഒണ്ടയങ്ങാടിയിൽ വച്ചു നടന്ന മേഖലാ സിൻഡിക്കേറ്റിൽ പടമല യൂണിറ്റ് അംഗങ്ങൾ പങ്കെടുത്തു. 25-7-2010 ന് നടന്ന മേഖലാ സാഹിത്യമത്സരത്തിൽ യൂണിറ്റിൽ നിന്നും അംഗങ്ങൾ പങ്കെടുത്തു. പള്ളിയിൽ ആരംഭിച്ച സെമിത്തേരിയുടെ പണിയിൽ കെ.സി.വൈ.എം. അംഗങ്ങൾ സജീവമായി പങ്കെടുത്തു.

## ചെന്നലോട് യൂണിറ്റ്

ചെന്നലോട് യൂണിറ്റിൽ യുവജനദിനാഘോഷം റവ.ഫാ. സെബാസ്റ്റ്യൻ പാലക്കി ഉത്ഘാടനം ചെയ്തു. രൂപതാ ഡയറക്ടർ റവ.ഫാ. സണ്ണി കൊല്ലാർതോട്ടം ക്ലാസ് നയിച്ചു. കെ.സി.വൈ.എം. അംഗങ്ങളുടെ നേതൃത്വത്തിൽ കാഴ്ചസമർപ്പണം നടത്തി. റവ.ഫാ. സണ്ണി കൊല്ലാർതോട്ടം വി.കുർബാന അർപ്പിച്ചു. സന്തോഷ് ഞാറക്കുളം, ജോൺസൺ ചക്കാലക്കൽ, ബിനു കുന്നത്ത്, ഷിന്റോ മുടിയാട്ടുപറമ്പിൽ, അരുൺ വർഗ്ഗീസ് തുടങ്ങിയവർ നേതൃത്വം നൽകി.

സ്നേഹത്തോടെ,

**ബെന്നി പച്ചിക്കൽ**
ജനറൽ സെക്രട്ടറി

# കുടുംബ പ്രേഷിതത്വം

ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് ജൂലൈ 30 മുതൽ ആഗസ്റ്റ് 02 വരെ നടന്ന കോഴ്സിൽ 81 പേരും ആഗസ്റ്റ് 14 മുതൽ 17 വരെ നടന്ന MPC കോഴ്സിൽ 96 പേരും പങ്കെടുത്തു. കോഴ്സിന്റെ വിജയത്തിനായി യത്നിച്ച എല്ലാ വൈദികരെയും കുടുംബപ്രേഷിതത്വ ടീം അംഗങ്ങളെയും നന്ദിപൂർവ്വം സ്മരിക്കുന്നു.

**അടുത്ത മാസങ്ങളിലെ കോഴ്സുകൾ**

| | | |
|---|---|---|
| സെപ്റ്റംബർ 27 – 30 | - | പാസ്റ്ററൽ സെന്റർ ദ്വാരക |
| ഒക്ടോബർ 09 –12 | - | പാസ്റ്ററൽ സെന്റർ ദ്വാരക |
| ഒക്ടോബർ 27 –30 | - | പാസ്റ്ററൽ സെന്റർ ദ്വാരക |

## കത്തോലിക്കാ മാതൃ-സംഘടന

ആഗസ്റ്റ് 09 ന് രൂപതാ ഡയറക്ടർ ബഹു. ഡെന്നിസച്ചന്റെ നേതൃത്വത്തിൽ രൂപതാ എക്സിക്യൂട്ടീവ് ചേർന്നു. മേഖലാ സന്ദർശന തീയതികൾ തീരുമാനിക്കുകയും 2011 വർഷത്തിലേക്കുള്ള പ്രവർത്തന മാർഗ്ഗരേഖ തയ്യാറാക്കുന്നതിനെക്കുറിച്ച് ചർച്ച ചെയ്യുകയും മീറ്റിംഗിൽ ശ്രീമതി കത്രിക്കുട്ടി സ്വാഗതവും, ശ്രീമതി ഷൈനി നന്ദിയും രേഖപ്പെടുത്തി. സെപ്റ്റംബർ 07 ന് അടുത്ത രൂപതാ എക്സിക്യൂട്ടീവ്.

**കല്ലോടി മേഖല**

ജൂലൈ 31 ന് രൂപതാ ടീം കല്ലോടി മേഖല സന്ദർശനം നടത്തി. ബഹു. അഗസ്റ്റ്യൻ താന്നിയിലച്ചൻ സ്വാഗതം ആശംസിച്ചു. രൂപത ഡയറക്ടർ റവ.ഫാ.ഡെന്നീസ് കഴുതാടിയിൽ ഉദ്ഘാടനം ചെയ്യുകയും സംഘടനയുടെ പ്രാധാന്യത്തെക്കുറിച്ചും, മക്കളുടെ കാര്യത്തിൽ അമ്മമാർ അതീവ ശ്രദ്ധയുള്ളവരാകണമെന്നതിനെക്കുറിച്ചും അച്ചൻ ഓർമ്മിപ്പിച്ചു. കുട്ടികളുടെ വളർച്ചയിൽ അമ്മമാർക്കുള്ള പങ്കിനെക്കുറിച്ച് രൂപതാ ആനിമേറ്റർ സി.ടെസീന ക്ലാസ്സെടുക്കുകയും ചെയ്തു. രൂപതാ ടീം എല്ലാ ശാഖകളുടെയും കണക്ക്, റിപ്പോർട്ട് എന്നിവ പരിശോധിച്ചു. ഗ്രൂപ്പ് ചർച്ച

കളിലൂടെ അമ്മമാരുടെ അഭിപ്രായങ്ങളും ആശയങ്ങളും പങ്കുവെയ്ക്കുകയും കൂടുതൽ ഉണർന്നു പ്രവർത്തിക്കുവാൻ വേണ്ട പ്രോത്സാഹനങ്ങൾ നൽകുകയും ചെയ്തു.

**പയ്യമ്പള്ളി മേഖല**

ആഗസ്റ്റ് 07 ന് രൂപതാ ടീം പയ്യമ്പള്ളി മേഖല സന്ദർശനം നടത്തി. ബഹു. സിബി അച്ചൻ സ്വാഗതം ആശംസിച്ചു. രൂപത ഡയറക്ടർ റവ. ഫാ. ഡെന്നീസ് കഴുതാടിയിൽ നിലവിളക്ക് തെളിച്ച് ഉദ്ഘാടന കർമ്മം നിർവ്വഹിക്കുകയും ചെയ്തു. കുട്ടികളുടെ വളർച്ചയിൽ അമ്മമാർക്കുള്ള പങ്കിനെക്കുറിച്ച് രൂപതാ പ്രസിഡണ്ട് ശ്രീ. മോളി കരിമ്പനാക്കുഴി ക്ലാസ്സെടുക്കുകയും രൂപതാ ടീം എല്ലാ ശാഖകളുടെയും കണക്ക്, റിപ്പോർട്ട് എന്നിവ പരിശോധിക്കുകയും ചെയ്തു. സംഘടന അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളെക്കുറിച്ചും കൂടുതൽ സജീവമാക്കാനുള്ള മാർഗ്ഗങ്ങളെക്കുറിച്ചും നടത്തിയ ഗ്രൂപ്പ് ചർച്ചകൾക്ക് രൂപതാ ടീം നേതൃത്വം നൽകി. സംഘാംഗങ്ങളുടെ പ്രവർത്തനം മറ്റുള്ളവർക്ക് പ്രയോജനപ്രദമാകത്തക്കവണ്ണം ക്രമീകരിക്കുവാനും, മക്കളുടെ കാര്യത്തിൽ അമ്മമാർ അതീവ ശ്രദ്ധയുള്ളവരാകണമെന്ന് അച്ചൻ അമ്മമാരെ ഓർമ്മിപ്പിച്ചു. ഒമ്പത് ശാഖകളിലെ ഭാരവാഹികൾ പങ്കെടുത്തു. മേഖലാ പ്രസിഡണ്ട് ശ്രീമതി മോളി ഏവർക്കും നന്ദിയർപ്പിച്ചു.

**തരിയോട് മേഖല**

തരിയോട് മേഖല മാതൃസംഘത്തിന്റെ ഒരു സംഗമം ഓഗസ്റ്റ് 07 ന് ചെന്നലോട് ശാഖയിൽ വെച്ച് നടത്തി. മേഖല ഡയറക്ടർ ബഹു. സെബാസ്റ്റ്യൻ പാലക്കി അച്ചൻ സംഗമം ഉദ്ഘാടനം ചെയ്തു. മേഖലാ പ്രസിഡണ്ട് ശ്രീമതി എൽസി ടീച്ചർ അദ്ധ്യക്ഷയായിരുന്നു. മേഖലാ ആനിമേറ്റർ സി. ആൻസി ജോസ് സ്വാഗതം ആശംസിച്ചു. പ്രവർത്തന റിപ്പോർട്ട് മേഖലാ സെക്രട്ടറി അന്നമ്മ പുതുക്കാട്ടിൽ അവതരിപ്പിച്ചു.

മേഖലാ ഡയറക്ടറായി സ്ഥാനമേറ്റെടുത്ത പാലക്കിയച്ചനേയും, ആനിമേറ്ററായി സ്ഥാനമേറ്റെടുത്ത സി. ആൻസി ജോസിനെയും അനുമോദിച്ചുകൊണ്ട് ചെന്നലോട് ശാഖാ ആനിമേറ്റർ സി. ആൻസില്ല പ്രസംഗിച്ചു. ഓരോ യൂണിറ്റിലും കുടുംബ പ്രേഷിതത്വത്തിന് പ്രാധാന്യം കൊടുത്തുകൊണ്ടുള്ള പരിപാടികൾ ആസൂത്രണം ചെയ്യാൻ ഈ സംഗമത്തിൽ തീരുമാനമായി. എല്ലാ യൂണിറ്റിലെയും ബഹു. ആനിമേറ്റേഴ്സും 30 അമ്മമാരും പങ്കെടുത്തു.

### ഇടിവണ്ണ ശാഖ

ജൂലൈ 10 ന് ശാഖാ ഡയറക്ടർ ജിൽസൻ കോക്കണ്ടത്തിൽ അച്ചന്റെയും ശാഖാ ആനിമേറ്റർ സി. ഹെലന്റെയും നേതൃത്വത്തിൽ മീറ്റിംഗ് കൂടുകയുണ്ടായി. ഈ യോഗത്തിൽ ജീവകാരുണ്യ പ്രവർത്ത നങ്ങൾക്ക് പ്രാധാന്യം കൊടുക്കുക, വി.കുർബ്ബാനയിലുള്ള അമ്മമാരുടെ പങ്കാളിത്തം വാർഡ് തലത്തിൽ ആക്കുക, വാർഡ് സന്ദർശനം, രോഗീ സന്ദർശനം എന്നിവ നടത്തുക, കഴിയുന്നത്ര അമ്മമാർ ലോഗോസ് ക്വിസിൽ പങ്കെടുക്കുക, ആഗസ്റ്റ് 15 ന് എക്സിക്യൂട്ടീവ് അംഗങ്ങൾ കാഴ്ചവെപ്പ് നടത്തുക, കിട്ടുന്ന തുക ജീവകാരുണ്യ പ്രവർത്തന ങ്ങൾക്കായി വിനിയോഗിക്കുക. എന്നീ തീരുമാനങ്ങളെടുത്തു. വി. അൽഫോൻസാമ്മയുടെ തിരുനാളിനോടനുബന്ധിച്ച് ഈ മാസം 18 –ാം തീയതി മുതൽ 28 –ാം തീയതി വരെ അമ്മമാരുടെ നേതൃത്വത്തിൽ വി. കുർബ്ബാനയ്ക്ക് മുമ്പ് ജപമാല ചൊല്ലി. ജപമാല സമാപനത്തിന് അമ്മമാർ നേർച്ച ഭക്ഷണം കൊടുക്കുകയുണ്ടായി. മേഖലാ തലത്തി ലുള്ള എക്സിക്യൂട്ടീവ് യോഗത്തിൽ സാലി ജോസ് പങ്കെടുത്തു. ആഗസ്റ്റ് 13, 14, 15 എന്നീ തീയതികളിൽ ചെയിൻ റോസറി നടത്തുവാൻ തീരു മാനിച്ചു. 14 –ാം തീയതി അമ്മമാർക്ക് ക്ലാസ്സ് എടുക്കുവാൻ തീരുമാ നിച്ചു. ജൂലൈ 31 ന് പള്ളിപരിസരം അമ്മമാരുടെ നേതൃത്വത്തിൽ വൃത്തി യാക്കി.

### മരിയൻ സിംഗിൾസ്

17 ന് മരിയൻ സിംഗിൾസിന്റെ മീറ്റിംഗിൽ 10 പേർ പങ്കെടുത്തു. അടുത്ത മീറ്റിംഗ് സെപ്റ്റംബർ 28 ന് 10 മണിക്ക്.

**റവ. ഫാ. ഡെന്നീസ് കഴുതാടിയിൽ**
ഡയറക്ടർ, കുടുംബപ്രേഷിതത്വം

# സിയോൻ വാർത്തകൾ

"ക്രിസ്തുവിൽ ആയിരിക്കുന്നവൻ പുതിയ സൃഷ്ടിയാണ്. പഴയതു കടന്നുപോയി. ഇതാ പുതിയതു വന്നു കഴിഞ്ഞു. ഞങ്ങളെ ക്രിസ്തുവഴി തന്നോടു രമ്യപ്പെടുത്തുകയും രമ്യതയുടെ ശുശ്രൂഷ ഞങ്ങൾക്ക് നൽകുകയും ചെയ്ത ദൈവത്തിൽ നിന്നാണ് ഇവയെല്ലാം" (2 കോറി. 5 : 17-18)

2010 ആഗസ്റ്റ് 6 ആദ്യവെള്ളി 79 ശുശ്രൂഷകർ സോണൽ മീറ്റിംഗിൽ പങ്കെടുത്തു. അസി. ഡയറക്ടർ ബഹു. മനോജ് കാക്കോനാൽ അച്ചൻ ഇന്നത്തെ മീറ്റിംഗിന് നേതൃത്വം നൽകി. 9.45 ന് ആരംഭിച്ച ആരാധനയും ജപമാലയും ശ്രീമതി എൽസി കുളത്തിങ്കൽ നയിച്ചു. ശ്രീ. ആന്റണി പള്ളത്ത് വചനം പങ്കു വെച്ചു. 12 മണിക്ക് ബഹു. ജോർജ്ജ് മേമന അച്ചൻ വി. ബലി അർപ്പിച്ച് വചനസന്ദേശം നൽകി. ലഘു ഭക്ഷണത്തിനുശേഷം 1.45 ന് ചാപ്പലിൽ ഒരുമിച്ചു കൂടി. കോ-ഓർഡിനേറ്റർ ശ്രീ. ബേബി മൂത്തേടം നിർദ്ദേശങ്ങൾ നൽകി. ഈ മാസത്തിൽ പിറന്നാൾ ആഘോഷിക്കുന്ന ശുശ്രൂഷകർക്ക് ആശംസകൾ നേർന്നു. തുടർന്ന് എൽഡറിംഗിനും പാസ്റ്ററിംഗിനും ശനിയാഴ്ച കൺവെൻഷനുള്ള ഒരുക്കത്തിനുമായി സമയം വിനിയോഗിച്ചു.

**ജാഗരണ പ്രാർത്ഥന**

6 pm - 6.30 മൗനപ്രാർത്ഥനയിൽ ചെലവഴിച്ചു. 6.30 ന് ശ്രീ. സെബാസ്റ്റ്യൻ കളത്തുമാക്കിൽ ജപമാലയ്ക്കു നേതൃത്വം നൽകി. 7-ന് ബഹു. മനോജ് കാക്കോനാൽ അച്ചൻ വി. ബലി അർപ്പിച്ചു വചനസന്ദേശം നൽകി. ഒരുവൻ ദൈവവുമായുള്ള ബന്ധം ഊട്ടിഉറപ്പിച്ച് പ്രാർത്ഥനയുടെ ജീവിതം നയിക്കുമ്പോൾ അവന്റെ മുഖം പ്രകാശിക്കും. ദൈവ

ത്തോടുകൂടെ ആയിരിക്കാൻ വേണ്ടിയാണ് ഓരോ മനുഷ്യനും സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്. നമ്മുടെ ജീവിതശൈലിയും സംസാരവും, നമ്മോടുകൂടെ ആയിരിക്കുന്നത് നല്ലതാണ് എന്ന അനുഭവമാണോ ചുറ്റുമുള്ളവർക്ക് നമ്മെപ്പറ്റിയുള്ളത്? അത്താഴത്തിനും കുരിശിന്റെ വഴി പ്രാർത്ഥനയ്ക്കും ശേഷം 9 ന് വി. കുർബ്ബാന എഴുന്നള്ളിച്ചുവെച്ചുള്ള ആരാധന ആരംഭിച്ചു. ബഹു. മനോജ് അച്ചനും സീയോൻ ടീമും ചേർന്ന് 12 മണിവരെയുള്ള ജാഗരണപ്രാർത്ഥനയ്ക്ക് നേതൃത്വം നൽകി.

**ആദ്യശനി ഏകദിന കൺവെൻഷൻ**

വിശുദ്ധ അൽഫോൻസാമ്മയുടെ ജന്മശതാബ്ദി ആഘോഷങ്ങൾ സിയോനിൽ നടത്തുവാൻ ഏറെ സന്തോഷത്തോടെ, ആ ദിവസത്തിന്റെ എല്ലാ അനുഗ്രഹങ്ങളും സ്വീകരിക്കാനുള്ള തീഷ്ണതയോടെ, മാതൃസവിധത്തിൽ എത്തി ജപമാല ചൊല്ലി പ്രാർത്ഥിച്ചു. ബഹു. മനോജ് അച്ചൻ വി.ജലം തളിച്ച് സിയോനേയും ശുശ്രൂഷകരേയും വിശുദ്ധീകരിച്ചു. ഒരുക്കശുശ്രൂഷകൾക്കും പ്രഭാതഭക്ഷണത്തിനും ശേഷം സ്റ്റേജിൽ 8.30 ന് പ്രോഗ്രാം ആരംഭിച്ചു. സപ്ര, ജപമാല, സ്തുതി ആരാധന ഈ പതിവു ശുശ്രൂഷകൾക്കുശേഷം 11 മണിക്ക് സി. ധന്യ FCC വി. അൽഫോൻസാമ്മയുടെ ജീവിതത്തെ ആസ്പദമാക്കി വചന പ്രഘോഷണം നടത്തി. 12 ന് ഭദ്രാവതി രൂപതാദ്ധ്യക്ഷൻ മാർ ജോസഫ് അരുമച്ചാടത്ത് പിതാവിന് ബഹു. ബാബു പാറയിൽ അച്ചൻ സ്വാഗതം ആശംസിക്കുകയും FCC പ്രൊവിൻഷ്യൽ സുപ്പീരിയർ ബഹു. സി. അനിത തോമസ് പൂച്ചെണ്ടുനൽകി സ്വീകരിക്കുകയും ചെയ്തു. ദിവ്യബലി മദ്ധ്യേയുള്ള വചനസന്ദേശത്തിൽ പിതാവ് പ്രത്യേകമായി അനുസ്മരിപ്പിച്ചത് വി. അൽഫോൻസാമ്മയ്ക്ക് ജനിച്ച് വളരുവാനും ക്രിസ്തീയ പരിശീലനം ലഭിക്കുവാനും ഭാഗ്യം കിട്ടിയ അവളുടെ കുടുംബത്തെപ്പറ്റിയാണ്. കുട്ടിക്കാലത്ത് കിട്ടിയ വിശ്വാസവും, പ്രാർത്ഥനാചൈതന്യവും കർശനമായ ക്രിസ്തീയ ജീവിതചര്യയും, ദൈവസ്നേഹത്തെക്കുറിച്ചുള്ള കേട്ടറിവും എല്ലാം എല്ലാം വിശ്വാസവും ജീവിതവും ഒന്നിച്ചുകൊണ്ടുപോകുവാൻ അവളെ സഹായിച്ചു. മാതാപിതാക്കൾ ഇന്ന് കുഞ്ഞുങ്ങൾക്കു നൽകേണ്ടത് ഇപ്രകാരമുള്ള പരിശീലനം ആണ്. അപ്പനും അമ്മയും വല്യപ്പനും വല്യമ്മയും സഹോദരങ്ങളും ഉള്ള കുടുംബത്തിൽ ജനിച്ചു വളർന്ന അൽഫോൻസാമ്മയ്ക്കു ദൈവസ്നേഹത്തിൽ വളരാനുള്ള നല്ല പരിശീലനം ലഭിച്ചു. ക്രൂശിതനായ ഈശോയെ സ്നേഹിച്ചതുകൊണ്ടാണ് അവൾ സഹനത്തെ ഇഷ്ടപ്പെട്ടത്. ദിവ്യബ

ലിക്കുശേഷം FCC പ്രൊവിൻഷ്യൽ സി. അനിത തോമസ് അഭിവന്ദ്യ പിതാവിന് നന്ദി അർപ്പിച്ച് സംസാരിച്ചു. ലഘുഭക്ഷണം, സാക്ഷ്യങ്ങൾ ഇവയ്ക്കു ശേഷം ദിവ്യകാരുണ്യ ആരാധനയും സൗഖ്യപ്രാർത്ഥനയും, ദിവ്യകാരുണ്യ പ്രദക്ഷിണവും നടത്തി. വി. അൽഫോൻസാമ്മയുടെ മാദ്ധ്യസ്ഥം തേടി അനേകായിരങ്ങൾ വന്നു ചേർന്നു. കുമ്പസാരത്തിനും കൗൺസിലിംഗിനും അവസരം ഒരുക്കി. വി. അൽഫോൻസാമ്മയുടെ ജന്മശതാബ്ദി സ്മാരകമായി FCC സിസ്റ്റേഴ്സ് ഈശോയുടെതിരുഹൃദയത്തിന്റെയും വി. അൽഫോൻസാമ്മയുടെയും ചിത്രങ്ങളുള്ള കീചെയിൻ വന്ന എല്ലാവർക്കും സമ്മാനമായി നൽകി. വിശുദ്ധിക്കായുള്ള ദാഹത്തോടെ ദൈവസ്തുതി പാടി 3.30 ന് ജനം സ്വഭവനങ്ങളിലേക്ക് മടങ്ങി.

### രണ്ടാംശനി ശുശ്രൂഷകൾ

### യുവജനദിനം

35 യുവജനങ്ങൾ കൂട്ടായ്മയിൽ പങ്കെടുത്തു. റവ. ഫാ. മനോജ് കാക്കോനാൽ ക്ലാസ്സെടുത്തു. ബഹു. ബാബു പാറയിൽ അച്ചൻ വി. ബലി അർപ്പിച്ച് വചനസന്ദേശം നൽകി. കോളേജ് കുട്ടികളുടെ ധ്യാനത്തിനായി മദ്ധ്യസ്ഥ പ്രാർത്ഥന നടത്തി.

### ദമ്പതി കൂട്ടായ്മ

45 ദമ്പതികൾ പങ്കെടുത്തു. ജപമാല, വചനപഠന ക്ലാസ്സുകൾ, കുമ്പസാരം, കൗൺസിലിംഗ് ഷെയറിംഗ്, വി. ബലി എന്നിവയിലൂടെ ആത്മീയ ഉണർവ്വ് നേടി. ബഹു.സണ്ണി മഠത്തിൽ അച്ചൻ ക്ലാസ്സെടുത്തു വി. ബലി അർപ്പിച്ചു.

### കൗൺസലിംഗ് ദിനം

കൗൺസിലേഴ്സ് വെള്ളിയാഴ്ച ജാഗരണ പ്രാർത്ഥന നടത്തി. 50 പേർ വന്ന് കൗൺസിലിംഗ് നടത്തി ശാരീരിക, മാനസിക സൗഖ്യം നേടി.

### പ്രോലൈഫ് മിനിസ്ട്രി

ആഗസ്റ്റ് 1 ഞായറാഴ്ച ജീവന്റെ സുവിശേഷത്തെക്കുറിച്ച് സൺഡേസ്കൂൾ കുട്ടികൾക്കുവേണ്ടി 11.30 മുതൽ 4 വരെ ചുങ്കക്കുന്ന് ഇടവകയിലും ആഗസ്റ്റ് 15 ന് ചുള്ളിയോട് ഇടവകയിൽ അമ്മമാർക്കും വേണ്ടി ഏകദിന സെമിനാർ നടത്തി. ശ്രീ. സാലു മേച്ചേരി, അഡ്വ.കെ. എ.ജോസ്, ബേബി നീലങ്കാവിൽ എന്നിവർ ക്ലാസ്സുകൾ നയിച്ചു. വീഡിയോ ഷോയും ഉണ്ടായിരുന്നു.

## സിയോൻ സെപ്റ്റംബർ മാസത്തിൽ

| | | |
|---|---|---|
| 03 | – | സോണൽ മീറ്റിംഗ്, ജാഗരണപ്രാർത്ഥന |
| 04 | – | ആദ്യശനി  കൺവെൻഷൻ, |
| | – | കൗൺസിലിംഗ് |
| | – | ക്രിസ്റ്റീൻ കൺവെൻഷൻ |
| 11 രണ്ടാംശനി | – | പൊതു കൗൺസിലിംഗ് |
| | – | യുവജന കൂട്ടായ്മ, |
| | – | ദമ്പതീകൂട്ടായ്മ |
| 17 മൂന്നാംവെള്ളി | – | സൗഖ്യദിനം, ജാഗരണപ്രാർത്ഥന |
| 24 | – | ജാഗരണപ്രാർത്ഥന, സുവിശേഷമുന്നണി |

**റവ. ഫാ. സെബാസ്റ്റ്യൻ പാറയിൽ**
സിയോൻ ഡയറക്ടർ

# വിൻസെന്റ് ഡി പോൾ സൊസൈറ്റി

സ്നേഹം നിറഞ്ഞ സഹോദരങ്ങളേ,

മാനന്തവാടി രൂപതാ വിൻസെന്റ് ഡി പോൾ സംഘടനയുടെ 2004 ആഗസ്റ്റ് മുതൽ 2010 ആഗസ്റ്റ് 25 വരെയുള്ള ബോർഡിന്റെ കാലാവധി 26-08-2010 ന് അവസാനിക്കുകയാണല്ലോ. കഴിഞ്ഞ 6 വർഷം സംഘടനയ്ക്കു നേതൃത്വം നൽകിയ എല്ലാവരെയും നന്ദിയോടെ ഓർക്കുന്നു. സി.സി. പ്രസിഡണ്ട് എന്ന നിലയിൽ ഇക്കാലഘട്ടം എന്നോടൊപ്പമുണ്ടായിരുന്ന കോൺഫ്രൻസ് പ്രസിഡണ്ടുമാർ, കോൺഫ്രൻസ് അംഗങ്ങൾ, എ.സി. പ്രസിഡണ്ടുമാർ, സി.സി. ഭാരവാഹികൾ ബോർഡംഗങ്ങൾ സർവ്വോപരി, സി.സി. യുടെ ആത്മീയോപദേഷ്ടാവ് ബഹു.ബെന്നി മുതിരക്കാലായിൽ അച്ചൻ, ഇടവകകളിലും ഏരിയാ കൗൺസിലുകളിലും ആത്മീയോപദേഷ്ടാക്കളായിരുന്ന ബഹു. വൈദികർ എന്നിവരെ നന്ദിയോടെ അനുസ്മരിക്കുന്നു.

മാനന്തവാടി രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ ജോസ് പൊരുന്നേടം പിതാവിന്റെ മാർഗ്ഗനിർദ്ദേശങ്ങൾ സംഘടനയ്ക്ക് ഒത്തിരി കരുത്തുപകരുന്നതായിരുന്നു. പിതാവിനും ഈ അവസരത്തിൽ സ്നേഹത്തോടെ നന്ദി അർപ്പിക്കുന്നു.

സെൻട്രൽ കൗൺസിലിന്റെ പ്രധാനപ്പെട്ട പ്രവർത്തനമേഖലയാണല്ലോ നടവയലിൽ പ്രവർത്തിക്കുന്ന ഓസ്സാനാം ഭവൻ അഗതിമന്ദിരം. അതിന്റെ നിർമ്മാണത്തിനും തുടർന്നങ്ങോട്ടുള്ള ശുശ്രൂഷകൾക്കും മാർഗ്ഗനിർദ്ദേശങ്ങൾ തന്ന് നയിച്ച എല്ലാ വൈദികരേയും ഓർക്കുകയും അവർക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യുന്നു. പാസ്റ്ററൽ സെന്ററിലെ ഡയറക്ർമാരെയും വിവിധ ഡിപ്പാർട്ടുമെന്റുകളിലെ വൈദികർ, സെക്രട്ടറിമാർ എന്നിവരെയും അവരിൽ നിന്നു ലഭിച്ച സഹായസഹകരണങ്ങളെയും നന്ദിപൂർവ്വം അനുസ്മരിക്കുന്നു.

ഓസ്സാനാംഭവനിലെ അന്തേവാസികൾ, മൺമറഞ്ഞ സഹോദരങ്ങൾ, ശുശ്രൂഷകർ, പാചക ശുശ്രൂഷ ഭംഗിയായി നിർവ്വഹിക്കുന്ന അന്നമ്മ ചേടത്തി, സഹായികൾ, നടവയൽ സി.എം.സി സഹോദരിമാർ, മറ്റു സംഘടനാ പ്രവർത്തകർ, ബഹു.വൈദികർ, കോൺഫ്രൻസ് പ്രവർത്തകർ എന്നിവരെ സ്നേഹത്തോടെ ഓർക്കുന്നു.

സി.സി. ഓഫീസിലെ ജോലികളെല്ലാം കൃത്യമായി നിർവ്വഹിച്ചുകൊണ്ട് സഹകരിച്ച വൈസ് പ്രസിഡണ്ട് ബ്രദർ ആന്റണി പറയിടത്തെ പ്രത്യേകം നന്ദിയോടെ അനുസ്മരിക്കുന്നു.

മാനന്തവാടി സെൻട്രൽ കൗൺസിലിനെ അടുത്ത ആറു വർഷത്തേയ്ക്ക് നയിക്കുന്നതിന് നിയുക്തനായിരിക്കുന്ന പുതിയ പ്രസിഡണ്ട് ബ്രദർ തോമസ് മാങ്ങനും അദ്ദേഹത്തിന്റെ ബോർഡംഗങ്ങൾക്കും എല്ലാവിധ വിജയങ്ങളും പ്രാർത്ഥനാനിർഭരമായ ആശംസകളും നേരുന്നു.

പ്രാർത്ഥനയോടെ,

**കെ. ജി. ജെസ്റ്റിൻ**

## അറിയിപ്പുകൾ

### സ്കോളർഷിപ്പ് 2010-11

മുൻലക്കത്തിൽ ഈ വിഷയം സംബന്ധിച്ച വിവരങ്ങൾ നൽകിയിരുന്നല്ലോ. ഒരു കോൺഫ്രൻസിൽ നിന്ന് ഒരു അപേക്ഷ എന്നതാണ് പൊതുനിയമമെങ്കിലും കോൺഫ്രൻസിന്റെ ദത്തുവിദ്യാർത്ഥികൾ, ദത്തുകുടുംബത്തിൽ നിന്നുള്ള കുട്ടികൾ എന്നിവർക്ക് പ്രത്യേക പരിഗണനയുള്ളതിനാൽ ആ വിഭാഗത്തിൽ പെട്ടിട്ടുള്ള കുട്ടികളുടെ അപേക്ഷകൾ സി.സി യിലേക്ക് നൽകാവുന്നതാണ്. അടുത്ത സി.സി. മീറ്റിംഗിന് എ.സി. പ്രസിഡണ്ടുമാർക്ക് അപേക്ഷകൾ ശേഖരിച്ചു നൽകാൻ പറ്റാതെ വന്നാൽ സെപ്റ്റംബർ 30 നകം സി.സി. ഓഫീസിൽ നൽകിയാൽ മതിയാവും.

### യുവജനമത്സരങ്ങൾ 2010

ഈ വിഷയം സംബന്ധിച്ച് കേരള റീജനൽ കോർഡിനേഷൻ കമ്മിറ്റിയുടെ നിർദ്ദേശങ്ങൾ ശ്രദ്ധിക്കുക.

1. സംസ്ഥാനതല മത്സരങ്ങൾ 2010 ഡിസംബർ 5-ാം തീയതി 10.30 ന് എറണാകുളം കല്ലൂർ റിന്യൂവൽ സെന്ററിൽ വെച്ചാണ് നടത്തപ്പെടുക.
2. സി.സി. തലത്തിൽ ഒന്നാം സ്ഥാനവും രണ്ടാംസ്ഥാനവും കിട്ടിയവർക്ക് സംസ്ഥാനതല മത്സരങ്ങളിൽ പങ്കെടുക്കാം.
3. സി.സി. തലത്തിൽ ഒക്ടോബർ 31 നകം മത്സരങ്ങൾ നടത്തി

നവംബർ 15 നകം കിട്ടത്തക്കവിധം മത്സരാർത്ഥികളുടെ പേരുവിവരം കോർഡിനേഷൻ കമ്മറ്റിയെ അറിയിക്കണം.

4. പങ്കെടുക്കാവുന്നവർ: (1). കോൺഫ്രൻസിലെ യുവജനങ്ങൽ 1-12-2010 ന് 30 വയസ്സു തികഞ്ഞിട്ടില്ലെന്നു തെളിയിക്കുന്ന സി.സി. പ്രസിഡണ്ട് ഒപ്പിട്ട കത്ത് കോൺഫ്രൻസ് അംഗമായ തീയതി സഹിതം (2). കോൺഫ്രൻസിൽ പെടാത്ത യുവജനങ്ങൾ പ്രായം തെളിയിക്കുന്നതിന് സി. സി. പ്രസിഡണ്ട് ഒപ്പിട്ട കത്ത് ഹാജരാക്കുക (30 വയസ്സ്)
5. മത്സരഇനങ്ങൾ (1). പ്രസംഗം (മത്സരത്തിന് 5 മിനുട്ട് മുമ്പ് വിഷയം തരും). (2). എഴുത്തു പരീക്ഷ : A 4 സൈസ് പേപ്പറിന്റെ ഒരുവശത്തിൽ കവിയാതെ ഉത്തരങ്ങൾ എഴുതണം. ആകെ 10 ചോദ്യങ്ങൾ. 5 പേപ്പറിൽ കൂടുതൽ ഉപയോഗിക്കരുത്. സമയം 1 ½മണിക്കൂർ. ഇരു വിഭാഗത്തിനും പ്രത്യേകം ചോദ്യങ്ങൾ
6. മത്സരവിഷയങ്ങൾ: (1) യോഹന്നാന്റെ സുവിശേഷം മുഴുവൻ (രണ്ടു ചോദ്യം 20 മാർക്ക്) (2) വി. വിൻസെന്റ് ഡി പോൾ, വാഴ്ത്തപ്പെട്ട ഫ്രഡറിക് ഓസ്സാനാം ജീവചരിത്രം (മാനുവൽ 2000) ( മാർഗ്ഗദീപം പുസ്തകം പേജ് 13 മുതൽ 35 വരെ) - മാർക്ക് 50. (3) കത്തോലിക്കാ സഭയും പൊതുവിവരങ്ങളും - 30 മാർക്ക്. ഓരോ വിഷയത്തിനും യഥാക്രമം 2, 5, 3 ഇങ്ങനെ ആകെ 10 ചോദ്യങ്ങൾ (5X2=10 പേജ്).
7. സമ്മാനം : 1. 500 രൂപ, ട്രോഫി, സർട്ടിഫിക്കറ്റ്
   2. 300 രൂപ, ട്രോഫി, സർട്ടിഫിക്കറ്റ്
   3. 200 രൂപ, ട്രോഫി, സർട്ടിഫിക്കറ്റ്

സി.സി. തലത്തിൽ മത്സരാർത്ഥികളുടെ എണ്ണം അധികരിക്കാതിരിക്കാൻ എ.സി. തലമത്സരങ്ങൾ മുൻ കൂട്ടി നടത്തി ഒന്നും രണ്ടും സ്ഥാനങ്ങൾ ലഭിച്ചവരെ മാത്രം സി.സി. മത്സരത്തിനയയ്ക്കുന്നതായിരിക്കും നല്ലത്.

സി.സി.തല മത്സര തീയതി പിന്നീടറിയിക്കുന്നതായിരിക്കും.

## സി.സി. പ്രസിഡണ്ട് തെരഞ്ഞെടുപ്പ്

2-08-2010 ന് സി.സി. ഓഫീസിൽ ബഹു. ആത്മീയോപദേഷ്ടാവിന്റെ നിർദേശാനുസരണം സി.സി. പ്രസിഡണ്ട് വിളിച്ചു ചേർത്ത സി. സി. യോഗത്തിൽ ഭൂരിപക്ഷം എ.സി. പ്രസിഡണ്ടുമാരും ബോർഡംഗങ്ങളും പ്രസിഡണ്ട് സ്ഥാനാർത്ഥികളായ ബ്രദർ വി.സി.ജോസ് വട്ടു

കുളത്തിൽ, ബ്രദർ തോമസ് മാങ്ങൻ എന്നിവരും പങ്കെടുത്തു. ചർച്ചകൾക്കൊടുവിൽ സ്ഥാനാർത്ഥികൾ രണ്ടുപേരും യോഗത്തെ അഭിസംബോധന ചെയ്തു സംസാരിച്ചു. ബ്രദർ ജോസ് വട്ടുകുളത്തിൽ രേഖാമൂലം തയ്യാറാക്കിക്കൊണ്ടുവന്ന സ്ഥാനാർത്ഥിത്വം പിൻവലിച്ചുകൊണ്ടുള്ള കത്ത് ഇലക്ഷൻ ഓഫീസർക്കും ആത്മീയോപദേഷ്ടാവിനും കൈമാറി. അതിനാൽ ബ്രദർ തോമസ് മാങ്ങനെ നിയുക്ത സി.സി. പ്രസിഡണ്ടായി ഇലക്ഷൻ ഓഫീസർ പ്രഖ്യാപിച്ചു. നാഷണൽ കൗൺസിലിന് വിവരം തപാൽമൂലം അറിയിച്ചു. നാഷണൽ പ്രസിഡണ്ട് ബ്ര. തോമസ് മാങ്ങനെ അംഗീകരിച്ചുകൊണ്ട് മറുപടി തരികയോ അല്ലാത്തപക്ഷം നിയമാവലി അനുസരിച്ച് 2-9-2010 ന് നിയുക്ത പ്രസിഡണ്ടിനെ അധികാരം ഏൽപ്പിക്കുകയോ ചെയ്യുന്നതാണ്. ഈ വാർത്ത നിങ്ങൾക്കു ലഭിക്കുന്നതിനു മുമ്പുതന്നെ ഇലക്ഷൻ നടപടികൾ പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു.

പ്രഖ്യാപിക്കപ്പെട്ട പോസ്റ്റൽ ബാലറ്റിംഗ് നില നിൽക്കുന്നില്ലെങ്കിലും അതിനോട് നല്ല പങ്ക് വോട്ടർമാരും സഹകരിക്കുകയും നടപടിക്രമങ്ങളോട് അനുസരണം കാണിക്കുകയും ചെയ്തു എന്നത് അഭിനന്ദനീയമായി കരുതുന്നു.

**ഓസ്സാനാം ഭവൻ സന്ദർശനം**

നിലവിൽ തുടർന്നു വരുന്ന രീതിയനുസരിച്ച് ഒക്ടോബർ മാസത്തിൽ സന്ദർശനവും ശുശ്രൂഷയും നടത്തേണ്ട കോൺഫ്രൻസുകൾ

1 മുതൽ 20 വരെ : കൊട്ടിയൂർ എ.സി.

21 മുതൽ 31 വരെ : കുറുമ്പാല എ.സി.

**ബ്രദർ ആന്റണി പറയിടം**

വൈസ് പ്രസിഡണ്ട്, സി.സി. ഓഫീസ്



# ജയിൽ മിനിസ്ട്രി

2010 ഓഗസ്റ്റ് 15 : ഇന്ത്യൻ സ്വാതന്ത്ര്യദിനം; പരി. അമ്മയുടെ സ്വർഗ്ഗാരോപണ തിരുനാൾ. ഇവ രണ്ടും ആഘോഷിക്കാൻ, തടവറ മക്കളോടൊത്ത് സമയം ചിലവഴിക്കാൻ ഇന്നേ ദിവസം വൈത്തിരി സബ് ജയിലിലേയ്ക്ക് വന്നത് സനാതന MCBS സെമിനാരിയിലെ ഒന്നാംവർഷ ദൈവശാസ്ത്ര വിദ്യാർത്ഥികളായിരുന്നു. സ്വാതന്ത്ര്യ ചിന്തകളോടെ അവർ ഒരുക്കിയ കലാവിരുന്ന് ഏവരേയും ആകർഷിച്ചു. കൊട്ടിയടയ്ക്കപ്പെട്ട അവരുടെ മനസ്സുകളിൽ സ്വാതന്ത്ര്യത്തിന്റെ നന്മനിറഞ്ഞ തീരുമാനങ്ങളെടുക്കാൻ കലാപരിപാടികൾ കാരണമായി. ദൈവശാസ്ത്ര വിദ്യാർത്ഥികൾ സ്പോൺസർ ചെയ്ത ചായസൽക്കാരത്തോടെ സന്ദർശനം അവസാനിക്കുകയും ചെയ്തു.

**ഫാ. ബിനു പൈനുങ്കൽ**
ഡയറക്ടർ

# കെ.സി.ബി.സി. മദ്യവിരുദ്ധസമിതി

**ജയപ്രകാശ് നാരായണൻ അന്തരിച്ചു**

കേരളത്തിലെ പ്രമുഖ മദ്യവിരുദ്ധ പ്രവർത്തകനും കേരള മദ്യ നിരോധന സമിതി സംസ്ഥാന സെക്രട്ടറിയും പ്രമുഖ ഗാന്ധിയനുമായ ശ്രീ. ജയപ്രകാശ് നാരായണന്റെ നിര്യാണത്തിൽ കെ.സി.ബി.സി. മദ്യ വിരുദ്ധ സമിതി അനുശോചനം രേഖപ്പെടുത്തി.

**ഫൊറോന കൺവെൻഷനുകൾ**

**ചുങ്കക്കുന്ന്**

ചുങ്കക്കുന്ന് ഫൊറോന മദ്യവിരുദ്ധ സമിതിയുടെ അർദ്ധദിന കൺവെൻഷൻ ചുങ്കക്കുന്ന് ഫാത്തിമമാതാ ഓഡിറ്റോറിയത്തിൽ നടന്നു. ഫൊറോനവികാരി വെരി. റവ.ഫാ. തോമസ് ചേറ്റാനി ഉദ്ഘാടനം ചെയ്തു. ടോമി നെടുംകൊമ്പിൽ അദ്ധ്യക്ഷനായിരുന്നു. രൂപതാ പ്രസിഡന്റ് ജോൺസൺ തൊഴുത്തുങ്കൽ ക്ലാസിനും ചർച്ചക്കും നേതൃത്വം നൽകി. ഫൊറോന സമിതിയുടെ ഭാരവാഹികളെ തെരഞ്ഞെടുത്തു.

**മാനന്തവാടി**

ഫൊറോന കൺവെൻഷൻ മാനന്തവാടി സെന്റ് പോൾസ് & പീറ്റർ ദേവാലയത്തിൽ വെച്ച് ഓഗസ്റ്റ് 7-ന് നടത്തി. രൂപതാ ഡയറക്ടർ റവ.ഫാ. തോമസ് കുറ്റിക്കാട്ടുകുന്നേൽ ഉദ്ഘാടനം ചെയ്തു. സി. മരിയ സി.എം.സി. ചർച്ചകൾക്ക് നേതൃത്വം നൽകി. ഫൊറോന ഭാരവാഹികളെ തെരഞ്ഞെടുത്തു.

**പയ്യംമ്പള്ളി**

ഫൊറോന കൺവെൻഷൻ ഒണ്ടയങ്ങാടി സെന്റ് മാർട്ടിൻ എൽ.പി. സ്കൂളിൽ വെച്ച് ഓഗസ്റ്റ് 7-ന് നടത്തി. രൂപതാ പ്രസിഡന്റ് ജോൺസൺ തൊഴുത്തുങ്കൽ ഉദ്ഘാടനം ചെയ്തു. രൂപതാ സെക്രട്ടറി ടോമി നെടുംകൊമ്പിൽ ക്ലാസിനും ചർച്ചക്കും നേതൃത്വം നൽകി. രൂപതാ

ജോ.സെക്രട്ടറി ബേബി പേടപ്പാട്ട് അദ്ധ്യക്ഷനായിരുന്നു. ഫൊറോന ഭാരവാഹികളെ തെരഞ്ഞെടുത്തു.

**മോചന 2010**

**റിപ്പൺ**

വുമൺസ് വെൽഫയർ അസോസിയേഷന്റെ സേവ് ഫാർമേഴ്സ് പ്രൊജക്ടിന്റെ ഭാഗമായി റിപ്പൺ സെന്റ് ജോസഫ് പള്ളി ഓഡിറ്റോറിയത്തിൽ വെച്ച് ലഹരി വിരുദ്ധ സെമിനാർ മോചന 2010 നടത്തി. ഇടവക വികാരി റവ.ഫാ. വിൻസെന്റ് പുതുശ്ശേരി ഉദ്ഘാടനം ചെയ്തു. രൂപതാ പ്രസിഡന്റ് ജോൺസൺ തൊഴുത്തുങ്കൽ ഉദ്ഘാടനം ചെയ്തു.

**കാരച്ചാൽ**

വുമൺസ് വെൽഫയർ അസോസിയേഷന്റെ സേവ് ഫാർമേഴ്സ് പ്രോജക്ടിന്റെ ഭാഗമായി കാരച്ചാൽ ഗവ. യു.പി. സ്കൂളിൽ വെച്ച് അർദ്ധദിന മദ്യവിരുദ്ധ ബോധവത്കരണ സെമിനാർ നടത്തി. ജോൺസൺ തൊഴുത്തുങ്കൽ മോചനക്ക് നേതൃത്വം നൽകി.

**പന്തിപ്പൊയിൽ**

വയനാട് സോഷ്യൽ സർവ്വീസ് സേവ് ഫാർമേഴ്സ് പ്രോജക്ടിന്റെ ഭാഗമായി പന്തിപൊയിൽ അമലോത്ഭവമാതാ ദേവാലയ അങ്കണത്തിൽ വെച്ച് മദ്യവിരുദ്ധ സെമിനാർ നടത്തി. റവ.ഫാ. തോമസ് പ്ലാശനാൽ സെമിനാർ ഉദ്ഘാടനം ചെയ്തു. ജോൺസൺ തൊഴുത്തുങ്കൽ നേതൃത്വം നൽകി. ഓഗസ്റ്റ് 9-നാണ് മോചന സംഘടിപ്പിച്ചത്.

**ജോൺസൺ തൊഴുത്തുങ്കൽ**
രൂപതാ പ്രസിഡന്റ്

# സാമൂഹ്യ സേവനരംഗം (WSSS)

**ജൈവ സർട്ടിഫിക്കേഷൻ പ്രോഗ്രാം**

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ ജൂലൈ 8 -ാം തീയതി ജൈവകർഷക ഗ്രൂപ്പ് പ്രതിനിധികളുടെ യോഗം നടന്നു. യോഗത്തിൽ ഡയറക്ടർ റവ. ഫാ. ജോൺ ചൂരപ്പുഴയിൽ അദ്ധ്യക്ഷത വഹിച്ചു. ജൈവകർഷകരുടെ ആനുകാലിക പ്രശ്നങ്ങളെക്കുറിച്ച് യോഗം ചർച്ച ചെയ്തു. ശ്രീ. ബെനഡിക്ട് തോമസ്, ശ്രീ. ജോൺസൺ പി.വി, ശ്രീ. എ.കെ. എൽദോ തുടങ്ങിയവർ ചർച്ചയ്ക്ക് നേതൃത്വം നൽകി.

ജൂലൈ 13 -ാം തീയതി WSSS, വയനാട് ഓർഗാനിക് എന്നിവയുടെ ആഭിമുഖ്യത്തിൽ രണ്ടായിരം ജൈവകർഷകർ വയനാട് ജില്ലാ കലക്ടറേറ്റിലേക്ക് മാർച്ചും, ധർണ്ണയും നടത്തുകയും ജൈവ വിരുദ്ധ നയങ്ങൾക്കെതിരെ പ്രതിഷേധിക്കുകയും ചെയ്തു. ഇൻഫാം പ്രസിഡന്റ് ശ്രീ. സുരേന്ദ്രൻ മാസ്റ്റർ ധർണ്ണ ഉദ്ഘാടനം ചെയ്തു. മാർച്ചിന് ശ്രീ. ബെനഡിക്ട് തോമസ്, ശ്രീ.പി.എ.ജോസ്, ശ്രീ.പി.വി. ജോൺസൺ, ശ്രീ. എ.കെ.എൽദോ, കെ.എം. ജോർജ്ജ് തുടങ്ങിയവർ നേതൃത്വം നൽകി.

ജൂലൈ 17 ന് WSSS – ൽ വെച്ച് നടന്ന സ്പൈസസ് ബോർഡിന്റെ ആഭിമുഖ്യത്തിൽ നടന്ന കുരുമുളക് പുനരുദ്ധാരണം പരിശീലന പരിപാടി WSSS പ്രോഗ്രാം ഓഫീസർ ശ്രീ. അബ്രാഹം. ഒ.പി ഉദ്ഘാടനം ചെയ്തു. മുന്നൂറോളം കർഷകർ പ്രസ്തുത പരിപാടിയിൽ പങ്കെടുത്തു. സ്പൈസസ് ബോർഡ് ഓഫീസർ ശ്രീ. ഉസ്മാൻ ക്ലാസ്സ് എടുത്തു.

കുരുമുളക് പുനരുദ്ധാരണ പദ്ധതിയുടെ ഭാഗമായി പന്നിയൂർ I, V, VII, കരിമുണ്ട എന്നീ ഇനങ്ങളുടെ മേൽത്തരം നടീൽ വസ്തുക്കൾ വിതരണം ചെയ്തു. 18000 തൈകൾ ഇതിനോടകം വിതരണം ചെയ്തു.

മുൻകൂർ ആവശ്യപ്പെടുന്നവർക്ക് തുടർന്നും തൈകൾ വിതരണം ചെയ്യുന്നതാണ്.

**ഗ്രാമസമൃദ്ധി പദ്ധതി**

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ തൊണ്ടർനാട് ഗ്രാമപഞ്ചായത്തിൽ നടപ്പാക്കുന്ന ആദിവാസി വികസന പ്രവർത്തനങ്ങളുടെ ഔദ്യോഗികമായ ഉദ്ഘാടനം നബാർഡിന്റെ ചീഫ് ജനറൽ മാനേജർ ശ്രീ. കെ. സി. ശശിധരൻ WSSS ഓഡിറ്റോറിയത്തിൽ നിർവ്വഹിച്ചു. WSSS ന്റെ പ്രസിഡന്റ് അഭിവന്ദ്യ ജോസ് പൊരുന്നേടം ബിഷപ്പ് അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ നബാർഡിന്റെ അസിസ്റ്റന്റ് ജനറൽ മാനേജർ ശ്രീ. ബൈജു കുറുപ്പ്, WSSS ന്റെ ഡയറക്ടർ അഡ്വ. ഫാ. ജോൺ ചൂരപ്പുഴയിൽ, റവ. ഫാ. സെബാസ്റ്റ്യൻ ഏലംകുന്നേൽ തുടങ്ങിയവർ സംസാരിച്ചു. നബാർഡ്-WSSS സംയുക്ത വികസന പ്രവർത്തനങ്ങൾക്ക് "ഗ്രാമ സമൃദ്ധി" എന്ന പേര് നൽകുകയും ചെയ്തു.

ആദിവാസി വികസന പ്രവർത്തനങ്ങളുടെ ഭാഗമായി തൊണ്ടർനാട് ഗ്രാമപഞ്ചായത്തിലെ 6 ഓളം വാർഡുകളിലായി തെരഞ്ഞെടുത്ത 203 കുടുംബങ്ങളുടെ സർവ്വേ പൂർത്തീകരിച്ചു. പണിയ/കാടർ വിഭാഗത്തിൽപ്പെട്ട ആദിവാസി ഊരുകളിലെ നിലവിലുള്ള വിദ്യാഭ്യാസ -സാമൂഹിക-സാമ്പത്തിക- ആരോഗ്യ നിലവാരം മനസിലാക്കുകയും ഇതിന്റെ അടിസ്ഥാനത്തിൽ വരുന്ന അഞ്ച് വർഷത്തേയ്ക്ക് വേണ്ട വികസന പ്രവർത്തനങ്ങളുടെ രൂപരേഖ തയ്യാറാക്കി പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തു.

**കാരുണ്യ അപകട ഇൻഷുറൻസ് പദ്ധതി**

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി യുണൈറ്റഡ് ഇന്ത്യ ഇൻഷുറൻസ് കമ്പനിയുമായി സഹകരിച്ച് നടപ്പാക്കുന്ന ആരോഗ്യ ഇൻഷുറൻസ് പദ്ധതിയിൽ അപേക്ഷ നൽകിയ 20 അംഗങ്ങളുടെ ക്ലെയിം തുക പാസാവുകയും, അർഹരായ ആളുകൾക്ക് വിതരണം ചെയ്യുകയും ചെയ്തു.

**SWS പരിപാടികൾ ജൂലൈ 2010**

**മേഖലാ സംഗമം**

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ പ്രാദേശിക ഘടകങ്ങളായ സ്വാശ്രയ സംഘങ്ങളുടെ ഭാരവാഹികളെ സംഘടിപ്പിച്ചുകൊണ്ട് മേഖലാ സംഗമങ്ങൾ നടത്തി. WSSS ഓഡിറ്റോറിയത്തിൽ വച്ച് നടത്തിയ മാനന്തവാടി, കല്ലോടി മേഖലാ സംഗമങ്ങൾ WSSS ജോയിന്റ്

ഡയറക്ടർ റവ. ഫാ. സെബാസ്റ്റ്യൻ ഏലംകുന്നേലിന്റെ അദ്ധ്യക്ഷത യിൽ WSSS ഡയറക്ടർ റവ. ഫാ. ജോൺ ചൂരപ്പുഴയിൽ ഉദ്ഘാടന കർമ്മം നിർവ്വഹിച്ചു. മാനന്തവാടി മേഖലയിൽ നിന്നും 142 അംഗങ്ങളും കല്ലോടി മേഖലയിൽനിന്നും 104 അംഗങ്ങളും പങ്കെടുത്തു. പട്ടാണിക്കൂപ്പ് ഇൻഫന്റ് ജീസസ് പാരീഷ് ഹാളിൽ വച്ച് സംഘടിപ്പിച്ച പുൽപ്പള്ളി മേഖലാ സംഗമം പട്ടാണിക്കൂപ്പ് SWS ഡയറക്ടർ റവ. ഫാ. ജോബി മുക്കാട്ടുകാവുങ്കലിന്റെ അദ്ധ്യക്ഷതയിൽ WSSS ജോയിന്റ് ഡയറക്ടർ റവ. ഫാ. സെബാസ്റ്റ്യൻ ഏലംകുന്നേൽ ഉദ്ഘാടനം ചെയ്തു. 96 അംഗ ങ്ങൾ പങ്കെടുത്തു. ചെന്നലോട് സെന്റ് സെബാസ്റ്റ്യൻ പാരീഷ് ഹാളിൽ വച്ച് സംഘടിപ്പിച്ച കല്പ്പറ്റ മേഖലാ സംഗമത്തിൽ WSSS ജനറൽ കോ-ഓഡിനേറ്റർ ശ്രീ. പി. എ. ജോസിന്റെ അദ്ധ്യക്ഷതയിൽ ചെന്നലോട് SWS ഡയറക്ടർ റവ. ഫാ. സെബാസ്റ്റ്യൻ പാലക്കി ഉദ്ഘാടനം ചെയ്തു. 98 അംഗങ്ങൾ പങ്കെടുത്തു. ചുങ്കക്കുന്ന് സെന്റ് മേരീസ് പാരീഷ് ഹാളിൽ സംഘടിപ്പിച്ച കൊട്ടിയൂർ മേഖലാ സംഗമത്തിൽ SWS കൊട്ടി യൂർ മേഖലാ ഡയറക്ടർ റവ. ഫാ. ഷാജു മുളകുടിയാങ്കലിന്റെ അദ്ധ്യ ക്ഷതയിൽ WSSS ജോയിന്റ് ഡയറക്ടർ റവ. ഫാ. സെബാസ്റ്റ്യൻ ഏലം കുന്നേൽ ഉദ്ഘാടനം ചെയ്തു. 108 അംഗങ്ങൾ പങ്കെടുത്തു. മേഖലാ സംഗമങ്ങളിൽ WSSS പ്രോഗ്രാം ഓഫീസർ ശ്രീ. ഒ. പി. അബ്രാഹം, WSSS ജനറൽ കോ-ഓഡിനേറ്റർ ശ്രീ. പി. എ. ജോസ് എന്നിവർ ക്ലാസ്സ് നയിച്ചു. മേഖലാ കോർഡിനേറ്റർ ശ്രീ. ഷാജി. കെ.ജോസ് സംഗമ ങ്ങൾക്ക് നേതൃത്വം നൽകി.

## SWS നേതൃത്വ സംഗമം

WSSS ന്റെ പ്രാദേശിക യൂണിറ്റുകളുടെ (SWS) സെക്രട്ടറിമാ രുടെ മീറ്റിംഗ് WSSS ഓഡിറ്റോറിയത്തിൽ വച്ച് ജൂലൈ 8-ാം തീയതി സംഘടിപ്പിച്ചു. 58 അംഗങ്ങൾ പങ്കെടുത്തു. WSSS ജനറൽ കോഡിനേ റ്റർ ശ്രീ. പി. എം. ജോസിന്റെ അദ്ധ്യക്ഷതയിൽ WSSS ജോയിന്റ് ഡയ റക്ടർ റവ. ഫാ. സെബാസ്റ്റ്യൻ ഏലംകുന്നേൽ ഉദ്ഘാടനം ചെയ്തു. ശ്രീ. ജോസ് പുഞ്ചയിൽ ക്ലാസ്സ് നയിച്ചു.

## ഇൻഡക്ഷൻ കുക്കർ വിതരണം നടത്തി

WSSS ന്റെ സ്വാശ്രയ സംഘങ്ങളിലെ അംഗങ്ങൾക്ക് ഇൻഡക്ഷൻ കുക്കർ വിതരണം ചെയ്തു.

## ഫാം വയനാട്

ഫാം വയനാട് പ്രോജക്റ്റിന്റെ ഭാഗമായി മാനന്തവാടി കോട്ടത്തറ പടിഞ്ഞാറത്തറ പഞ്ചായത്തുകളിൽ നടത്തിയ പ്രവർത്തനങ്ങൾ:-

സാന്ത്വന സൗഹൃദസന്ദർശനം മൂന്നു പഞ്ചായത്തുകളിലായി 43

എണ്ണം നടത്തി. വരുമാന വർദ്ധക പരിപാടി 20 എണ്ണം സന്ദർശനം നടത്തി. അതിനോടൊപ്പം പുതിയ 23 പേരെ കണ്ടെത്തി ബിസിനസ്സ് പ്ലാൻ തയ്യാറാക്കി.

**ബോധവൽക്കരണ പരിപാടികൾ**

മദ്യപാനവും ദൂഷ്യവശങ്ങളും, ആരോഗ്യബോധവൽക്കരണവും മൂല്യാധിഷ്ഠിത വിദ്യാഭ്യാസവും എന്നീ വിഷയങ്ങളിൽ മൂന്നു പഞ്ചായത്തുകളിലുമായി 5 സെമിനാറുകൾ നടത്തി. ആകെ 543 പേർ പങ്കെടുത്തു. ശ്രീ. പി. വി. ജോൺസൺ, ശ്രീ. അനിൽ തോമസ്, ശ്രീ. കെ.റ്റി. ജോയി, ശ്രീ. ജോസഫ്, ശ്രീ. സുനിൽ, ശ്രീ. അബ്രാഹം തുടങ്ങിയവരാണ് ക്ലാസ്സ് എടുത്തത്. മുക്തി ഡി അഡിക്ഷൻ സെന്റർ, കേരളാ സോഷ്യൽ സർവ്വീസ് ഫോറം, WSSS എന്നിവയിൽ നിന്നുള്ള വ്യക്തികളാണ് വിഷയാവതരണം നടത്തിയത്.

**ജൈവകൃഷി പ്രോത്സാഹനം**

ആകെ 146 ജൈവകർഷക ഭവനങ്ങൾ സന്ദർശിച്ചു. 12 ഗ്രൂപ്പ് യോഗങ്ങൾ നടത്തി. 159 അംഗങ്ങൾ പങ്കെടുത്തു. പുൽപ്പള്ളി, മാനന്തവാടി എന്നിവിടങ്ങളിൽ ഫുഡ്പ്രൊസസിംഗ് പരിശീലനം നൽകി. പഞ്ചായത്ത് ഓഫീസ്, കൃഷിഭവൻ, അംഗൺവാടി, പെയിൻ & പാലിയേറ്റീവ് ഓഫീസ് തുടങ്ങിയവ സന്ദർശിച്ചു.

**ആദിവാസി മേഖലയിലെ പ്രവർത്തനങ്ങൾ**

2 ക്ലസ്റ്ററുകളിലായി 100 കുടുംബങ്ങൾ സന്ദർശിച്ചു. സാന്ത്വന സൗഹൃദ സന്ദർശനം – 8, ബാലവേദി മീറ്റിംഗ് – 4 മൂന്നു കോളനികളിലായി നടത്തി.

ഒറ്റ നെൽ ഞാർ കൃഷിയെക്കുറിച്ച് 2 പേർക്ക് (അരിക്കളം കോളനി) പരിശീലനം നൽകി. 10 സെന്റ് സ്ഥലത്ത് കൃഷി നടത്തി. 5 ഏക്കർ സ്ഥലത്ത് ജൈവകൃഷി നടത്തി വരുന്നു.

മഴക്കാല രോഗങ്ങളെക്കുറിച്ച് ബോധവൽക്കരണ ക്ലാസ്സ് നടത്തി (പെരിങ്ങോട്ട് കുന്ന് കോളനി) ഹെൽത്ത് ഇൻസ്പെക്ടർമാരായ ശ്രീ. ഹരീഷ്, ശ്രീ. ജോബി തുടങ്ങിയവർ ക്ലാസ്സെടുത്തു. 47 പേർ പങ്കെടുത്തു.

**ജൈവകർഷക വിപണന വിഭാഗം**

സുസ്ഥിര കൃഷിയിലൂടെ വികസന കാഴ്ചപ്പാടുകൾ വയനാട്ടിൽ ആദ്യമായി നടപ്പിലാക്കിയ WSSS ന്റെ ജൈവകാർഷിക വിപണന വിഭാഗം പ്രവർത്തനത്തിന്റെ 7 –ാം വർഷത്തിലേക്ക് കടന്നിരിക്കുകയാണ്. ഇടത്തട്ടുകാരുടെ ചൂഷണമില്ലാതെ കർഷകരിൽ നിന്ന് ഉപഭോ

ക്താവിലേക്ക് നേരിട്ടുള്ള ഉൽപ്പന്ന കൈമാറ്റം ലക്ഷ്യമാക്കി വയനാട്ടിലെ സാധാരണക്കാരിൽ വെറും സാധാരണക്കാരായ കർഷകരിൽ നിന്നും വളരെ തുഛമായ ഉല്പന്നങ്ങൾ പരമാവധി വില നൽകി സംഭരിക്കുക യാണ്. കഴിഞ്ഞ വർഷങ്ങളിൽ നിരവധി കർഷകരിൽ നിന്നും കുരുമു ളക്, കാപ്പി, വാനില, ഏലം, ഗ്രാംപൂ, ഇഞ്ചി, മഞ്ഞൾ, ചക്ക തുടങ്ങിയ ഉല്പന്നങ്ങൾ നേരിട്ട് സംഭരിക്കുകയും അവയെ മൂല്യവർദ്ധിത ഉല്പ ന്നങ്ങളാക്കി മാറ്റുകയും തുടർന്ന് ഇന്ത്യയിലും വിദേശത്തും വിപണനം നടത്തി വരികയും ചെയ്യുന്നു. ഇവയിൽ വയനാടൻ കർഷകരുടെ പ്രധാന ഉല്പന്നങ്ങളായ കാപ്പി 200 മെട്രിക് ടെണ്ണും, കറുത്ത കുരുമു ളക് 75 മെട്രിക് ടെണ്ണും, വെളുത്ത കുരുമുളക് 25 മെട്രിക് ടെണ്ണും കയറ്റുമതി ചെയ്യാൻ സാധിച്ചു. കൂടാതെ അധിക വിലയിനത്തിൽ 500 ഓളം കർഷകർക്ക് 75 ലക്ഷം രൂപയോളം ബോണസായി നൽകുവാനും WSSS ന് സാധിച്ചു.

### സംഘടനാ ശാക്തീകരണ വിശകലന പ്രക്രിയ

ബഹു. വർഗ്ഗീസ് കാട്ടുപറമ്പിൽ അച്ചന്റെ നേതൃത്വത്തിൽ 2 ദിവസം നീണ്ടുനിന്ന O.D Process നടത്തുകവഴി സംഘടനയുടെ ശക്തി ദൗർബല്യങ്ങൾ മനസിലാക്കുവാനും പുതുഊർജ്ജം ഉൾക്കൊ ള്ളുവാനും പ്രവർത്തകർക്ക് സാധിച്ചു. WSSS ഒരു സംഘടന എന്ന നിലയിൽ കൂടുതൽ മെച്ചപ്പെടുത്തുന്നതിനാവശ്യമായ ക്രമീകരണങ്ങൾ നടത്തുവാൻ വിവിധ ഗ്രൂപ്പുകൾ രൂപീകരിക്കുകയും ചെയ്തു.

### തൊഴിൽ സാങ്കേതിക വിദ്യാ പരിശീലനം

മാനന്തവാടി, പുൽപ്പള്ളി, നിലമ്പൂർ മേഖലകളിലുള്ള 60 സ്ത്രീപു രുഷന്മാർക്ക് പരിശീലനം നൽകി വരുന്നു. മാനന്തവാടി, പുൽപ്പള്ളി മേഖലയിൽ കൃഷി സാങ്കേതിക വിദ്യയിൽ 40 അംഗങ്ങൾ പരിശീലനം നടത്തുമ്പോൾ നിലമ്പൂർ മേഖലയിൽ 20 അംഗങ്ങൾ ഫാഷൻ വസ്ത്ര നിർമ്മാണമേഖലയിൽ വൈദഗ്ദ്യം നേടി. ബാഗ്ലൂർ ആസ്ഥാനമായി പ്രവർത്തിക്കുന്ന FVTRS ഉം ആയി സഹകരിച്ചാണ് ഈ പദ്ധതി നടപ്പി ലാക്കി വരുന്നത്.

### NON CONVENTIONAL ENERGY AND ALTERNATIVE TECHNOLOGY PROGRAMME

ബയോ – ഗ്യാസ് പ്ലാന്റ് നിർമ്മാണ മേഖലയിൽ കഴിഞ്ഞ മാസം പയ്യമ്പള്ളി, മീനങ്ങാടി, മലങ്കര തുടങ്ങിയ സ്ഥലങ്ങളിൽ 5 പ്ലാന്റുക ളുടെ നിർമ്മാണം പൂർത്തിയാക്കുന്നതിനും 4 പ്ലാന്റുകൾ കമ്മീഷൻ ചെയ്യുന്നതിനും കഴിഞ്ഞു. ഖാദിഗ്രാമ വ്യവസായ കമ്മീഷൻ മുഖേന കഴിഞ്ഞ സാമ്പത്തിക വർഷം നിർമ്മാണം പൂർത്തിയാക്കിയ 26 പ്ലാന്റു

കൾക്ക് 3500 രൂപാ വീതം 91000/- രൂപ സബ്സീഡി നൽകുന്നതിനും സാധിച്ചു. 2010-11 സാമ്പത്തിക വർഷം നിർമ്മാണ പ്ലാന്റുകൾക്ക് 8000 രൂപാ നിരക്കിൽ സബ്സീഡി തുക ലഭിക്കുന്നതാണ്. ഇപ്പോൾ പാൽവെളിച്ചം, മരകാവ്, മലങ്കര, തുടങ്ങിയ സ്ഥലങ്ങളിൽ പ്ലാന്റ് നിർമ്മാണം നടന്നു വരുന്നു. 2 മഴവെള്ള സംഭരണികളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ബാഗ്ലൂരിലും, പാൽവെളിച്ചെത്തുമായി നടന്നു വരുന്നു.

### നബാർഡ് നീർത്തട വികസന പദ്ധതി

തൊണ്ടർനാട് ഗ്രാമപഞ്ചായത്തിൽ നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി നടപ്പിലാക്കി വരുന്ന നെല്ലേരി, അയനിവയൽ, പൊർളോം, മട്ടിലയം നീർത്തട വികസന പദ്ധതികളുടെ പൂർണ്ണ നിർവ്വഹണ ഘട്ടത്തിനുള്ള പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ടുള്ള പ്രവർത്തനങ്ങൾ പൂർത്തീകരിച്ചു കൊണ്ടിരിക്കുന്നു.

ആഗസ്റ്റ് 13 -ാം തീയതി പൊർളോം സാംസ്കാരിക നിലയത്തിൽ വച്ച് പൊർളോം നീർത്തട വികസന കമ്മിറ്റിയുടെ നേതൃത്വത്തിൽ നീർത്തട ഗ്രാമസഭ സമ്മേളിച്ചു. പ്രസ്തുത സമ്മേളനം തൊണ്ടർനാട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീ. പി.പി.മൊയ്തീൻ ഉദ്ഘാടനം ചെയ്യുകയും വൈസ് പ്രസിഡന്റ് ശ്രീ. അപ്പു മാസ്റ്റർ അദ്ധ്യക്ഷത വഹിക്കുകയും ചെയ്തു. നീർത്തട പൂർണ്ണ നിർവ്വഹണ ഘട്ടത്തെക്കുറിച്ച് വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ ജനറൽ കോ-ഓഡിനേറ്റർ ശ്രീ. പി.എ. ജോസ് ക്ലാസ്സ് നയിച്ചു. നീർത്തട കമ്മിറ്റി കൺവീനർ അനിൽ കുമാർ സ്വാഗതവും, ചെയർമാൻ എൻ.എൻ. ബെന്നി നന്ദിയും രേഖപ്പെടുത്തി.

നബാർഡ് വർദ്ധിനി പരിപാടി പ്രകാരം റേഡിയോ മാറ്റൊലിയുമായി സഹകരിച്ച് വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി നടപ്പിലാക്കി വരുന്ന നീർത്തട വികസന പദ്ധതിയെക്കുറിച്ചുള്ള റേഡിയോ ആവിഷ്ക്കാരം മട്ടിലയം നീർത്തട വികസന പദ്ധതിയെക്കുറിച്ച് നടപ്പിലാക്കി. നീർത്തട വികസന സമിതി പരിപാടിക്ക് നേതൃത്വം നൽകി. നീർത്തട സമൂഹത്തിലെ കുട്ടികളുടെ വിവിധ പരിപാടികൾ മികവേകി.

**ഫാ. ജോൺ ചൂരപ്പുഴയിൽ**
ഡയറക്ടർ, WSSS മാനന്തവാടി

# റേഡിയോ മാറ്റൊലി 90.4 mhz

## ഒരു വർഷം പിന്നിട്ടു

2010 ജൂൺ 1–ന് ഒരു വർഷം വിജയകരമായി പൂർത്തിയാക്കിയ റേഡിയോ മാറ്റൊലി കൂടുതൽ വ്യത്യസ്തങ്ങളായ പരിപാടികളോടെ മുന്നേറുന്നു. വയനാടു ജില്ലയിൽ 85% സ്ഥലത്തും മാറ്റൊലി കേൾക്കാനാവും. 9 മണിക്കൂറാണ് (6-9 am; 12-3 pm; 7-10 pm) പ്രക്ഷേപണ സമയം.

## കർഷകർക്കായുള്ള പ്രത്യേക പരിപാടികൾ

ജനസംഖ്യയിൽ ബഹുഭൂരിപക്ഷം വരുന്ന കർഷകർക്കായുള്ള നിരവധി പരിപാടികൾ ദിവസേനയുള്ള 'ഞാറ്റുവേല'യിലൂടെയും, 'നബാർഡ് വർദ്ധിനി'യിലൂടെയും പ്രക്ഷേപണം ചെയ്യുന്നു. ശാസ്ത്രീയ കൃഷിരീതികൾ, സർക്കാർ സ്കീമുകൾ, ആനുകൂല്യങ്ങൾ, വിള ഇൻഷൂറൻസ്, മാറി വരുന്ന സീസണുകൾക്ക് അനുയോജ്യമായ കൃഷിപരിചരണങ്ങൾ, മൃഗസംരക്ഷണം, വിലനിലവാരം തുടങ്ങിയ കാര്യങ്ങൾ ഇവയിൽപെടും. നബാർഡ്, കൃഷിവകുപ്പ്, ഇന്ത്യൻ കോഫി ബോർഡ് എന്നിവരുടെ സാമ്പത്തിക സഹായത്തോടെ ഈ മേഖലയിൽ കൂടുതൽ പരിപാടികൾ ആസൂത്രണം ചെയ്തു വരുന്നു.

## സ്കൂൾ മാറ്റൊലി ക്ലബ്

ജില്ലയിലെ മുഴുവൻ സ്കൂളുകളിലും മാറ്റൊലി ക്ലബുകൾ രൂപീകരിക്കാനുള്ള ശ്രമങ്ങൾ നടന്നുവരുന്നു. സാധാരണക്കാരായ കുട്ടികളുടെ സർഗ്ഗാത്മക കഴിവുകൾ പരിപോഷിപ്പിക്കുകയും, റേഡിയോയിൽ പരിപാടികൾ അവതരിപ്പിക്കാൻ അവസരം നൽകുകയുമാണ് ലക്ഷ്യം. 63 സ്കൂളുകൾ ഇതിനോടകം ക്ലബുകൾ രൂപീകരിച്ചു കഴിഞ്ഞു. ഇതിൽ കോർപ്പറേറ്റ് സ്കൂളുകൾ വെറും 13 എണ്ണം മാത്രമേയുള്ളൂവെന്നത്

ഗൗരവമായി കാണേണ്ടതുണ്ട്. മതിയായ നിർദ്ദേശങ്ങൾ കോർപ്പറേറ്റ് ഓഫീസിൽനിന്നും, റേഡിയോ മാറ്റൊലിയിൽനിന്നും ഇതിനോടകം നൽകിയിട്ടുണ്ടെങ്കിലും പ്രതികരണം ആശാവഹമല്ല. ബഹു.മാനേജർ അച്ചന്മാർ മുൻകൈ എടുക്കണമെന്നപേക്ഷിക്കുന്നു. ഇക്കാര്യത്തിൽ ജില്ലാ വിദ്യാഭ്യാസവകുപ്പിന്റെ പ്രത്യേക ഉത്തരവ് നിലവിലുണ്ട്.

**ചെറുപുഷ്പം**

ചെറുപുഷ്പ മിഷൻലീഗിന്റെ മാധ്യമ വർഷാചരണവുമായി ബന്ധപ്പെട്ടു നടത്തുന്ന 'എന്റെ മാറ്റൊലി' പരിപാടിയിൽ എല്ലാ ശാഖകളും പരിപാടി തയ്യാറാക്കിവരുന്നു. 'ചെറുപുഷ്പം' എന്ന പേരിലുള്ള ഈ പ്രത്യേക പരിപാടി ജൂലൈ 18 ന് ആരംഭിച്ചു. ഞായറാഴ്ച ഉച്ചയ്ക്ക് 1.15 നും തിങ്കളാഴ്ച രാത്രി 9.30 നുമാണ് പരിപാടികൾ. സി.എം.എൽ. മാർഗ്ഗരേഖയിൽ നിർദ്ദേശിക്കപ്പെട്ട പ്രകാരം തന്നെ ശാഖകൾ പരിപാടികൾ തയ്യാറാക്കി മുൻകൂട്ടി റെക്കോർഡ് ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു. ശാഖാ ഡയറക്ടർമാരുടെ ശ്രദ്ധ ഇക്കാര്യത്തിലേക്ക് പ്രത്യേകം ക്ഷണിക്കുന്നു.

**ജനപ്രിയ പരിപാടികൾ**

ചുറ്റുവട്ടം, നബാർഡ് വർദ്ധിനി, ഞാറ്റുവേല, തുടിച്ചെത്തം, ജനാലയ്ക്കപ്പുറം, സദ്ചിന്തനം, കുടുംബവേദി, വനിതാ മാറ്റൊലി, മയിൽപ്പീലി, പ്രതിഭയും അതിഥിയും, എഴുത്തുപെട്ടി, ആരോഗ്യവേദി, പ്രതിധ്വനി തുടങ്ങിയ ആകർഷകവും വികസനോന്മുഖവുമായ പരിപാടികളാണ് മാറ്റൊലിയെ ശ്രദ്ധേയമാക്കുന്നത്. 'മാറ്റൊലി ക്ലബ് ടൈംസ്', 'ചെറുപുഷ്പം' എന്നിവയ്ക്കും ധാരാളം ശ്രോതാക്കളുണ്ട്.

**ജനവാണി**

ഈ പരിപാടിയിലൂടെ വയനാടു ജില്ലയിലെ വിവിധ പ്രദേശങ്ങളിൽ സമൂഹം നേരിടുന്ന പ്രശ്നങ്ങൾ പൊതുജനശ്രദ്ധയിൽ കൊണ്ടുവരാനും പല സർക്കാർ പദ്ധതികളും നടപ്പിലാക്കുന്നതിനും സാധിച്ചു. റബർബോർഡ് സബ്സിഡി, കേരശ്രീ പദ്ധതി, ദ്വാരക പുലിക്കാട് റോഡ് പുനർനിർമ്മാണം, അശ്ലീല പോസ്റ്റർ നിർമ്മാർജ്ജനം തുടങ്ങിയവ ഉദാഹരണങ്ങളാണ്. മാറ്റൊലി പ്രക്ഷേപണം ചെയ്ത ആത്മഹത്യയ്ക്കെതിരെയുള്ള ചിത്രീകരണം ശ്രവിച്ച ഒരു സ്ത്രീ, ആത്മഹത്യാ തീരുമാനത്തിൽനിന്ന് പിന്മാറിയെന്നറിയിച്ചുകൊണ്ട് മാറ്റൊലിയിലേക്ക് അയച്ച കത്ത് മൂല്യ പ്രഘോഷണ രംഗത്ത് മാറ്റൊലിക്കുള്ള നിർണ്ണായക പങ്ക് വ്യക്തമാക്കി.

## സത്യം പ്രഘോഷിക്കാൻ അവസരം

ഇന്നത്തെ സമൂഹത്തിൽ മാധ്യമങ്ങൾക്കുള്ള ശക്തിയും സ്വാധീനവും നിർണ്ണായകമാണ്. മാറ്റൊലിയുടെ പ്രസക്തിയും ഇതുതന്നെ. മേരിമാതാ കോളേജിനെതിരെയും നടവയലിൽ പ്ലസ്ടു അനുവദിക്കുന്നത് സംബന്ധിച്ച് രൂപതയ്ക്കെതിരെയും മാധ്യമങ്ങളിൽ ആരോപണങ്ങൾ വന്നപ്പോൾ യാഥാർത്ഥ്യമെന്തെന്ന് മാറ്റൊലിയിലൂടെ വ്യക്തമാക്കാൻ സാധിച്ചു.

## തവണ വ്യവസ്ഥയിൽ റേഡിയോ വിതരണം

റേഡിയോ മാറ്റൊലിയും സി.എം.എൽ. സംഘടനയും സംയുക്തമായി തവണ വ്യവസ്ഥയിൽ ഫിലിപ്സ് ട്രാൻസിസ്റ്റർ റേഡിയോ ആവശ്യക്കാർക്ക് ലഭ്യമാക്കാനായി ഒരു പദ്ധതി തയ്യാറാക്കിവരുന്നു. 10 ആഴ്ചകൊണ്ട് പൂർത്തിയാകുന്ന തരത്തിലാണ്, ഇടവകാടിസ്ഥാനത്തിൽ നടപ്പിലാക്കപ്പെടുന്ന ഈ പരിപാടി ആസൂത്രണം ചെയ്യുന്നത്. ബഹു. വികാരിയച്ചൻമാരുടെ ആത്മാർത്ഥമായ സഹകരണവും പ്രോത്സാഹനവും പ്രതീക്ഷിക്കുന്നു.

## സന്നദ്ധ പ്രവർത്തനം

നിരവധി സന്നദ്ധ പ്രവർത്തകരുടെ സഹായത്തോടെയാണ് പ്രതിദിന പരിപാടികൾ തയ്യാറാക്കപ്പെടുന്നത്. റിട്ടയേർഡ് അധ്യാപകർ, സ്കൂൾ-കോളേജ് വിദ്യാർത്ഥികൾ തുടങ്ങി ജീവിതത്തിന്റെ വ്യത്യസ്ത മേഖലകളിലുള്ളവരുടെ നിസ്വാർത്ഥ സേവനവും ഓഫീസിലെ സ്റ്റാഫ് അംഗങ്ങളുടെ കഠിനാദ്ധ്വാനവുമാണ് മാറ്റൊലിയുടെ വിജയത്തിനു പിന്നിൽ. സന്നദ്ധ പ്രവർത്തനത്തിന് പ്രാപ്തിയും താല്പര്യവുമുള്ളവരെ കണ്ടുപിടിച്ച് പ്രോത്സാഹിപ്പിക്കാൻ ബഹു. വികാരിയച്ചന്മാർ ശ്രദ്ധിക്കണേ.

**ഫാ. ജെയ്സ് ബേബി ചെട്ടിയാശ്ശേരി**
അസി. ഡയറക്ടർ (പ്രോഗ്രാംസ്)

# പി.ആർ.ഒ. ഓഫീസ് വാർത്തകൾ

**കെ.സി.ബി.സി. മാർഗ്ഗരേഖ**

സഭയേയും സഭാ സമൂഹത്തേയും രൂപതാ സ്ഥാപനങ്ങളെയും പരാമർശിക്കുന്നതോ ബാധിക്കുന്നതോ ആയ കാര്യങ്ങൾ വാർത്താ മാധ്യമങ്ങളിലൂടെയും അല്ലാതെയും ശ്രദ്ധയിൽപെടുമ്പോൾ ജാഗ്രതാ പൂർവ്വം വീക്ഷിക്കുകയും, വിലയിരുത്തുകയും ആവശ്യമായ ഘട്ടങ്ങളിൽ പ്രതികരിക്കുകയും ചെയ്യുക എന്ന ദൗത്യമാണ് രൂപതയുടെ പബ്ലിക് റിലേഷൻസ് ഓഫീസിൽ നിക്ഷിപ്തമായിരിക്കുന്നത്. പി.ആർ. ഒ. യുടെ പ്രവർത്തനങ്ങൾക്കുള്ള മാർഗ്ഗരേഖ കെ.സി.ബി.സി. പുറത്തിറക്കിയിട്ടുണ്ട്. ഓഗസ്റ്റ് മാസത്തെ രൂപതാ ബുള്ളറ്റിനിൽ രേഖയുടെ പൂർണ്ണരൂപം പ്രസിദ്ധീകരിച്ചിരുന്നു.

**സംസ്ഥാനതലത്തിൽ അംഗീകാരം**

ജൂലൈ 21 ന് പി.ഒ.സി. യിൽ വെച്ചുനടന്ന പി.ആർ.ഒ. മാരുടെയും ജാഗ്രതാ സമിതി അംഗങ്ങളുടെയും സംസ്ഥാന സമ്മേളനത്തിൽ ഏറ്റവും നന്നായി പ്രവർത്തിക്കുന്ന രൂപതാ പി.ആർ.ഒ. ഓഫീസ് നമ്മുടെതാണെന്ന് വിലയിരുത്തപ്പെടുകയുണ്ടായി. ജാഗ്രതാ സമിതികളുടെ കാര്യത്തിൽ ഒന്നാം സ്ഥാനം തലശ്ശേരി അതിരൂപതയാണ് കരസ്ഥമാക്കിയിരിക്കുന്നത്.

**ഓഫീസ് സംവിധാനങ്ങൾ**

എല്ലാവിധ ആധുനിക സജ്ജീകരണങ്ങളോടും കൂടിയാണ് നമ്മുടെ ഓഫീസ് പ്രവർത്തിക്കുന്നത്. രൂപതാ വക്താവിനെകൂടാതെ ഒരു മുഴുവൻ സമയ ഓഫീസ് സെക്രട്ടറിയും പ്രവർത്തിക്കുന്നു. കമ്പ്യൂട്ടർ, പ്രിന്റർ, ഇന്റർനെറ്റ്, ഫാക്സ്, റേഡിയോ, റ്റി.വി. തുടങ്ങിയ ഇലക്ട്രോണിക്ക് സംവിധാനങ്ങളും രണ്ട് ഇംഗ്ലീഷ് പത്രമടക്കം 8 ദിന പത്രങ്ങളും ഓഫീസിൽ ലഭ്യമാണ്. പകൽ സമയം മുഴുവൻ റ്റി.വി., റേഡിയോ, ഇന്റർനെറ്റ് സംവിധാനങ്ങളിലൂടെ ലോകസംഭവങ്ങളെ പി. ആർ.ഓഫീസ് നിരീക്ഷിച്ചുകൊണ്ടിരിക്കുന്നതോടൊപ്പം യുക്തമായ പ്രതികരണങ്ങളും സമയാ സമയങ്ങളിൽ നടത്തി വരുന്നു.

**പത്രകുറിപ്പുകൾ**

പി.ആർ. ഓഫീസിൽ നിന്നും പുറപ്പെടുവിക്കുന്ന ഔദ്യോഗിക പത്രക്കുറിപ്പുകൾ അന്നേദിവസം തന്നെ രൂപതാ വെബ്സൈറ്റിൽ അപ്‌ലോഡ് ചെയ്യുന്നുണ്ട്. കൂടാതെ ഈമെയിൽ അഡ്രസ്സുള്ള രൂപതയിൽ ജോലി ചെയ്യുന്ന എല്ലാ വൈദീകർക്കും അയച്ചു കൊടുക്കുകയും ചെയ്യുന്നു. ഇത് ലഭിക്കാത്തവർ ഈമെയിൽ അഡ്രസ് prodiocese@gmail.com എന്ന വിലാസത്തിൽ അയച്ചുതന്നാൽ ഈ സേവനം ലഭ്യമാക്കുന്നതാണ്.

**അടിയന്തിര സന്ദേശങ്ങൾ**

SMS വഴി അടിയന്തര സന്ദേശങ്ങൾ വൈദികർക്കും സന്യസ്തർക്കും അയച്ചുവരുന്നു. വളരെ കുറച്ചു കോൺവെന്റുകളിലേയും സന്യാസ ഭവനങ്ങളിലെയും മൊബൈൽ നമ്പർ മാത്രമാണ് ഓഫീസിൽ ലഭ്യമായിട്ടുള്ളത്. SMS ലഭിക്കാൻ താല്പര്യമുള്ള സന്യസ്തർ തങ്ങളുടെ മൊബൈൽ നമ്പർ ഈ ഓഫീസിൽ ഏൽപിച്ചാൽ സന്ദേശങ്ങൾ അയക്കുന്നതാണ്. മൊബൈൽ നമ്പറിൽ വരുന്ന മാറ്റങ്ങൾ യഥാസമയം PRO Office ൽ അറിയിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

**ജാഗ്രത അനിവാര്യം**

സമകാലിക സമൂഹത്തിൽ നിതാന്തജാഗ്രത പുലർത്തേണ്ടത് നിലനിൽപ്പിന്റെ തന്നെ പ്രശ്നമായി മാറികൊണ്ടിരിക്കുന്നു. കേവലം ഒരു ഓഫീസ് മാത്രം ചെയ്യേണ്ട കാര്യമല്ലിത്. നിങ്ങളുടെ ശ്രദ്ധയിൽപെടുന്ന അടിയന്തര പ്രാധാന്യമുള്ള വിഷയങ്ങൾ സമയാസമയങ്ങളിൽ പി.ആർ.ഒ. യെ അറിയിച്ചുകൊണ്ട് എല്ലാവരും സഹകരിക്കണമെന്ന് അപേക്ഷിക്കുന്നു.

**സി. ദീപ്തി ജോസ് എസ്.എച്ച്.**
ഓഫീസ് സെക്രട്ടറി

# മീഡിയാ കമ്മീഷൻ

## കമ്മീഷന്റെ രൂപീകരണം

2009 ഓഗസ്റ്റ് 17 നാണ് മാനന്തവാടി രൂപതയിൽ മീഡിയാ കമ്മീഷൻ രൂപീകൃതമായത്. കമ്മീഷനിൽ താഴെ പറയുന്നവരാണ് അംഗങ്ങൾ: മോൺ. ജോർജ് മൂലയിൽ, റവ. ഫാ.തോമസ് ജോസഫ് തേരകം (ചെയർമാൻ), റവ. ഫാ. ജെയ്സ് ബേബി ചെട്ടിയാശ്ശേരി (വൈസ് ചെയർമാൻ), റവ. ഫാ. സോമി വടയാപറമ്പിൽ, ശ്രീ. ജോസഫ് പള്ളത്ത് ഏച്ചോം. കമ്മീഷന്റെ പ്രഥമ യോഗം ഈ വർഷം ഏപ്രിൽ 17-ന് ബിഷപ്സ് ഹൗസിൽ ചേർന്നു.

## പ്രധാന തീരുമാനങ്ങൾ

1. മീഡിയാ കമ്മീഷന് വേണ്ടി ഹ്രസ്വകാലത്തേക്കും ദീർഘകാലത്തേക്കും പദ്ധതികൾ ഉണ്ടാക്കണം.
2. കേരളത്തിലെ ഇതര രൂപതകളിലെ മാധ്യമ പ്രവർത്തനങ്ങളെക്കുറിച്ചു പഠിക്കുന്നതിനായി സോമിയച്ചനെയും, ജെയ്സ് അച്ചനെയും ചുമതലപ്പെടുത്തി. 2010 ആഗസ്റ്റ് 15 ന് മുമ്പ് പഠനം പൂർത്തിയാക്കാനും, പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ രൂപതയിലെ വിവിധ സംഘടനാ പ്രതിനിധികളെ വിളിച്ചു ചേർത്ത് മീഡിയാ കമ്മീഷന്റെ നേതൃത്വത്തിൽ അടുത്ത പത്തു വർഷത്തിനുള്ളിൽ നടപ്പാക്കേണ്ട പദ്ധതികളെകുറിച്ച് ചർച്ചനടത്തി വിശദമായ ഒരു പദ്ധതി രേഖ തയ്യാറാക്കി, പാസ്റ്ററൽ കൗൺസിലിലും, വൈദിക സമ്മേളനത്തിലും ചർച്ച ചെയ്ത് ഹ്രസ്വകാല / ദീർഘകാല പദ്ധതികൾക്ക് അന്തിമ രൂപം നൽകാനും തീരുമാനിച്ചു.
3. കമ്മീഷന്റെ പ്രവർത്തനങ്ങൾക്കായി ദ്വാരകയിലെ നിർമ്മലാ ഷോപ്പിംഗ് സെന്ററിൽ റേഡിയോ മാറ്റൊലിയോട് ചേർന്നുള്ള രണ്ടു മുറികൾ രൂപതാ കേന്ദ്രത്തിൽനിന്നും ലഭ്യമാക്കിയിട്ടുണ്ട്. റൂമിൽ വേണ്ട സജ്ജീകരണങ്ങൾ ലഭ്യമാക്കുന്ന മുറയ്ക്ക് പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുക.

## മാധ്യമ ഞായർ പിരിവ്

എല്ലാ വർഷവും നവംബർ മാസത്തിലാണ് മീഡിയാ സൺഡേ ഭാരത സഭയിൽ ആചരിക്കുന്നത്. അന്നേ ദിവസം ഇടവകകളിൽ പ്രത്യേക പിരിവുകളെടുക്കുകയും കെ.സി.ബി.സി. മീഡിയാ കമ്മീഷനിൽ തുക അടക്കുകയും ചെയ്തു വരുന്നുണ്ട്. ഇക്കഴിഞ്ഞ മീഡിയാ സൺഡേയിൽ ലഭിച്ച പിരിവ് 71,473 രൂപയാണ്. 112 ഇടവകകളാണ് തുക രൂപതയിൽ ഏൽപിച്ചത്. 4,500 രൂപ മാധ്യമ ഞായർ പിരിവായി അടച്ച് കത്തീഡ്രൽ ഇടവക ഒന്നാം സ്ഥാനത്ത് എത്തിയപ്പോൾ 4,000 രൂപ സംഭാവനയായി നൽകി സെന്റ് കാതറൈൻസ് പയ്യമ്പള്ളി രണ്ടാം സ്ഥാനത്തു വന്നു. ഈ സാമ്പത്തിക വർഷത്തെ പ്രവർത്തനങ്ങൾക്കായി രൂപതാ കേന്ദ്രം 98,000 രൂപയുടെ ബഡ്ജറ്റ് പാസ്സാക്കിയിട്ടുണ്ട്. 2010 ലെ മാധ്യമ ഞായർ രൂപതയിൽ സമുചിതമായി ആഘോഷിക്കാൻ മീഡിയാ കമ്മീഷൻ ആലോചിച്ചുവരുന്നു.

**സി. ദീപ്തി ജോസ് എസ്.എച്ച്**
ഓഫീസ് സെക്രട്ടറി



# അറിയിപ്പുകൾ

## 1) വിദ്യാഭ്യാസ സ്കോളർഷിപ്പിന് അപേക്ഷ ക്ഷണിക്കുന്നു (കുവൈറ്റ് മലയാളി കാത്തലിക് അസോസിയേഷൻ)

കെ.എം.സി.എ. സിൽവർ ജൂബിലി ട്രസ്റ്റിന്റെ സ്കോളർഷിപ്പ് പദ്ധതി 12-ാം വർഷത്തിലേക്ക് കടന്നതായി അറിയിക്കുന്നതിൽ സന്തോഷമുണ്ട്. ഈ വർഷവും സമർത്ഥരും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരുമായ കത്തോലിക്കാ സമുദായത്തിൽപ്പെട്ട 200 വിദ്യാർത്ഥികൾക്ക് 4000 രൂപാ വീതം വിദ്യാഭ്യാസ സ്കോളർഷിപ്പ് നൽകുന്നതാണ്. അപേക്ഷകർ 2010 മാർച്ചിലെ 10-ാം സ്റ്റാൻഡേർഡ് പരീക്ഷയിൽ താഴെപ്പറയുന്ന പ്രകാരം കണക്ക് കൂട്ടുമ്പോൾ കുറഞ്ഞത് 87% മാർക്ക് ഉള്ളവർ ആയിരിക്കണം. (A+ = 90 Marks, A = 80 Marks, B+ = 70 Marks, B = 60 Marks, C+ = 50 Marks, C = 40 Marks) എന്ന പ്രകാരം കണക്കാക്കേണ്ടതാണ്.

അപേക്ഷകർ പേര്, പിൻകോഡോടുകൂടിയ അഡ്രസ്സ്, ടെലിഫോൺ നമ്പർ, രക്ഷാകർത്താവിന്റേ പേര് / ജോലി, പഠിക്കുന്ന കോഴ്സ്, ഇടവക, രൂപത, ആകെ കിട്ടിയ മാർക്ക് (നിർബന്ധമായും മേൽപ്പറഞ്ഞ രീതിയിൽ കണക്കാക്കിയത്) എന്നീ വിവരങ്ങൾ വെള്ളക്കടലാസിൽ എഴുതി സാമ്പത്തിക സ്ഥിതിയെപ്പറ്റി ഇടവക വികാരിയുടെ സാക്ഷ്യപത്രവും 10-ാം ക്ലാസ് പരീക്ഷയുടെ മാർക്ക് ലിസ്റ്റിന്റെ ഫോട്ടോകോപ്പിയും ചേർത്ത് താഴെ കൊടുത്തിരിക്കുന്ന വിലാസത്തിൽ 2010 നവംബർ 20-ാം തീയതിക്കകം സാധാരണ തപാലിൽ അയയ്ക്കേണ്ടതാണ്.

*അയയ്ക്കേണ്ട വിലാസം:*

K.T. Thomas Karippaparampil
D.T. Road, Kanjirappally - 686 507
Ph: 04828 - 203724, Mob: 9847151658
Email: thomkarippa@gmail.com

## 2) സുറിയാനി ഡിപ്ലോമ കോഴ്സ്

സുറിയാനിഭാഷയെ ലളിതമായി പരിചയപ്പെടുത്തുന്ന ഒരു ഡിപ്ലോമാ കോഴ്സ് വടവാതൂർ സെന്റ് തോമസ് അപ്പസ്തോലിക് സെമിനാരിയോട് അനുബന്ധിച്ചുള്ള പൗരസ്ത്യവിദ്യാപീഠം സംഘടിപ്പിക്കുന്നു. വിദൂരപഠനശൈലിയിലാണ് രണ്ടുവർഷം ദീർഘിക്കുന്ന ഈ കോഴ്സ് വിഭാവനം ചെയ്തിട്ടുള്ളത്. കോഴ്സിൽ പങ്കെടുക്കുന്നവർക്കുവേണ്ടി തനിയെ പഠിക്കാൻ സഹായിക്കുന്ന പാഠപുസ്തകങ്ങൾ പ്രത്യേകം തയ്യാറാക്കിയിട്ടുണ്ട്. വിവിധ കേന്ദ്രങ്ങളിൽ വച്ച് മാസത്തിലൊരിക്കൽ കോൺടാക്റ്റ് ക്ലാസുകൾ നടത്തുന്നു. ഓരോരുത്തർക്കും സൗകര്യപ്രദമായ കേന്ദ്രം തിരഞ്ഞെടുക്കാവുന്നതാണ്. പ്ശീത്താ ബൈബിളും സീറോമലബാർ സഭയുടെ ആരാധനക്രമവും ദൈവശാസ്ത്രവും മൂലഭാഷയിൽത്തന്നെ പഠിക്കുവാൻ ഈ കോഴ്സ് ഏറെ സഹായിക്കും.

വൈദികർ, വൈദികവിദ്യാർത്ഥികൾ, സന്ന്യസ്തർ, അല്മായർ എന്നിവരെ ഉദ്ദേശിച്ചുള്ളതാണ് ഈ കോഴ്സ്. ഡിപ്ലോമാ കോഴ്സിൽ ചേരുന്നതിനുള്ള അടിസ്ഥാന യോഗ്യത ഏതെങ്കിലും അംഗീകൃത യൂണിവേഴ്സിറ്റിയുടെ ബിരുദമാണ്. ഈ ഡിപ്ലോമാ കോഴ്സ് വിജയകരമായി പൂർത്തിയാക്കുന്നവർക്ക് പൗരസ്ത്യവിദ്യാപീഠം പോസ്റ്റ് ഗ്രാജ്വേറ്റ് ഡിപ്ലോമ നൽകുന്നതാണ്. ഈ ഡിപ്ലോമാ കോഴ്സിനെ ഇന്ദിരാഗാന്ധി നാഷണൽ ഓപ്പൺ യൂണിവേഴ്സിറ്റി (IGNOU) യോടു അഫീലിയേറ്റു ചെയ്യുന്നകാര്യം സജീവ പരിഗണനയിലുണ്ട്.

കോഴ്സിന്റെ ഔപചാരിക ഉദ്ഘാടനം 2010 ആഗസ്റ്റ് 15 ഞായറാഴ്ച ഉച്ചകഴിഞ്ഞ് വടവാതൂർ പൗരസ്ത്യവിദ്യാപീഠത്തിൽ വച്ച് പ്രസിഡണ്ട് റവ. ഡോ. മാത്യു മണക്കാട്ട് നിർവ്വഹിക്കുന്നതാണ്. കോഴ്സിൽ പങ്കുചേരാനാഗ്രഹിക്കുന്നവർ താഴെക്കാണുന്ന വിലാസത്തിൽ ബന്ധപ്പെടുക:

ഡോ. പോളി മണിയാട്ട്
കോ-ഓഡിനേറ്റർ, സുറിയാനി ഡിപ്ലോമാ കോഴ്സ്
പൗരസ്ത്യവിദ്യാപീഠം
വടവാതൂർ, കോട്ടയം 686 010
ഫോൺ: 9447959808
Email:pmaniyattu@yahoo.co.in



ജ്യീഴ്യമററല

## Pastoral Centre, Dwaraka

### *September - 2010*

| | | |
|---|---|---|
| *03 Fri* | - | *Zion CRC : Night Vigil* |
| *04 Sat* | - | *Zion CRC : Prayer Day,* |
| | | *Christeen Prayer Day, CML Executive* |
| *05 Sun 08 Wed* | - | *Marriage Preparation Course* |
| *07 Tue* | - | *CMA Executive* |
| *10 Fri* | - | *Teachers' Convention* |
| *11 Sat* | - | *Pastoral Council,* |
| | | *Jesus Youth Prayer Day* |
| *12 Sun 17 Fri* | - | *Priests' Retreat I$^{st}$ Batch* |
| *19 Sun 24 Fri* | - | *Priests' Retreat II$^{nd}$ Batch* |
| *26 Sun* | - | *KCYM Syndicate* |
| *27 Mon 30 Thu* | - | *Marriage Preparation Course* |
| *28 Tue* | - | *Marian Singles* |

**Rev. Fr. Mathew Kazhuthadiyil**
Director, Pastoral Centre



# *Bishop's Programme*

## *2010 September*

| | | |
|---|---|---|
| *1 Wed* | *.............* | *Kunnoth Seminary Commission Meeting* |
| *2 Thu* | *Morning* | *Chungakkunnu: 25th Death Anniversary of Fr. Joseph Mazhuvancherry* |
| | *Evening* | *Norbert House : Requiem Mass for Rev. Fr. Mathew Kattady* |
| *3 Fri* | *..............* | *Out of Station* |
| *4 Sat* | *Morning* | *Chooralmala : Ordination of Dn. Manoj Ethurvelil PSDP* |
| | *Afternoon* | *Martin Nagar : Laying of Foundation Stone of Church* |
| *5 Sun* | *..............* | *Bhoodanam : Pastoral Visit* |
| *6 Mon* | *..............* | *Thariode, Class for Teachers* |
| *7 Tue 9 Thu* | *.....* | *Ernakulam* |
| *10 Fri* | *...............* | *Out of Station* |
| *11 Sat* | *................* | *Pastoral Council* |
| *12 Sun* | *...............* | *Muthireri : Pastoral Visit* |
| *13 Mon 17 Fri* | *...* | *Priests' Retreat : 1st Batch* |
| *17 Fri 19 Sun* | *....* | *Bangalore : NBCLC General Body Meeting* |

| | |
|---|---|
| *20 Mon 24 Fri ...* | *Priests' Retreat : 2nd Batch* |
| *25 Sat ................* | *Corporate Education Agency* |
| *26 Sun ................* | *Thonichal : Pastoral Visit* |
| *27 Mon 30 Thu ..* | *Out of Station* |

## *2010 October*

| | |
|---|---|
| *1 Fri 5 Tue .....* | *Out of Station* |
| *6 Wed ............* | *Visitors' Day* |
| *7 Thu .............* | *Mananthavady Town Church : Vestition of SD Novices* |
| *8 Fri 11 Mon ...* | *Ernakulam* |
| *12 Tue ...............* | *Ottaplavu : Blessing of Presbytery* |
| *13 Wed ............* | *Parents Meet of Deacons* |
| *15 Fri ................* | *Out of Station* |
| *16 Sat 18 Mon ...* | *Engaged* |
| *20 Wed .............* | *Visitors' Day* |
| *21 Thu 22 Fri ...* | *Out of Station* |
| *24 Sun ..............* | *Panthipoyil : Pastoral Visit* |
| *25 Mon 28 Thu ..* | *Trivandram* |
| *29 Fri ................* | *Out of Station* |
| *30 Sat ...............* | *Chennalode : Blessing of Sunday School* |
| *31 Sun ..............* | *Jude's Mount : Pastoral Visit* |